SINCE 1976

# ഐക്യദീപം

വില ₹10 2020 ഏപ്രിൽ



## ഏവർക്കും ഈസ്റ്റർ ആശംസകൾ

PUSHPAGIRI
HOSPITAL

YEARS OF SERVICE
WE CARE... GOD CURES...



# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

Under Christian Medical Association of India (CMAI)

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)


PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in  care@pushpagiri.in  +91 944 77 647 22
Tiruvalla



2020 ഏപ്രിൽ
പുസ്തകം 52 ലക്കം 07

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

# ഐക്യദീപം

## ഉള്ളടക്കം

**ഇടയശബ്ദം** — 6
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്

**പെസഹാ രഹസ്യങ്ങൾ മനുഷ്യരക്ഷയുടെ സുവർണ്ണ സ്രോതസുകൾ** — 8
ഫാ. മാത്യു ആലുംമൂട്ടിൽ

**സ്നേഹം പാതാളത്തെക്കാൾ ശക്തം** — 14
ഫാ. ഡോ. ജോളി കരിമ്പിൽ

**നിയമം അനുസരിക്കാനുള്ളതാണ്** — 18
മോൺ. ചെറിയാൻ താഴമൺ

**My Mission Experiences in Haiti** — 20
Dr. Sindhu S Nadarajan

**അവധിക്കാലം എങ്ങനെ ചിലവഴിക്കാം** — 28
ശ്രീ. ലൈജു കോശി കൊട്ടുവിരുത്തിൽ

**ഭാഗ്യസ്മരണാർഹനായ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലിത്താ** — 31
റവ. ഫാ. കോശി മണ്ണിൽ

**വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ള വിശുദ്ധ പദവിയിലേക്ക്** — 34

**ശ്വാസകോശരോഗങ്ങളും ഹോമിയോ ചികിൽസയും** — 36
സി. ഡോ. ഐറിൻ എസ്.ഐ.സി.

**പ്രബോധനം – ഏപ്രിൽ** — 41

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

എഡിറ്റോറിയൽ

# ശൂന്യമായ കല്ലറയും പുനരുത്ഥാനമെന്ന യാഥാർത്ഥ്യവും



ഫാ. ഡോ. ഐസക് പറപ്പള്ളിൽ

കല്ലറകൾ നമുക്ക് ഏറ്റം പരിപാവനവും പ്രിയപ്പെട്ടതുമായ പുണ്യസ്ഥലമാണ്. നമ്മെ സ്നേഹിച്ച, കരുതിയ, വളർത്തിയ പ്രിയപ്പെട്ടവർ അന്ത്യവിശ്രമം കൊള്ളുന്ന ഇടങ്ങൾ നമുക്ക് വൈകാരികമായ ചിന്തകളും അനുഭവങ്ങളും ഉണർത്തുന്ന സ്ഥലമാണ്. ഓരോ കല്ലറയുടെയും മുകളിൽ എഴുതി വച്ചിട്ടുണ്ടാകും – അവിടെ ആര് കിടക്കുന്നു, എന്ന് ജനിച്ചു, എന്ന് മരിച്ചു എന്നത്. ഓരോ കല്ലറയ്ക്കും ഓരോ കഥ പറയാനുണ്ടാകും..... ആ വ്യക്തിയെക്കുറിച്ചും, ആ വ്യക്തിയുടെ ജീവിതത്തെക്കുറിച്ചും. 1990 ജനുവരി 19–ന് മരിച്ച ആചാര്യ രജനീഷ് ചന്ദ്രമോഹൻ ജെയിൻ എന്ന ഓഷോയുടെ കബറിടത്തിൽ ഇങ്ങനെയാണ് എഴുതി വച്ചിരിക്കുന്നത് – Osho, never born, never died. Only visited this planet Earth between December 11, 1931 - January 19, 1990. (ഓഷോ, ജനിച്ചിട്ടില്ല, മരിച്ചിട്ടില്ല. 1931 ഡിസംബർ 11 മുതൽ 1990 ജനുവരി 19 വരെ ഈ ഭൂമി സന്ദർശിച്ചവൻ മാത്രം). എന്നാൽ, ഈ ഭൂമിയിലേക്ക് മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിനെ അടക്കിയ കല്ലറ തുറന്ന് കിടക്കുന്നതു കണ്ട് കാവൽക്കാർ അവിടെ വന്നവരോട് പറഞ്ഞു, 'അവൻ ഇവിടെ ഇല്ല' എന്ന്. ഒരു മരണത്തിനും, കല്ലറയ്ക്കും അടക്കി ഒതുക്കി വയ്ക്കാൻ കഴിയാത്തവൻ – ചരിത്രത്തിൽ ദൈവപുത്രനായ യേശുവിനു മാത്രമെ അതിനു സാധിച്ചിട്ടുള്ളൂ. മനുഷ്യചരിത്രത്തിൽ അതിനുമുമ്പോ പിമ്പോ ആരും സ്വയമേ ഉയിർത്തെഴുന്നേറ്റിട്ടില്ല. യേശുവിന്റെ മനുഷ്യാവതാരം യേശു പൂർണ്ണ മനുഷ്യനാണെന്നും, അവിടുത്തെ ജീവിതവും മരണവും, ഒഴിഞ്ഞ കല്ലറയും, ഉത്ഥാനവുമെല്ലാം യേശു പൂർണ്ണ ദൈവവുമാണെന്നും വെളിപ്പെടുത്തുന്നു. അങ്ങനെ പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായി ഈ ലോകത്തിൽ ജനിച്ച്, ജീവിച്ച്, മരിച്ച് ഉത്ഥാനം ചെയ്തത് യേശു മാത്രം. അങ്ങനെ, തന്റെ മനുഷ്യാവതാരത്തിലൂടെയും, പീഡാനുഭവത്തിലൂടെയും, ക്രൂശുമരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും യേശു നമുക്ക് രക്ഷ നേടിത്തന്നു.

കർത്താവിന്റെ ശിഷ്യന്മാരേക്കാൾ അവിടുത്തെ ശത്രുക്കളാണ് യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിച്ചത്. യേശുവിന്റെ മരണത്തോടെ എല്ലാം അവസാനിച്ചുവെന്ന് കരുതി ശിഷ്യന്മാർ നിരാശരായപ്പോൾ, അവന്റെ ശത്രുക്കൾ ജാഗ്രത ആരംഭിച്ചു. യേശു മുൻകൂട്ടി പറഞ്ഞത് സംഭവിച്ചേക്കുമോ എന്ന സംശയവും ഭയവുംമൂലം കല്ലറയ്ക്ക് കാവൽ ഏർപ്പെടുത്താൻ പ്രധാനപുരോഹിതരും ഫരിസേയരും പീലാത്തോസിനോട് പറഞ്ഞു: "യജമാനനേ, മൂന്നു ദിവസം കഴിഞ്ഞ് അവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന്, ആ വഞ്ചകൻ ജീവിച്ചിരുന്നപ്പോൾ പറഞ്ഞത് ഇപ്പോൾ ഞങ്ങൾ ഓർമ്മിക്കുന്നു" (മത്താ. 27:62–66). ശിഷ്യന്മാർപോലും ഓർമ്മിക്കാത്തത് ശത്രുക്കൾ ഓർത്തെടുത്തു. അതിനാൽ അവർ പറഞ്ഞു 'ശവകുടീരത്തിന് കാവൽ ഏർപ്പെടുത്താൻ ആജ്ഞാപിക്കുക. അല്ലെങ്കിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിക്കുകയും, അവൻ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തുവെന്ന് ജനങ്ങളോട് പറയുകയും ചെയ്തുവെന്ന് വരും'. ജീർണിച്ചു തുടങ്ങിയേക്കാവുന്ന ഒരു യഹൂദന്റെ ശരീരത്തിന് കാവൽ നില്ക്കുകയോ? പീലാത്തോസിന്റെ മനസ്സ് മന്ത്രിച്ചു. അയാൾ പറഞ്ഞു: നിങ്ങൾക്ക് കാവൽസേന ഉണ്ടല്ലോ. നിങ്ങൾതന്നെ കാവൽ നിന്നാൽ മതി. നിങ്ങളുടെ കഴിവുപോലെ കാത്തുകൊള്ളുക. അവർ പോയി കല്ലിൽ മുദ്ര വച്ച് കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി. തുടർന്ന് യഹൂദപടയാളികൾ യേശുവിന്റെ കബറിന് കാവൽ നിന്നുവെങ്കിലും ആ കബറിൽനിന്ന് യേശു ഉയിർത്തെഴുന്നേറ്റു. അങ്ങനെ കർത്താവിന്റെ ഉത്ഥാനത്തിന്റെ സർട്ടിഫിക്കറ്റിന് ഒപ്പുവയ്ക്കുവാൻ ആദ്യം ദൈവം നിയോഗിച്ചത് യേശുവിന്റെ ശത്രുക്കളെ തന്നെയാണ്. യേശു ഉയിർത്തെഴുന്നേറ്റുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ കാവൽക്കാർ പ്രധാനപുരോഹിതരെ അക്കാര്യം അറിയിച്ചപ്പോൾ അവർ പടയാളികൾക്ക് വേണ്ടത്ര പണം കൊടുത്തിട്ട് പറഞ്ഞു, "ഞങ്ങൾ ഉറങ്ങിയപ്പോൾ, രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്ന് പറയുവിൻ. അവർ പണം വാങ്ങി നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചു. അത് ഇന്നും യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നു" (മത്താ. 28:11–15). യേശുവിന്റെ ഉത്ഥാനം യാഥാർത്ഥ്യമാണെന്ന് അറിഞ്ഞിട്ടും വ്യാജം പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുന്നവർ – യേശുവിന്റെ ശരീരം, 'ഞങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ ശിഷ്യന്മാർ മോഷ്ടിച്ചതാണെന്ന് നിങ്ങൾ കള്ളം പറയണം' (മത്താ. 28:13). വി. അഗസ്തീനോസ് ഈ വ്യാജപ്രസ്താവനയെ ഖണ്ഡിക്കുന്നത് രണ്ട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാണ്. 1. നിങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ, അവർ കൊണ്ടുപോകുന്നത് നിങ്ങൾ എങ്ങനെയാണ് കണ്ടത്?

2. നിങ്ങൾ കണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾ തടഞ്ഞില്ല? കാവൽഭടന്മാർ ആയുധധാരികളും ശക്തരുമായിരുന്നിട്ടും, ആയുധമില്ലാത്ത, ഒട്ടും ശക്തരല്ലാത്ത, വെറും മുക്കുവരായ ശിഷ്യന്മാർ എടുത്തു കൊണ്ടുപോയപ്പോൾ നിങ്ങൾക്ക് തടയാമായിരുന്നില്ലേ?

സഹനത്തിനും, കണ്ണുനീരിനും, മരണത്തിനുമപ്പുറം പ്രത്യാശയുടെ മഴവില്ല് വിരിയിക്കുന്നതാണ് ഉത്ഥാനം. കല്ലറയ്ക്കു മുമ്പിൽ കരഞ്ഞുകൊണ്ടിരുന്ന മറിയത്തോട് ഉത്ഥിതൻ ചോദിക്കുന്നു – 'നീ എന്തിനാണ് കരയുന്നത്'? (യോഹ. 20:11–12). അവൾ ഉത്ഥിതനെ തിരിച്ചറിയാതെ പറയുന്നു, 'അവർ അവനെ എടുത്തുകൊണ്ടുപോയി, എവിടെയാണ് വച്ചതെന്ന് എനിക്ക് അറിയില്ല'. എന്നാൽ അവളുടെ കണ്ണീരിന്റെ മുമ്പിൽ ഉത്ഥിതൻ സന്തോഷത്തിന്റെ കിരണം ചൊരിഞ്ഞു. അതാണ് ഉത്ഥാനത്തിന്റെ ഫലം. ഭൂസ്വർഗ്ഗങ്ങൾക്ക് സന്തോഷം നല്കുന്നതാണ് ഉത്ഥാനം. "ഉത്ഥാനത്താൽ സന്തോഷം, ഭൂസ്വർഗ്ഗങ്ങൾക്കേകിയോനെ, മോദം നല്കി......." (ഉത്ഥാനപ്പെരുന്നാളിന്റെ ശുശ്രൂഷയിലെ ഗാനം). ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും പ്രത്യാശയുടെയും സുദിനമാണ് ഉത്ഥാനം. അവന്റെ വിശ്വാസത്തിന്റെ കേന്ദ്രവും അടിസ്ഥാനവുമാണ് യേശുവിന്റെ ഉത്ഥാനം. നമ്മുടെ കർത്താവ് ശക്തനാണെന്ന് വിശ്വസിക്കുന്നവന്റെ മുമ്പിൽ, അവനിൽ പ്രത്യാശ വയ്ക്കുന്നവന്റെ മുമ്പിൽ കർത്താവ് ഉയിർക്കും. കർത്താവിന്റെ ഉത്ഥാനം അനുദിന ജീവിതത്തിലെ ദുരിതങ്ങളിൽ എനിക്ക് പ്രത്യാശ നല്കുന്നു, ക്ലേശങ്ങൾ ഏറ്റെടുക്കാൻ എന്നെ സഹായിക്കുന്നു, വേദനകളിൽ എന്നെ ശക്തിപ്പെടുത്തുന്നു. ക്രൈസ്തവ ജീവിതത്തിന്റെ മൂലക്കല്ലാണ് യേശുവിന്റെ ഉത്ഥാനം. അതാണ് പൗലോസ് അപ്പസ്തോലൻ പറയുക, "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോരി. 15:14).

ഉത്ഥാനം നമുക്ക് ഒരു ധ്യാനമാണ്, ധ്യാനവിഷയമാണ്. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും ദുരിതങ്ങൾക്കും ക്ലേശങ്ങൾക്കും ഒരു പരിഹാരമുണ്ട്, അവസാനമുണ്ട് – അതാണ് ഈസ്റ്ററിന്റെ സുവിശേഷം. മാനവരാശിക്കു മുഴുവൻ ഉയിർപ്പുണ്ടെന്ന സുവിശേഷമാണ് ഈസ്റ്റർ. അവസാനിക്കാത്ത പ്രത്യാശയുടെയും പ്രതീക്ഷയുടെയും പേരാണ് ഈസ്റ്റർ. ഓരോ മനുഷ്യന്റെയും സ്നേഹത്തിൽനിന്നു സംഭവിക്കുന്നതാണ് ഈസ്റ്റർ. ലാസർ യേശുവിന്റെ സ്നേഹത്തിൽനിന്നാണ് ഉയിർപ്പിക്കപ്പെട്ടത്. 'പുറത്തു വാ' എന്ന സ്നേഹത്തോടെയുള്ള യേശുവിന്റെ വിളിയിൽ സംഭവിച്ച അത്ഭുതമാണ് ലാസറിന്റെ ഉയിർപ്പിക്കൽ. ഉയിർപ്പ് വിമോചന സ്വഭാവമുള്ള വാക്കാണ്. കാലാകാലങ്ങളായി മനുഷ്യൻ കുരുങ്ങിക്കിടക്കുന്ന ഇടങ്ങളിൽനിന്നും തടവറകളിൽനിന്നും അവന് മോചനം സംഭവിക്കുന്നതാണ്, അതിൽനിന്ന് പുറത്തു വരുന്നതാണ് അവന്റെ ജീവിതത്തിലെ ഈസ്റ്റർ. പലരുടെയും ജീവിതത്തിൽ **'U Turn'** എടുക്കുന്നതാണ് അവരുടെ ജീവിതത്തിലെ ഉയിർപ്പ്. കല്ലറയിൽ ബന്ധിതമായിരിക്കുന്നതുപോലെ, ആവശ്യമില്ലാത്ത കാര്യങ്ങളിൽനിന്നും സാഹചര്യങ്ങളിൽനിന്നും പുറത്തുവരുന്നതാണ് ഉയിർപ്പ്. ഒഴിഞ്ഞ കല്ലറ നമുക്ക് ഒരു പാഠമാണ്, ഓർമ്മപ്പെടുത്തലാണ്. ദുശ്ശീലങ്ങളിൽനിന്ന് നാം ഉയിർക്കണം, തെറ്റായ ജീവിതസാഹചര്യങ്ങളിൽനിന്നും പാപബന്ധനങ്ങളിൽനിന്നും നാം ഉയിർക്കണം. എന്നിട്ട് ഉയിർത്ത മനുഷ്യരെന്ന രീതിയിൽ ജീവിക്കണം. ഉത്ഥാനം നല്കുന്ന സന്തോഷത്തിൽ ജീവിക്കണം. അതിന്, നമ്മെ ബന്ധിച്ചിരിക്കുന്ന, നമ്മുടെ ജീവിതമാകുന്ന കല്ലറയുടെ മൂടിക്കല്ലു മാറ്റണം – അത് നാംതന്നെ മാറ്റണം. നമുക്ക് മാറ്റാൻ കഴിയാത്ത മൂടിക്കല്ലിനെ ദൈവത്തിന് മാറ്റാൻ കഴിയുമെന്ന് വിശ്വസിക്കണം, ബോധ്യപ്പെടണം. അതാണ് ജീവിതം, അതാണ് ജീവിതത്തിന്റെ ഉദ്ദേശം. ജീവിതത്തിന്റെ ഉദ്ദേശം തിരിച്ചറിയുന്നതും പ്രാവർത്തികമാക്കുന്നതുമാണ് യഥാർത്ഥ ഈസ്റ്റർ.

ശൂന്യമായ കല്ലറയ്ക്ക് ഒരു പുനരുത്ഥാനത്തിന്റെ കഥ പറയാനുണ്ട്. ശൂന്യമായ കല്ലറ നമുക്കൊരു സന്ദേശവും നല്കും – അത് ശ്രവിക്കാൻ നാം ശാന്തമായി അവിടെ നില്ക്കണം. ശൂന്യമായ കല്ലറയുടെ മുമ്പിലാണ് ഉത്ഥിതനെ മറിയം തിരിച്ചറിയുന്നത്. ഉത്ഥിതന്റെ ശബ്ദം കേട്ടപ്പോൾ അവൾ തിരിച്ചറിഞ്ഞു. അനുദിന ജീവിതത്തിൽ യേശുവിനെ ഞാൻ തിരിച്ചറിയുന്നതാണ് എന്റെ ഈസ്റ്റർ. ഈ ലോകജീവിതത്തിനും, മരണത്തിനുമപ്പുറം എന്തോ ഉണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നതാണ് ഉത്ഥാനത്തിരുന്നാൾ. കുഴിമാടത്തോടെ അവസാനിക്കുന്നതല്ല ക്രിസ്തീയ ജീവിതമെന്ന് നമ്മെ പഠിപ്പിക്കുന്നതാണ് ഈസ്റ്റർ. 'കരയുന്നവരെ നിങ്ങൾ സന്തോഷിക്കും' എന്ന അഷ്ടസൗഭാഗ്യത്തിന്റെ പൂർത്തീകരണമാണ് ഈസ്റ്റർ. 'അവനെ ക്രൂശിക്കുക' എന്ന ലോകത്തിന്റെ വിധിയെ അസാധുവാക്കിയ ദൈവത്തിന്റെ വിധിയാണ് ഉയിർപ്പ്. ദുഃഖവെള്ളിയുടെ കണ്ണീരിൽ മഴവില്ലു തെളിയുന്ന ദിവസമാണ് ഉയിർപ്പ്. കണ്ണീരിന്റെ മൂടുപടത്താൽ കാഴ്ച നഷ്ടപ്പെട്ടവർക്ക് ദൈവം ഒരുക്കുന്ന സൂര്യോദയമാണ് ഉയിർപ്പ്. ഇലകൊഴിഞ്ഞ മരം പോലെ നിന്റെ ജീവിതം ശൂന്യമാകുമ്പോൾ ഇനിയും ഒരു വസന്തത്തിന് നിന്റെ ജീവിതത്തിൽ സാധ്യതയുണ്ടെന്ന് നിന്നെ ഓർമ്മിപ്പിക്കുന്നതാണ് ഈസ്റ്റർ. നിന്നെ മൂടപ്പെട്ടിരിക്കുന്ന കല്ലറയുടെ പുറത്തേക്ക് നീ വരുമ്പോൾ ഉത്ഥിതനെ തിരിച്ചറിയാൻ നിന്നെ സഹായിക്കുന്നതാണ് ഉയിർപ്പ്. ഈലോക ജീവിതത്തിനപ്പുറത്ത് ഒരു പരലോകമുണ്ടെന്ന് വിശ്വസിക്കാൻ നിന്നെ പ്രാപ്തനാക്കുന്നതാണ് ഉയിർപ്പ്. ഇന്നലെകളിൽ നിനക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു കിട്ടുന്നതാണ് ഉയിർപ്പ്. പരിമിതികളെയും പരാജയങ്ങളെയും അതിജീവിക്കാനുള്ള മനുഷ്യന്റെ ആത്യന്തികമായ സാധ്യതയാണ് ഉയിർപ്പ്. ഒരു പരിമിതിക്കും തന്റെ ജീവിതത്തെ എന്നന്നേക്കുമായി തളർത്താനാവില്ല എന്ന ബോധ്യമാണ് ഉയിർപ്പ്. ഒരുവന്റെ ജീവിതത്തിൽ സമൂലമായ മാറ്റങ്ങൾ സൃഷ്ടിക്കുവാനുള്ള തീരുമാനമാണ് ഉയിർപ്പ്. പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള കരുത്തും, സഹിക്കുവാനുള്ള ശക്തിയും, പീഡനങ്ങളിൽ തളരാതിരിക്കുവാനുള്ള പ്രത്യാശയും നമുക്ക് ലഭിക്കുന്നതാണ് ഉയിർപ്പ്. ജീവിതക്ലേശങ്ങളിലും കൊടുംനിരാശയിലും നട്ടംതിരിയുന്ന മനുഷ്യന് സന്തോഷത്തിന്റെയും പ്രത്യാശയുടെയും അനുഭവമാണ് ഉയിർപ്പ്. പ്രത്യാശയുടെ മഴവില്ല് നിന്റെ ജീവിതത്തിൽ പൊഴിക്കുന്നതാണ് ഉയിർപ്പ്. യേശുവിനോടുകൂടി ഒരു പുതിയ ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തമാക്കുന്നതാണ് ഉയിർപ്പ്. വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യമാണ് ഉയിർപ്പ്. അപ്രകാരമുള്ള അനുഗ്രഹകരമായ ഒരു ഉത്ഥാനത്തിരുന്നാൾ നിങ്ങൾക്കേവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

ലോകം മുഴുവൻ കൊറോണ വൈറസിന്റെ ആക്രമണത്തിലും ഭീതിയിലും തരിച്ചു നില്ക്കുന്നു. ഒരു പരിധിവരെ എല്ലാം നിശ്ചലമാക്കുവാനും ബിസിനസ് ഉൾപ്പെടെയുള്ള സർവ്വതിനെയും കീഴ്മേൽ മറിക്കാനും ഇതിനു കഴിഞ്ഞിരിക്കുന്നു. പകർച്ചപനികളും മറ്റു സാംക്രമിക രോഗങ്ങളും ഇതിനു മുൻപും ലോകത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഇത്രമാത്രം രാജ്യങ്ങളിലേക്കും മനുഷ്യരിലേക്കും പടർന്ന മറ്റൊരു അണുബാധയുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. സാമൂഹിക മാധ്യമങ്ങളിൽ നാം കാണുന്നതിന്റെയെല്ലാം സത്യാവസ്ഥ ഇനിയും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എങ്കിലും ഇത് ഏറെ അപകടകാരിയായ ഒരു അണുബാധയാണെന്നും അതിനെ വേണ്ടവിധം നേരിടണം എന്നതും പ്രധാനപ്പെട്ടതുതന്നെ. നമ്മുടെ ശക്തിയും ആശ്രയവും ദൈവമാണ്. സങ്കീർത്തകൻ പ്രാർത്ഥിച്ചതുപോലെ, ആപത്തൊഴിയുവോളം നിന്റെ ചിറകിൻകീഴിൽ എന്നെ മറച്ചുകൊള്ളണമേ (സങ്കീ 17:8). ആരാധനാപരമായ പല കാര്യങ്ങൾക്കും നിയന്ത്രണം നാം വരുത്തിയിരിക്കുന്നത് വൈറസ്ബാധ നമുക്കുണ്ടാകാതിരിക്കാൻ ഒരു മുൻകരുതലാണ്. അല്ലാതെ പ്രാർത്ഥന ശക്തിയില്ലാത്തതുകൊണ്ടല്ല. ആപത്തുകാലത്ത് ദൈവത്തിലേക്കാണ് നാം തിരിയേണ്ടത്. അവനെയാണ് നാം കൂടുതൽ വിളിക്കേണ്ടത്. പ്രാർത്ഥനയാണ് നമ്മുടെ ആശ്രയവും കോട്ടയും. ആരോഗ്യമേഖലകളിൽ പ്രവൃത്തിക്കുന്നവരുടെ സമർപ്പണവും ത്യാഗവും ഇത്തരുണത്തിൽ നാം കൂടുതലായി മനസ്സിലാക്കി അവരെ എല്ലാത്തരത്തിലും ധൈര്യപ്പെടുത്തേണ്ടതുമുണ്ട്. കേരളജനത പൊതുവെ ഇക്കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധയും കൂട്ടുത്തരവാദിത്വവും സഹകരണവും ഏറെ ശ്ലാഘനീയമാണ്. ഭയപ്പെടുകയല്ല, കാര്യങ്ങളെ പ്രാർത്ഥനയോടെ ദൈവശക്തിയിൽ നേരിടുകയാണ് ഇന്നിന്റെ ആവശ്യം.

പതിവുപോലെ ചെയ്തുപോന്നിരുന്ന പല കാര്യങ്ങളിലും ചില ബോധവൽക്കരണംകൂടി ഇത്തരുണത്തിൽ സംഭവിക്കുന്നുണ്ട് എന്നത് ശുഭോദർക്കമാണ്. നിരത്തിൽ തുപ്പാതിരിക്കാനും, ചുമയ്ക്കുമ്പോൾ തുവാലകൊണ്ട് വായും മൂക്കും അടച്ചു പിടിക്കുവാനും മറ്റുള്ളവരോടുള്ള ആദരവും ആരോഗ്യത്തെക്കുറിച്ചുള്ള താത്പര്യവും പ്രകടിപ്പിച്ച്, കഴിയുന്നതും നമ്മുടെ ശരീരത്തിലെ സ്രവങ്ങൾ പൊതുസ്ഥലത്തു തൊട്ടു തേക്കാതിരിക്കുവാനും സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുന്നതിനും മറ്റുമുള്ള ശ്രദ്ധ വ്യാപകമായി എന്നത് ഒരു നന്മയാണ്. മറ്റുള്ളവരുടെ ആരോഗ്യവും സുരക്ഷിതത്വവും എന്റേയുംകൂടി ഉത്തരവാദിത്വമാണെന്ന് ഓരോരുത്തരും മനസ്സിലാക്കി പ്രവൃത്തിക്കുമ്പോഴാണ് പൗരബോധമുള്ള ജനതയായി നാം തീരുന്നത്. നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന മാലിന്യങ്ങളുടെ ആധിക്യവും, അവയെ വേണ്ട രീതിയിൽ പ്രയോജനകരമായി സംസ്കരിക്കുവാൻ വേണ്ട ശ്രദ്ധ ഇനിയും നമ്മുടെ ഭരണാധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതും ദുഃഖകരമാണ്. വായുവും, ജലവും, ഭക്ഷണവും മലിനവും വിഷാത്മകവുമാകുമ്പോൾ അതിനെ വേണ്ട രീതിയിൽ പരിഹരിക്കുവാൻ അധികാരികൾക്കു സാധിക്കണം. ഈ ദുരന്ത നാളുകളിൽ അസുഖമുള്ളവർ ആശുപത്രിക്കും, രോഗബാധ സംശയിക്കുന്നവർ ഭവനത്തിനും പുറത്തുപോകരുതെന്ന് കർശനമായി നിയന്ത്രണമുണ്ടല്ലോ. എങ്കിലും ചിലരെങ്കിലും അവ അനുസരിക്കാതെ പോകുന്നത് അധികാരികളുടെ ഇഛാശക്തിയില്ലായ്മയും കർശനമായ തീരുമാനങ്ങൾ കൈക്കൊള്ളാത്തതുകൊണ്ടുമാണ് എന്ന് തോന്നുന്നു. അധികാരമുള്ളവർക്കേ നിയമങ്ങൾ നടപ്പാക്കാൻ സാധിക്കൂ. ജനങ്ങൾ നികുതി നല്കുന്നത് സർക്കാർ പൊതുജനങ്ങളുടെ ആരോഗ്യം പോലുള്ള കാര്യങ്ങളിൽ


വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കും എന്ന ചിന്തയിലാണ്. എന്നാൽ തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കാണിക്കുന്ന അനാസ്ഥ അക്ഷന്തവ്യമാണ്. ഇത്രയും പറഞ്ഞത് വലിയ വിപത്തുകൾ അന്തരീക്ഷത്തിൽ പതിയിരിക്കുമ്പോൾ നാം ബുദ്ധിക്കും, ചരിത്രം നൽകുന്ന പാഠങ്ങൾക്കും, മനഃസാക്ഷിക്കും ചേർന്നവിധം ഈ കാര്യങ്ങളിൽ തീരുമാനങ്ങളും വ്യത്യസ്ത ജീവിതശൈലികളും രൂപപ്പെടുത്തണം എന്ന് സൂചിപ്പിക്കുവാനാണ്.

2. കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ദിനങ്ങളിലേക്കു നാം കടന്നുവരുകയാണല്ലോ. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ഓരോ വേദനയും അർത്ഥപൂരിതമാകുന്നതും രക്ഷാകരമാകുന്നതും കർത്താവിന്റെ പീഡാസഹനങ്ങളോട് അവ ചേർത്തു വയ്ക്കുമ്പോഴാണ്. തന്റെ സഹനത്തോടുചേർത്ത് അവ ലോകത്തിന് അനുഗ്രഹത്തിനായിത്തീരുവാൻ കർത്താവ് നമ്മുടെ സഹനങ്ങളെയും സ്വീകരിക്കുന്നു. വി. പൗലോസ് പറയുന്നതുപോലെ 'സഭയാകുന്ന തന്റെ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു' (കൊളോ. 1 : 24). ഈ അരൂപിയിലായിരിക്കണം നാം ഓരോരുത്തരും സഹനങ്ങളെ കാണുവാനും നേരിടുവാനും. കുരിശിലൂടെയാണ് നാം മഹത്വത്തിലേക്ക് പ്രവേശിക്കുന്നത്. ക്രിസ്തുവിന്റെ ഉയിർപ്പാണ് നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ശക്തികേന്ദ്രം (ഫിലിപ്പി 3: 8 – 11).

അനുകരണീയമായ ഒരു ശൈലി എന്നതിലധികം സഹനവും ഉയിർപ്പും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ ആണ്. ഇവ രണ്ടും കൂടുമ്പോഴാണ് രക്ഷ എന്ന അനുഭവം ഉണ്ടാകുന്നത്. കർത്താവേശുമിശിഹായുടെ സഹനം രക്ഷാകരമായത് പിതാവായ ദൈവം കർത്താവിനെ ഉയിർപ്പിച്ചതുകൊണ്ടാണ്. ഇതാണ് യഥാർത്ഥമായ വിശ്വാസവും പ്രത്യാശയും. ദൈവത്തിലുള്ള വിശ്വാസം ഇപ്രകാരം ക്രിയാത്മകമാണ്. നമ്മുടെ ദൈവം ജീവനുള്ള ദൈവമാണ്. നമ്മെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവമാണ്. 'അവനെന്നെ അടിച്ചാലും അവൻ എന്നെ സ്നേഹിക്കുന്നു, ദോഷമായിട്ടൊന്നും എന്നോട് എന്റെ താതൻ ചെയ്കയില്ല'. എന്ന മനോഹരമായ ഗീതം നമുക്കോർക്കാം. ദൈവവിശ്വാസം നാം സങ്കൽപ്പിക്കുന്നതിലും വലുതാണ്. അതിന്റെ ആഴം എത്രയെന്ന് അത് അനുഭവിക്കുന്നവർക്കേ മനസ്സിലാകുകയുള്ളൂ. യേശുകർത്താവ് അതുകൊണ്ടുതന്നെയാണ് പത്രോസിനോടു വാൾ ഉറയിലിടുവാനും, എന്റെ സ്വർഗ്ഗസ്ഥപിതാവ് തീരുമാനിച്ചിരുന്നുവെങ്കിൽ വാനദൂതന്മാരെ അയയ്ക്കുമായിരുന്നെന്നും, നിങ്ങൾ അന്വേഷിക്കുന്നവൻ ഞാൻതന്നെ എന്ന് പറഞ്ഞു സ്വയം ഏൽപ്പിച്ചു കൊടുത്തതും. താൻ തന്റെ പിതാവിലാണെന്നുള്ള ശക്തമായ ബോധവും, കുരിശിൽ കിടക്കുമ്പോഴും പിതാവ് അതിനോടു ചേർന്നു നിൽക്കുന്നു എന്ന വലിയ വിശ്വാസവും യേശുനാഥനുണ്ടായിരുന്നു. ലോകരക്ഷയ്ക്കുവേണ്ടി, മനുഷ്യന്റെ പാപങ്ങൾ ഇല്ലാതാക്കുന്ന രക്തയാഗത്തിൽ കുരിശിൽ കാണുന്നത് പിതാവിനെയുംകൂടിയാണ്. നമ്മുടെ വി. കുർബാനയിൽ ഈ സാന്നിദ്ധ്യം ശക്തമായി വിളിച്ചോതുന്നുണ്ട്. തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പിതാവ്, പീഡാനുഭവത്താൽ ലോകത്തെ രക്ഷിച്ച പുത്രൻ, സർവ്വതും പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവ് ഇവർ നമ്മോടുകൂടെ എന്ന പ്രാർത്ഥന എത്ര സുന്ദരം.

നമുക്ക് ഭയം ഉണ്ടാകുന്നത് തനിയെ ആയിരിക്കുമ്പോഴാണ്, കൂട്ടില്ലാതിരിക്കുമ്പോഴാണ്. ഏതും നമുക്കു നേരിടുവാനും സഹിക്കുവാനും ശക്തി തരുന്ന പരിശുദ്ധ ത്രിത്വം – നമ്മുടെ സ്വർഗ്ഗീയ അപ്പച്ചൻ, നമ്മുടെ രക്ഷകനായ ക്രിസ്തു ആകുന്ന സഹോദരൻ, നമ്മെ ശക്തിപ്പെടുത്തുന്ന കൃപയായി പരിശുദ്ധാത്മാവ് നമ്മോടൊത്തുള്ളതുകൊണ്ട് നാം ഭയപ്പെടേണ്ടതില്ല. എവിടേക്കാണ് നമ്മുടെ ദൈവത്തിന് ഇറങ്ങിവരാൻ പറ്റാത്തത്. ഏത് തടവറയാണ് അവിടുത്തേക്ക് കടന്നുവരാൻ സാധിക്കാത്തതായി ഉറപ്പുള്ളത് ? ഏത് സമുദ്രത്തിലാണ് അവിടുത്തേക്ക് വഴിമുട്ടുന്നത് ? ഏതു മരുഭൂമിയിലാണ് അവിടുത്തേക്കു ഭോജനം നൽകാൻ സാധിക്കാത്തത് ? ഈ ദൈവശക്തിയിലും സ്നേഹത്തിലും നമുക്ക് ആഴപ്പെടണം. ഈ വിശ്വാസത്തിൽ നാം വളരണം. ലോകത്തിന്റെ അളവുകോൽ അല്ല, ദൈവത്തിന്റെ പൈതൽ എന്ന നിലയിലുള്ള നമ്മുടെ ആത്മസന്തോഷം. ഒന്നിനും അതിനെ എടുത്തു മാറ്റാൻ കഴിയില്ല; അത് എന്നും നിലനിൽക്കുന്നതുമാണ്.





# പെസഹാ രഹസ്യങ്ങൾ

## മനുഷ്യരക്ഷയുടെ സുവർണ്ണ സ്രോതസുകൾ



ഫാ. മാത്യു ആലുംമൂട്ടിൽ

മനുഷ്യരക്ഷയുടെ മർമ്മപ്രധാനമായ കുർബാന സ്ഥാപനവും കുരിശുമരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന പെസഹാ രഹസ്യങ്ങൾ ആഘോഷിക്കുവാൻ വിശുദ്ധ നോമ്പാചരിച്ച് നാം ഒരുങ്ങുകയാണല്ലോ. പെസഹാ വ്യാഴം മുതൽ ഉയിർപ്പു ഞായർ വരെയുള്ള വിശുദ്ധ ത്രിദിനങ്ങളിൽ ക്രിസ്തു അനുഷ്ഠിച്ച രക്ഷാകര കർമ്മങ്ങളാണ് പെസഹാരഹസ്യത്തിന്റെ സുവർണ്ണ സ്രോതസുകൾ. അതേപ്പറ്റി നമ്മുടെ കുർബാന തക്സായിൽ മനോഹരമായി വർണ്ണിച്ചു സ്തുതിക്കുന്നുണ്ട്. "സ്ലീബാ മരത്തിന്മേലുള്ള ബലിയർപ്പണത്താൽ ഞങ്ങൾക്കു പാപമോചനം നൽകുകയും, മരണത്താൽ ഞങ്ങളെ രക്ഷിക്കുകയും, പുനരുത്ഥാനത്താൽ ഞങ്ങളെ ഉദ്ധരിക്കുകയും, സ്വർഗ്ഗാരോഹണത്താൽ ഞങ്ങളെ സമുന്നതരാക്കുകയും ചെയ്ത സ്വീകാര്യ കുർബാനയുമായ കർത്താവിനു സ്തുതി". ഈ പ്രാർത്ഥന കുർബാന എന്താണെന്നും, അതു പ്രദാനം ചെയ്യുന്ന കൃപാദാനങ്ങൾ എത്ര മഹനീയമാണെന്നും, ഒരു മനോഹര ചിത്രത്തിലെന്നപോലെ വരച്ചിടുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു അനുഷ്ഠിച്ച രക്ഷാരഹസ്യങ്ങളുടെ ഉൾപ്പൊരുളുകളിലേക്ക് അല്പമൊന്ന് ഉറ്റുനോക്കുകയാണ് ഈ ലേഖനോദ്ദേശം.

### പെസഹായും കുർബാന സ്ഥാപനവും

പിതാവായ ദൈവം മനുഷ്യവർഗ്ഗത്തിന് കനിഞ്ഞരുളിയ ഏറ്റം വലിയ സമ്മാനമാണ് ക്രിസ്തു. ക്രിസ്തുവിന്റെ ഏറ്റം വലിയ സമ്മാനം വിശുദ്ധ കുർബാനയും! സ്നേഹത്തിന്റെ നൈസർഗ്ഗിക സ്വഭാവമാണല്ലോ പങ്കുവയ്ക്കൽ. പിതാവായ ദൈവം തന്റെ സ്നേഹം പങ്കുവച്ചത് സൃഷ്ടികർമ്മത്തിലൂടെയാണ്; ക്രിസ്തു, കുർബാന സ്ഥാപനത്തിലൂടെയും തന്റെ സ്നേഹം പങ്കുവച്ചു.! വിശുദ്ധ കുർബ്ബാന ആരുടെ കണ്ടുപിടിത്തമാണ്? അത് ആരുടെ മനസ്സിലുദിച്ച ആശയമായിരുന്നു? ആരാണ് അതിന് സൂചന നൽകിയത് ? അത്, തീർത്തും അനന്യവും അതുലിതവും നിത്യനൂതനുവുമായ യേശു–സ്നേഹത്തിന്റെ ആവിഷ്കാരമാണ്. ചരിത്രത്തിൽ

സമാനതകളില്ലാത്ത യേശുവിന്റെ സീമാതീതമായ സ്നേഹത്തിന്റെ മഹത്സംഭവം. പെസഹാ ഒരുക്കുവാൻ ശ്ലീഹന്മാരെ അയച്ചപ്പോഴും, അവർ യേശുവിനൊപ്പം അന്ത്യത്താഴത്തിന് മേശയ്ക്കു ചുറ്റും ഇരുന്നപ്പോഴും, നിറവേറുവാൻ പോകുന്ന മഹാരഹസ്യം അവരെ ഉല്ലംഘിച്ചു നിന്നു. "ലോകവസാനംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും" എന്നരുളിച്ചെയ്ത യേശു അതിനുവേണ്ടി കണ്ടെത്തിയ, അവനിൽ മാത്രം മൊട്ടിട്ടു വിരിഞ്ഞ മഹാസ്നേഹത്തിന്റെ വിസ്ഫോടനം–അതാണ് വിശുദ്ധ കുർബാന. അതിന്റെ ആഴം അളക്കാനാവില്ല. അടിത്തട്ടില്ലാത്ത പ്രസ്തുത സ്നേഹ സാഗരത്തിന്റെ തീരത്തിരുന്ന് വിസ്മയം കൊള്ളുവാൻ മാത്രമേ നമുക്കാവു.

വിശുദ്ധ കുർബാനയുടെ വിസ്മയങ്ങളിൽ പ്രധാനമാണ്, അത് വിപ്ലവകരമായ സ്നേഹത്തിന്റെ കൂട്ടായ്മ സൃഷ്ടിക്കുന്നു എന്നത്. അതുവരെ ലോകത്തിന് കാണുവാനോ പ്രാവർത്തികമാക്കുവാനോ സാധിക്കാതിരുന്ന സ്നേഹകൂട്ടായ്മ. കാരണം, അതിനടിസ്ഥാനം, മറ്റുള്ളവർക്കുവേണ്ടി ക്രിസ്തു തന്റെ ജീവൻ സ്വമനസാ സമർപ്പിച്ച ആത്മബലിയാണ്. അന്ത്യഅത്താഴത്തിൽ ക്രിസ്തു നിർവഹിച്ച മഹത് കർമ്മം അവിടുത്തെ ശരീരരക്തങ്ങൾ നമുക്ക് പങ്കിട്ടു തന്നതാണല്ലോ. മുറിക്കപ്പെട്ടത് അവിടുത്തെ ശരീരമാണ്; ചിന്തപ്പെട്ടത് അവിടുത്തെ രക്തമാണ്. മറ്റു വാക്കുകളിൽ, അവിടുന്ന് സ്വയം പങ്കിട്ടു നൽകിയത് അവിടുത്തെ ജീവനാണ്. പിറ്റേദിവസം കുരിശിൽ നിറവേറുന്ന തന്റെ ജീവാർപ്പണം ക്രിസ്തു നമുക്ക് ജീവൻ തരുന്ന അപ്പമായും, സ്നേഹം പങ്കിടുന്ന ഹൃദയരക്തമായും കുർബാനയിൽ കൂദാശപരമായി സന്നിഹിതമാക്കി. ഇപ്രകാരം ചെയ്തത് ഒരു പുതിയ ഉടമ്പടിയായിട്ടാണ്. "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22:20). എന്താണ് ഈ പുതിയ ഉടമ്പടി ? രക്തം ചിന്തുന്ന ക്രിസ്തുവും, രക്തത്തിൽ പങ്കുപറ്റുന്ന വ്യക്തിയും തമ്മിലുള്ള ഹൃദയബന്ധമാണത്. ഗാഢമായ ഹൃദയൈക്യത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന സ്നേഹത്തിന്റെ പാരമ്യം. സ്നേഹത്തിന്റെ കല്പന ക്രിസ്തു മുമ്പുതന്നെ നൽകിയിട്ടുള്ളതാണ്. അതേപ്പറ്റി ആവർത്തിച്ചു പഠിപ്പിച്ചിട്ടുമുണ്ട്. പിന്നെന്താണ് ഈ സ്നേഹത്തിന്റെ (പുതിയ ഉടമ്പടിയുടെ) പുതുമ? എന്തിലാണ് അതിന്റെ നവീനത്വം അടങ്ങിയിരിക്കുന്നത്? ഗുരുവും നാഥനുമായവൻ ശിഷ്യരുടെ പാദങ്ങൾ കഴുകി തുടയ്ക്കുന്നതിൽ നാം അതു കണ്ടെത്തുന്നു. ഗത്സമെനിയിൽ രാത്രിമറവിൽ തന്നെ ബന്ധിക്കുവാൻ വന്നവരോട്; ഇതാ, ഞാൻ! എന്നെയാണ് അന്വേഷിക്കുന്നത് എങ്കിൽ ഇവർ (ശിഷ്യന്മാർ) പൊയ്ക്കൊള്ളട്ടെ എന്നു പറയുന്ന ക്രിസ്തുവിൽ നാം അതു കണ്ടെത്തുന്നു, ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയനായ ക്രിസ്തുവിൽ നാം അതു കണ്ടെത്തുന്നു, അവന്റെ വചനങ്ങളിലും വഴിത്താരകളിലുടനീളവും നാം അത് കണ്ടെത്തുന്നുണ്ട്. ഗുരുവിനെപ്പോലെ പ്രവർത്തിക്കുവാനും ജീവിക്കുവാനും തുടങ്ങുമ്പോഴാണ് ക്രിസ്തു സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ നവീനത്വം നാം അനുഭവിക്കുന്നത്. അതിനു നമ്മെ സഹായിക്കുന്നതാകട്ടെ, വിശുദ്ധ കുർബാനയും.

ദിനംതോറും അപ്പം മുറിക്കലിൽ (കുർബാനയിൽ) പങ്കെടുത്ത് ആദിമക്രൈസ്തവർ തങ്ങൾക്കുള്ളതെല്ലാം പരസ്പരം പങ്കുവച്ച് ആനന്ദത്തോടെ ജീവിച്ചു. അതായിരുന്നു അവരുടെ കുർബാന ജീവിതം. നമ്മുടെ ഉള്ളും നമുക്കുള്ളതും പരസ്പരം പങ്കുവച്ച് സ്നേഹകൂട്ടായ്മയുടെ ആനന്ദം അനുഭവിക്കുവാൻ കുർബാന ഇന്ന് നമ്മെയും ക്ഷണിക്കുന്നുണ്ട്. "ആത്മാവിൽ സ്വയം മുറിയുംവരെ പങ്കുവയ്ക്കുവാൻ തുടങ്ങുമ്പോഴാണ് സ്നേഹിക്കുവാൻ ആരംഭിക്കുന്നതെന്ന്" മദർ തെരേസാ പഠിപ്പിച്ചു. മദറിന്റെ ജീവിതമായിരുന്നല്ലോ പ്രസ്തുത പാഠം. അതാണ്, ആ പാഠത്തിന്റെ തെളിച്ചവും. 1975 ൽ സാൻഫ്രാൻസിസ് ക്കോയിൽ മദർ ഒരു മഠം തുടങ്ങി. ഉദ്ഘാടനവേളയിൽ രൂപതാദ്ധ്യക്ഷൻ പറഞ്ഞു : 'മദർ, കെട്ടിടം മാത്രമേ ഒരുക്കിയിട്ടുള്ളൂ; ആവശ്യമായ ഉപകരണങ്ങളെല്ലാം ഉടൻ എത്തിച്ചു കൊള്ളാം', മദറിന്റെ മറുപടി ശ്രദ്ധേയമായിരുന്നു. ''പ്രിയ ബിഷപ്പ്, ഞങ്ങൾക്കു ഒറ്റയാവശ്യമേയുള്ളൂ: 'സക്രാരി'. അതുണ്ടെങ്കിൽ എല്ലാമായി". മദറിന് ആകെ എത്ര മഠങ്ങളുണ്ടെന്നു ചോദിച്ചാൽ ഞങ്ങൾക്ക് ആകെ ഇത്ര (എണ്ണം) സക്രാരിയുണ്ട് എന്നതായിരുന്നു മറുപടി. അതുപോലെ, ഞങ്ങൾ ചാരിറ്റി സിസ്റ്റേഴ്സല്ല ദിവ്യകാരുണ്യത്തിന്റെ (ശുശ്രൂഷാ) സിസ്റ്റേഴ്സാണെന്നു പറയുമായിരുന്നു. ജീവിതത്തിന്റെ അടിസ്ഥാനവും ലക്ഷ്യവും മദറിനെ സംബന്ധിച്ച് വിശുദ്ധ കുർബാനയായിരുന്നു. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും മകുടവും, ഉറവിടവും പാരമ്യവും കുർബാനയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. അതായത്, സഭ അവളുടെ ജീവൻ പ്രാപിക്കുന്നത്

വിശുദ്ധ കുർബാനയിൽനിന്നാണ്. അവളുടെ തീർത്ഥാടനവഴിയിലെ പാഥേയവും കുർബാന തന്നെ. യാത്രാക്ഷീണത്താൽ മയങ്ങിപ്പോയ ഏലിയായെ തട്ടിയുണർത്തി മാലാഖ തന്റെ കൈയ്യിൽ കരുതിയ അപ്പവും വെള്ളവും കൊടുത്തുകൊണ്ടു പറഞ്ഞു; "ഇതാ! ഇവ വാങ്ങി ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്ക്കരമായിരിക്കും". അവ വാങ്ങി ഭക്ഷിച്ചതിന്റെ ശക്തിയാൽ 40 ദിനരാത്രങ്ങൾകൂടി മരുഭൂയാത്ര ചെയ്ത് ലക്ഷ്യസ്ഥാനമായ ഹോറെബിൽ എത്തിച്ചേർന്ന ഏലിയാ നൽകുന്നത് ശക്തമായ മാർഗ്ഗദർശനമാണ്.



കുർബാനയപ്പം മാത്രം ഭക്ഷിച്ച് ദീർഘകാലം ജീവിച്ചിട്ടുള്ള അനേകരുടെ നിരയാൽ സമ്പന്നമാണ് തിരുസഭാചരിത്രം. കൗതുകമുണർത്തുന്ന വാർത്തയുടെ ഒരു ചരിത്രസംഭവം കുറിക്കാം. ദിവ്യകാരുണ്യം മാത്രം ഭക്ഷിച്ച് സുദീർഘമായ മുപ്പത്തിയാറ് വർഷം ജീവിച്ച വ്യക്തിയായിരുന്നു ജർമ്മനിയിലെ തെരേസാ ന്യൂമാൻ (1895 – 1962). അന്ധതയും തളർവാതവുമായിരുന്നു അവളുടെ ജന്മസുഹൃത്തുക്കൾ. അവർ ഇരുവരും 25–ാം വയസ്സിൽ അവളെ വിട്ടുപോയി. അത്ഭുതകരമായാണ് അവൾ സുഖം പ്രാപിച്ചത്. മൂന്നുവർഷം കഴിഞ്ഞ് മറ്റൊരു അത്ഭുതത്താൽ ദൈവം അവളെ അനുഗ്രഹിച്ചു. അവൾ പഞ്ചക്ഷത ധാരിയായി. അന്നു മുതൽ മരണം വരെ മുപ്പത്തിയാറ് വർഷം അവളുടെ ഏകഭക്ഷണം കുർബാനയപ്പം മാത്രമായിരുന്നു. ഇതറിഞ്ഞ അന്നത്തെ ജർമ്മൻ ഭരണാധികാരി അഡോൾഫ് ഹിറ്റ്ലർ അവളുടെ ആഹാര റേഷൻ റദ്ദു ചെയ്തു. പകരം പഞ്ചക്ഷതങ്ങളാൽ നനയുന്ന വസ്ത്രം അലക്കുവാൻ സോപ്പിന്റെ ഡബിൾ റേഷൻ അനുവദിക്കുകയും ചെയ്തു. ചരിത്രത്തിലെ ഈ കൗതുക വാർത്ത, വിശുദ്ധ കുർബാനയപ്പം ജീവന്റെയും ജീവിതത്തിന്റെയും അപ്പമാണെന്ന നിത്യസത്യത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്.

ഹിറ്റ്ലറിന് കുർബാനയുടെ മൂല്യം അറിവില്ലായിരിക്കാം. പക്ഷേ, നാം അത് അറിഞ്ഞിരിക്കണം. വിശുദ്ധ ഫ്രാൻസിസ് സാലസ് അൾത്താര മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിച്ചു: "നാഥാ! എന്നോടുള്ള സ്നേഹത്തെപ്രതി സ്വജീവൻ സമർപ്പിച്ചാണല്ലോ അങ്ങ് ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്നത്. ഉചിതമായ പ്രതിനന്ദിയായി ഞാൻ എന്റെ ജീവൻ അങ്ങേയ്ക്കു സമർപ്പിക്കട്ടെ". അതെ! ക്രിസ്തുവിന്റെ ജീവനാണ് കുർബാനയുടെ മൂല്യം. കുർബാനയുടെ ഉപാസകനായിരുന്ന വിശുദ്ധ ജോൺ മരിയ വിയാനി പറഞ്ഞിട്ടുണ്ട്: "തുലാസിന്റെ ഒരു തട്ടിൽ കുർബാനയപ്പം വയ്ക്കുക; മറ്റേ തട്ടിൽ മനുഷ്യരാശിയുടെ സകല നന്മകളും. കുർബാനയപ്പത്തിന്റെ തട്ട് താണുപോകും. കാരണം, അത് ദൈവത്തിന്റെ പ്രവൃത്തിയാണ്; മറ്റേത് മനുഷ്യരുടെയും"! മഹാപണ്ഡിതനും വിശുദ്ധനുമായിരുന്ന ഫുൾട്ടൻ ജെ ഷീൻ തിരുമേനി വിനയത്തോടെ പറഞ്ഞു; "എനിക്കു ലഭിച്ചിട്ടുള്ള സകല വിജ്ഞാനവും വിശുദ്ധിയും വിശുദ്ധ കുർബാനയിൽനിന്ന് ഒഴുകിയെത്തിയിട്ടുള്ളതാണ്". വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു; "വിശുദ്ധ കുർബാനയിൽ നിന്ന്, ഒരുറവയിൽ നിന്നെന്നപോലെ പ്രസാദവരം നമ്മിലേക്കു പ്രവഹിക്കുന്നു, അങ്ങനെ ദൈവമഹത്വവും ക്രിസ്തുവിലുള്ള മനുഷ്യ–വിശുദ്ധിയും ഏറ്റം ഫലവത്തായി നിർവഹിക്കപ്പെടുന്നു" (ആരാധനക്രമം, നമ്പർ 10). വിശുദ്ധ കുർബാനയിൽ സഭ ജനിക്കുന്നു, ജീവിക്കുന്നു, വളരുന്നു. മാമോദീസായിലൂടെ സഭയിൽ ജനിച്ച് കുർബ്ബാനയുടെ ശക്തിയിൽ അനുദിനം ജീവിച്ച് വിശുദ്ധിയിൽ വളരുമ്പോഴാണ് ക്രിസ്തീയതയുടെ വിലയും മൂല്യവുമുള്ള വ്യക്തികളായി നാം രൂപാന്തരപ്പെടുന്നത്. അപ്രകാരമുള്ള വ്യക്തികൾ എത്ര തിരക്കേറിയവരാണെങ്കിലും ദിനംതോറുമുള്ള കുർബ്ബാന മുടക്കാറില്ല. ഇത്രയേറെ തിരക്കിനിടയിൽ എങ്ങനെയാണ്

കുർബ്ബാനയ്ക്കു സമയം കണ്ടെത്തു ന്നതെന്നു ചോദിച്ചാൽ "കുർബ്ബാന ഞങ്ങളുടെ ജീവിത ത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അതിനാൽ അതിന് പ്രത്യേക സമയം കണ്ടെത്തേണ്ടതില്ല; അതൊരു വേറിട്ട കർമ്മമായി തോന്നാറുമില്ല" എന്നതാണ് മറുപടി. അവർക്ക് വി. കുർബ്ബാന, ജീവിതത്തിന്റെ അടിസ്ഥാ നവും മകുടവുമായിക്കഴിഞ്ഞിരിക്കുന്നു !

## ദുഃഖവെള്ളി – കുരിശിലെ ബലി

സെഹിയോൻ മാളികയിൽനിന്ന് ക്രിസ്തു നേരെ പോയത് തന്റെ കുരിശിലെ ബലിയർപ്പണ ത്തിന്റെ രംഗവേദിയിലേക്കാണ്. ഗത്സമെനിയിലെ ആത്മപീഡയിൽ അവിടുന്നു പറയുന്നുണ്ടല്ലോ: "പിതാവേ, ഈ മണിക്കൂറിലേക്കാണല്ലോ ഞാൻ വന്നി രിക്കുന്നത്". അതെ, ക്രിസ്തുവിന്റെ 'മണിക്കൂർ' വന്നി രിക്കുന്നു! അതായത് നമ്മോടുള്ള സ്നേഹത്തിന്റെ പാരമ്യമായ ബലി സമർപ്പിക്കുവാനുള്ള സമയം സമാഗ തമായി. ക്രിസ്തു ജനിച്ചതുതന്നെ കുരിശിൽ മരിക്കാ നാണ്. നാം ജനിക്കുന്നത് വളരാനും വലുതാകാ നുമെങ്കിൽ, ക്രിസ്തു ജനിച്ചത് ചെറുതാകാനും മരി ക്കാനും വേണ്ടിയാണ്. അവിടുത്തെ പാദചലനങ്ങളോ രോന്നും ഗാഗുൽത്തായെ ലക്ഷ്യം വച്ചുള്ളതായിരു ന്നു. പുൽത്തൊട്ടിയിൽ മേവുന്ന ശിശുവിന്റെ ചെറു കരച്ചിലിൽ കുരിശിലെ വലിയ വിലാപത്തിന്റെ മാറ്റൊലിയുണ്ട്. പിള്ളക്കച്ചകൾ ചുറ്റിയ പൂമേനിയിൽ, അവിടുന്ന് അർദ്ധനഗ്നനായി കുരിശിൽ കിടക്കുന്ന ചിത്രത്തിന്റെ വർണ്ണരാജികളുണ്ട്. 'സ്നേഹപൂർവം മനുഷ്യാവതാരം ചെയ്യുകയും സ്വയം പരിത്യജിച്ച് ശരീ രത്തിൽ പീഡയേല്ക്കുകയും' ചെയ്ത ക്രിസ്തുരഹ സ്യങ്ങൾ കുർബാനയിലെ കൂദാശാവചനങ്ങളോടു ചേർത്തുവച്ചു സ്മരിക്കുന്നുണ്ട്. അതേറെ അർത്ഥ പൂർണ്ണമത്രെ. കാരണം, കുർബാന സ്ഥാപനവും പീഡാസഹനവും മരണവും സ്ഥലകാല പരിമിതിക ളാൽ പലതായി നമുക്കു തോന്നാമെങ്കിലും ക്രിസ്തു വിന് അവയെല്ലാം അവിടുത്തെ സ്നേഹത്തിന്റെ ഒരേ സമർപ്പണമാണ്. ദൈവം നിത്യമായ വർത്തമാനകാല മാണല്ലോ (An Eternal Love). അവിടുത്തേക്ക് സ്ഥലപരിമിതികളോ കാലഭേദങ്ങളോ ഇല്ല. അതി നാൽ ഓരോ കുർബാനയും സെഹിയോൻ മാളികയി ലെന്നപോലെ അവിടുന്നാണ് അർപ്പിക്കുന്നത്. അപ്പം മുറിച്ചു തരുന്നതും രക്തം പകർന്നു നൽകുന്നതും അവിടുന്നുതന്നെ. ഭക്തനായ ഒരാൾ പറഞ്ഞു: ഞാൻ കുർബാനയിൽ സംബന്ധിച്ചപ്പോൾ വൈദികനെ കണ്ടില്ല; പകരം ക്രിസ്തുവിനെയാണ് കണ്ടത്. ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു: "വിശ്വസിക്കു ന്നവൻ എല്ലാം കാണുന്നു. വിശ്വാസം ഒരു കൂടിക്കാ ഴ്ചയാണ്". എങ്കിൽ വിശുദ്ധ കുർബാന എത്രയോ വലിയ കൂടിക്കാഴ്ചയും സ്നേഹസംഗമവുമാണ്. ഈ അനുഭവമില്ലെങ്കിൽ കുർബാനയിൽ പങ്കെടുത്തെന്ന് ആർക്കും അവകാശപ്പെടാനാവില്ലെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നു. കുർബാന അർപ്പിക്കാൻ ഒരു വൈദികനേയുള്ളുവെങ്കിലും അതൊരു സമൂഹബലിയാണ്. കാരണം വൈദികൻ ക്രിസ്തുവിനോടു ചേർന്നും ഒപ്പം നിന്നുമാണ് കുർബാന അർപ്പിക്കുക. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "കുരി ശിലെ ബലിയും കുർബാനയാകുന്ന ബലിയും ഒരേ ഒരു ബലിയാണ്. ബലിവസ്തുവും ബലിയർപ്പകനും ഒന്നുതന്നെ. അന്നു കുരിശിൽ സ്വയം സമർപ്പിച്ചവൻ തന്നെയാണ് ഇന്നു പുരോഹിതരിലൂടെ സ്വയം സമർപ്പിക്കുന്നത്. ഒരിക്കൽ കുരിശാകുന്ന അൾത്താ രയിൽ തന്നെത്തന്നെ അർപ്പിച്ച ക്രിസ്തു ഇന്ന് കുർബാനയുടെ ത്രോണോസിന്മേൽ സന്നിഹിതനാ കുകയും രക്തരഹിതയായി അർപ്പിക്കപ്പെടുകയും ചെയ്യുന്നു. കുർബാന സഭയുടെ ബലികൂടിയാണ്. ക്രിസ്തുവിന്റെ ശരീരമാണല്ലോ സഭ. അവൾ തന്റെ ശിരസിന്റെ സമർപ്പണത്തിൽ ഭാഗഭാക്കാകാതിരിക്കു ന്നത് എങ്ങനെ? അവൾ സമ്പൂർണ്ണയായി ശിരസ്സോ ടൊപ്പം സമർപ്പിക്കപ്പെടുന്നു"(No.1367, 1368), ക്രിസ്തു കുരിശിൽ സമർപ്പിച്ച അതേ ശരീരം, പാപ പരിഹാർത്ഥം അനേകർക്കായി ചിന്തിയ അതേ രക്തം കുർബാനയിൽ അവിടുന്നു നമുക്കു നൽകുന്നു. അങ്ങനെ കുരിശിലെ ബലി കുർബാനയിലൂടെ തലമു റകളായി സന്നിഹിതമാകുന്നു, ബലിയുടെ സദ്ഫല ങ്ങൾ എക്കാലവും സംലബ്ധമാകുകയും ചെയ്യുന്നു. ബലിയും കൂദാശയുമായ വിശുദ്ധ കുർബാന എത്ര വിസ്മയകരമായ അനശ്വര ചിത്രങ്ങൾ മനുഷ്യമന സ്സിൽ നിത്യം രചിക്കുന്നു. സഭയിലൂടെയാണല്ലോ ഇവ യെല്ലാം സംഭവിക്കുക. അതിനാൽ സഭയുടെ മക്കൾ, സ്തുതിയും സ്തോത്രവും ആരാധനയും പ്രാർത്ഥ നയും നന്ദിയും സഹനവും സങ്കടവും അദ്ധ്വാനവു മെല്ലാമടങ്ങുന്ന അവരുടെ ജീവിതം ക്രിസ്തുവിന്റേതി നോടു ചേർത്ത് സമഗ്രമായി സമർപ്പിക്കുന്നു. അപ്പോൾ അവയ്ക്കെല്ലാം പുതിയ മാനവും മൂല്യവും കൈവരുന്നു. ക്രിസ്തുവിന്റെ യോഗ്യതകളാലും സഭ യുടെ മദ്ധ്യസ്ഥതയാലും നാം ഉപരി അനുഗ്രഹിക്ക

പ്പെടുന്നു. ഇതിന്റെ സൂചനയെന്നോണം ആദിമസഭയിലെ ഭൂഗർഭ അറകളിൽ, സഭ, പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയുടെ രൂപത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. കരങ്ങൾ പ്രാർത്ഥനാരൂപത്തിൽ നീട്ടിപ്പിടിച്ചിരിക്കുന്നു! ക്രിസ്തു കുരിശിൽ തന്റെ കരങ്ങൾ നിവർത്തിപ്പിടിച്ചിരിക്കുന്നതുപോലെ. അത്, സഭ അവനിലൂടെ, അവനോടുകൂടെ, അവനിൽ തന്നെത്തന്നെ സമർപ്പിച്ച് മനുഷ്യവർഗ്ഗത്തിനുവേണ്ടി മദ്ധ്യസ്ഥം വഹിക്കുന്നതിന്റെ മിഴിവുറ്റ രേഖാചിത്രമാണ്.

യേശുവിന്റെ ഹൃദയം കുരിശിൽ കുത്തിത്തുറക്കപ്പെടുന്നതും തുടർന്ന്, പിളർന്ന ഹൃദയപേശികൾ സ്പന്ദിക്കുന്നതും നേരിട്ടു കാണുവാൻ മറിയത്തിനും യോഹന്നാൻ ശ്ലീഹായ്ക്കും സാധിച്ചു. അവർ ഇരുവരും കുരിശിന്റെ ചുവട്ടിൽ എല്ലാം വീക്ഷിച്ചു നില്ക്കുകയായിരുന്നല്ലോ. അങ്ങിനെ മരണമില്ലാത്ത തന്റെ അരുമ മകനായ ദൈവം മരിക്കുന്നതു മറിയം കണ്ടു. ശെമഓൻ പ്രവചിച്ച 'വാളി'ലൂടെ അവളുടെ ഹൃദയവും പിളർന്നു. തന്റെ ശിരസ്സ് നെഞ്ചോടു ചേർത്തുവച്ച് ക്രിസ്തുവിന്റെ ഹൃദയ സ്പന്ദനങ്ങൾ ഏറ്റുവാങ്ങാൻ ഭാഗ്യം സിദ്ധിച്ച യോഹന്നാനും ആ കാഴ്ച മർമ്മഭേദകമായിരുനു. അതോടുകൂടി യോഹന്നാൻ സ്നേഹത്തിന്റെ ഗായകനും സുവിശേഷകനുമായി. സ്നേഹം ജീവിതമായി മാറിയ യോഹന്നാനെയാണ് പിന്നീടു നാം കാണുന്നത്. പത്മോസ് ദ്വീപിൽ ജീവിത സായാഹ്നത്തിലെത്തിയ യോഹന്നാനോടു ജനങ്ങൾ ആവശ്യപ്പെടുമായിരുന്നു: "ഞങ്ങളോട് യേശുവിനെപ്പറ്റി പറയുക". യോഹന്നാന്റെ പ്രസംഗം ഒറ്റ വാക്കിൽ ഒതുങ്ങുമായിരുന്നു 'സ്നേഹം'. ആ സമയം കുരിശിലെ മഹാസ്നേഹം മന്ദമാരുതനായി അവരെ തഴുകി വിശുദ്ധീകരിക്കുമായിരുന്നു. അതവർക്ക് അനശ്വരമായ സ്നേഹാനുഭവമായിത്തീർന്നു. കാരണം, അതു പറഞ്ഞവൻ സ്നേഹം കണ്ടവനാണ്. മുറിയപ്പെട്ട ഹൃദയസ്നേഹം, തുടിക്കുന്ന സ്നേഹം, അവസാന തുള്ളിവരെ ഒഴുകുന്ന സ്നേഹം, കത്തിയെരിയുന്ന സ്നേഹം, സ്നേഹത്തിന്റെ അണയാത്ത അഗ്നിജ്വാല – അത് നേരിൽ കണ്ട് അനുഭവിച്ചവനാണ് യോഹന്നാൻ. നാം കുർബാനയിൽ കാണാത്തതും അനുഭവിക്കാത്തതും കുരിശിലെ ആ സ്നേഹം തന്നെ. അതാണ് നമ്മുടെ ദുര്യോഗം. കുർബാന നമുക്ക് പഠിച്ചു വച്ചിരിക്കുന്ന നിർവചനമോ, കേട്ടറിഞ്ഞ വ്യാഖ്യാനമോ മാത്രമാണ്! എപ്പോഴും താലത്തിൽ വച്ചു നീട്ടുന്ന ദൈവസ്നേഹത്തിന്റെ മൃദുല സ്പർശങ്ങളെ നിഷ്ഠൂരം തിരസ്കരിക്കുന്ന മനുഷ്യന്റെ ഹൃദയകാഠിന്യത്തെ, 'അതെ! ദൈവമായ നിന്നെ ഞങ്ങൾ അംഗീകരിക്കുകയോ അനുസരിക്കുകയോ ഇല്ല; നീ ദൈവമാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽ നിന്നിറങ്ങി വരിക' എന്നാക്രോശിക്കുന്ന, അവന്റെ എക്കാലത്തെയും ധാർഷ്ട്യത്തെ കുരിശിലെ തന്റെ യാഗാർപ്പണത്തിന്റെ തീച്ചൂളയിൽ സ്ഫുടം ചെയ്ത് അവരെ വിനയാന്വിതരും വിശുദ്ധരുമാക്കി തന്നിലേക്കണയ്ക്കാൻ വെമ്പൽ കൊള്ളുന്ന ദാഹമാണ്, "എനിക്കു ദാഹിക്കുന്നു" എന്ന ക്രിസ്തുവിന്റെ കുരിശിലെ ദാഹത്തിൽ സ്ഥിതമായിരിക്കുന്നത്.

മനുഷ്യരക്ഷയുടെ സംഗമവേദിയാണ് കുരിശുമരണം. കുരിശാണ് അതിന്റെ കൊടിയടയാളം. ദൈവത്തിന്റെ അനന്തജ്ഞാനത്താലും നിത്യസ്നേഹത്താലും ദൈവം മനുഷ്യനെ പുൽകുന്നതിന്റെയും മനുഷ്യൻ ദൈവത്തിലേക്കു വളരുന്നതിന്റെയും ഭൂമികയായി മാറി കുരിശുമരണം. കുരിശിൽ നിറവേറിയ രക്ഷാമുഹൂർത്തം സകലർക്കും സംപ്രാപ്യമാക്കുന്ന ആഘോഷമാണ് വിശുദ്ധ കുർബാന. കുർബാനയിൽ ക്രിസ്തു തന്റെ ശരീരരക്തങ്ങൾ പങ്കുവയ്ക്കുന്നതുവഴി അവിടുത്തെ രക്ഷാകര സർഗ്ഗാത്മകതയുടെയും യോഗാത്മകതയുടെയും തലങ്ങളിലേക്കു നമ്മെ ഉയർത്തുന്നു. അതോടെ നമുക്കും കുർബാന കേവലം അനുഷ്ഠാനാചാരമല്ലാതായി തീരുന്നു. ദൈവോന്മുഖതയുടെയും പരോന്മുഖതയുടെയും സ്നേഹാനുഭവമായി മാറുകയും ചെയ്യുന്നു. ഈ പരിണാമത്തിന്റെ ജീവചൈതന്യം കുരിശുമരണമാണ്. വിശുദ്ധ പൗലോസ്ശ്ലീഹാ ഈ സത്യത്തെ ഇപ്രകാരം അനശ്വരമാക്കുന്നു: "നിങ്ങൾ ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്ന് കുടിക്കുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണമാണ് അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുന്നത്" (1 കോറി. 11:26). ക്രിസ്തുവിന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കാനുള്ള മരണത്തിലേക്ക് (ആത്മബലിയിലേക്ക്) ക്രിസ്തുവിനെ നയിച്ച രണ്ടു വിചാരധാരകളുണ്ട്:

1. പിതാവിനോടുള്ള ആത്യന്തികവും സമ്പൂർണ്ണവുമായ അനുസരണ. ഈ അനുസരണ കുരിശുമരണത്തോളമുള്ളതായിരുന്നു. സ്വയം ശൂന്യമാക്കലിന്റെ, പരിത്യാഗത്തിന്റെ പരകോടിയിലെത്തുന്ന, അതിനപ്പുറം പോകാനാവാത്ത വിധമുള്ള അനുസരണയാ

ണത്. ഏത് പ്രതിസന്ധിയിലും വേദനയിലും "എങ്കിലും പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ" എന്ന് പറയാനാവുന്ന അനുസരണ.

2. പാപികളായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കു വേണ്ടിയുള്ള പ്രത്യാശാപൂർണ്ണമായ പ്രതിബദ്ധത. ക്രിസ്തു തന്റെ ജീവിതപാതയിൽ മുൻകൂട്ടി കണ്ടിരുന്നത് നിന്ദയും പീഡയും രക്തച്ചൊരിച്ചിലും കുരിശുമരണവുമാണ്. അവയെല്ലാം സഹിക്കുവാൻ അവിടുന്ന് സജ്ജമായത് എല്ലാ മനുഷ്യരുടെയും മോചനത്തിനും രക്ഷയ്ക്കും വേണ്ടിയുള്ള അടങ്ങാത്ത ദാഹം കാരണമാണ്. അവർക്കുവേണ്ടി സ്വയംദാനം ചെയ്യുന്നതിലായിരുന്നു അവിടുത്തെ ആനന്ദം. കുരിശുമരണത്തിനുപോലും അതിൽനിന്ന് ക്രിസ്തുവിനെ പിന്തിരിപ്പിക്കാനായില്ല. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ നാം ഓരോരുത്തരും ക്രിസ്തു കാണിച്ചു തരുന്ന ഈ ദൈവോന്മുഖതയിലേക്കും പരോന്മുഖതയിലേക്കുമാണ് വളരേണ്ടത് " അവിടുന്ന് നമുക്കു വേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെ ത്തന്നെ സമർപ്പിച്ചെങ്കിൽ" (എഫേ. 5:2) വിശുദ്ധ കുർബ്ബാനയിൽ നമ്മുടെ കാഴ്ചയും സമർപ്പണവും എപ്രകാരമാണ്? ഉയിർത്തെഴുന്നേറ്റ ക്രിസ്തു, തന്റെ മുറിവുകൾ കാണിച്ചുകൊണ്ടാണ് തോമ്മാശ്ലീഹായോട് അവന്റെ വിരലുകൾ അവയിൽ ഇടുവാൻ ആവശ്യപ്പെടുന്നത്. കുർബ്ബാനയ്ക്കെത്തുന്ന ഓരോരുത്തരോടും ക്രിസ്തു ചോദിക്കുന്നുണ്ട്: 'എനിക്കു വേണ്ടിയും എന്റെ മക്കളായ നിന്റെ സഹജീവികൾക്കു വേണ്ടിയും നീ ഏറ്റുവാങ്ങിയ നിന്റെ മുറിപ്പാടുകൾ എവിടെ? ദൈവോന്മുഖതയ്ക്കും പരോന്മുഖതയ്ക്കും വേണ്ടി സഹിച്ചിട്ടുള്ള ഏതെങ്കിലും മുദ്രകൾ നമുക്ക് കാണിച്ച് കൊടുക്കാനാവുമോ ? പഞ്ചക്ഷത ധാരിയായിരുന്ന വിശുദ്ധ പാദ്രെ പിയൊ കുർബ്ബാന അർപ്പിക്കുമ്പോൾ തന്റെ മുറിവുകളിൽനിന്ന് രക്തം ഒഴുകുമായിരുന്നു. ആ സമയം ക്രിസ്തുവിന്റെ കുരിശിലെ അതേ വേദനയാണ് പാദ്രെ പിയൊയും അനുഭവിച്ചിരുന്നത്. ആ വേദന എങ്ങനെ സഹിക്കാനാകുന്നെന്ന് ചോദിച്ചവരോടുള്ള മറുപടി ഇപ്രകാരമായിരുന്നു: "കുർബ്ബാന അർപ്പിക്കുമ്പോൾ എന്റെ വേദനയല്ല കുരിശിലെ നമ്മുടെ കർത്താവിന്റെ അതിവേദനയാണ് ഞാൻ ഓർക്കുന്നത്". ഇപ്രകാരമാണ് കുരിശിൽ മരിച്ച ക്രിസ്തുവിനോട് ചേർന്നുനിന്ന് കുർബ്ബാന അർപ്പിക്കുക.

ശ്രേഷ്ഠ പണ്ഡിതനും വിശുദ്ധനും വിശുദ്ധ കുർബ്ബാനയുടെ കവിയുമായ തോമസ് അക്വിനാസിന്റെ വാക്കുകൾ സ്മരണീയമാണ്.

വന്നാലും നല്ലിടയാ,

എൻ ദൈവിക അപ്പമേ

കാട്ടുക നിൻ കരുണാമുദ്രകൾ

സംതൃപ്തരാക്കിയാലും ഞങ്ങളെ അങ്ങയുടേതാക്കിയാലും.

അമർത്യ തലങ്ങളിൽ നിൻ ശോഭ
തിളങ്ങുന്നതു കണ്ടിടട്ടെ.

ഏറ്റവും ജ്ഞാനിയും ശക്തനും നല്ലവനും
ഞങ്ങളുടെ അനുദിനഭോജ്യവുമായവനേ, വന്നാലും

ചമയ്ക്കുക ഞങ്ങളെ നിൻ, വിശിഷ്ട വിരുന്നുകാരായ്

കൂട്ടവകാശികളായ്, അനുഗ്രഹീത സ്നേഹിതരായ്

ഉപവിഷ്ടരാക്കിയാലും ഞങ്ങളെ നിൻ,

തിരുസവിധെ വസിക്കും വിശുദ്ധരോടൊപ്പമായ്".





# സ്നേഹം
## പാതാളത്തെക്കാൾ ശക്തം

**ഫാ. ഡോ. ജോളി കരിമ്പിൽ**
(മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ കാലുകുത്തിയപ്പോൾ മാധ്യമങ്ങളിൽ വന്ന ഏറ്റവും ശ്രദ്ധേയമായ തലക്കെട്ട് ഇങ്ങനെയാണ്: "മനുഷ്യന് ഒരു ചെറിയ കാൽച്ചുവട്, പക്ഷെ, മാനവരാശിയ്ക്ക് ഒരു വൻ കുതിച്ചുചാട്ടം". യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെകുറിച്ച് നമുക്ക് ഇങ്ങനെ പറയാൻ സാധിക്കും: "നസ്രത്തിലെ യേശുവിന് ഇത് ഒരു ചെറിയ കാൽച്ചുവട്, പക്ഷെ മാനവരാശിയ്ക്ക് ഒരു വൻ കുതിച്ചുചാട്ടം". സ്വർഗ്ഗം ഇനി മനുഷ്യന് അപ്രാപ്യമല്ല; മനുഷ്യാവതാരംചെയ്ത പുത്രനായ ദൈവത്തിലൂടെ മനുഷ്യവംശം സ്വർഗ്ഗത്തിൽ കാലുകുത്തിയിരിക്കുന്നു. മരണം ഇനി അവസാന വാക്കല്ല, ഒന്നുമില്ലായ്മയിലേക്കുള്ള വീഴ്ചയല്ല. മരണത്തിന്റെ നിഴൽ വീണ താഴ്വരയിൽ, ജീവന്റെ വെളിച്ചം പ്രസരിച്ചിരിക്കുന്നു. മരണം കീഴടക്കപ്പെട്ടിരിക്കുന്നു, യേശുവിന്റെ ഉത്ഥാനത്തിലൂടെ സ്വർഗ്ഗത്തിലേക്ക് ഒരു പാലം പണിയപ്പെട്ടിരിക്കുന്നു. യേശുവിൽ വിശ്വസിക്കുന്ന ഏവരും നിത്യജീവൻ അവകാശമാക്കാൻ അവിടുന്ന് വരം നല്കിയിരിക്കുന്നു. പ്രത്യാശയുടെ ഈ സദ്വാർത്ത ആഘോഷിക്കുന്നതാണ് ഉയിർപ്പ് തിരുനാൾ.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ലോകചരിത്രത്തെത്തന്നെ മാറ്റിയിരിക്കുന്നു. ഉത്ഥാനത്തിന്റെ പ്രാധാന്യം എന്താണെന്ന് മനസ്സിലാക്കുവാൻ യേശുവിന് മുമ്പ് മരണത്തെക്കുറിച്ചുള്ള സങ്കല്പം എന്തായിരുന്നു എന്ന് അറിയുക അനിവാര്യമാണ്. എപ്പിക്യൂറസ് എന്ന് യവന ചിന്തകൻ, ആത്മാവ് എന്നൊന്നില്ലെന്നും, മരണത്തോടുകൂടി മനുഷ്യൻ മൃഗത്തെപ്പോലെതന്നെ ഇല്ലാതാകും എന്നും പഠിപ്പിച്ചു. അതേസമയം യവന തത്വചിന്തകരായ സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും അഭിപ്രായമനുസരിച്ച് ആത്മാവ് ശരീരമാകുന്ന തടവറയിലാണ്. മരണത്തോടെ അമർത്ത്യമായ ആത്മാവ് ശരീരമാകുന്ന തടവറയിൽനിന്ന് സ്വതന്ത്രമാകുന്നു. ഇസ്രായേല്യരുടെ മരണസങ്കല്പം അബ്രഹാമിന്റെ കാലഘട്ടംമുതൽതന്നെ തുടർച്ചയായ പരിണാമത്തിന് വിധേയമായതായി കാണാനാകും.

### മരണവും പാതാളവും പഴയനിയമ വീക്ഷണത്തിൽ

ആദ്യ കാലഘട്ടങ്ങളിൽ മരണത്തെ മനുഷ്യജീവിതത്തിന്റെ സ്വാഭാവികമായ അന്ത്യമായാണ് ഇസ്രായേല്യർ മനസ്സിലാക്കിയിരുന്നത്. മനുഷ്യൻ ശരീരത്തിന്റെയും ആത്മാവിന്റെയും ഐക്യമാണ് എന്ന സങ്കല്പം ആദ്യനാളുകളിൽ ഇസ്രായേല്യർക്ക് തികച്ചും അപരിചിതമായിരുന്നു. മരണത്തിന് ശേഷമുള്ള ഒരു ജീവനെക്കുറിച്ച് അവർ ചിന്തിച്ചിരുന്നില്ല. എന്നാൽ ഇസ്രായേലിന് ചുറ്റുമുണ്ടായിരുന്ന വിവിധ വിജാതീയസംസ്കാരങ്ങളും ഗോത്രങ്ങളും സ്വർഗ്ഗം, ഭൂമി, പാതാളം എന്ന ത്രിതല പ്രപഞ്ചഘടനയിൽ വിശ്വസിച്ചിരുന്നു. സ്വർഗ്ഗം ആകാശത്തിനുപരിയാണ്, അത് ദൈവങ്ങൾ അധിവസിക്കുന്ന സ്ഥലമാണ്. മനുഷ്യർ ഭൂമിയിലും, മരിച്ചവർ പാതാളത്തിലും കഴിയുന്നു എന്നവർ വിശ്വസിച്ചിരുന്നു. ഹീബ്രുവിൽ 'ഷെയോൾ' (Sheol)

എന്നും, ഗ്രീക്കിൽ 'ഹാദെസ്' (Hades) എന്നുമാണ് പാതാളത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങൾ. പാതാളം ഭൂമിയ്ക്കടിയിലാണ് സ്ഥിതി ചെയ്യുന്നത്. മൃതരെ ആറടി മണ്ണിൽ സംസ്കരിക്കുന്ന രീതി അവരെ അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടാകാം. അയൽക്കാരുടെ ഈ പാതാളസങ്കല്പത്തിൽ ഇസ്രായേല്യർ ആകൃഷ്ടരാവുകയും ഈ സങ്കല്പം കടമെടുക്കുകയും ചെയ്തു. പാതാളം എന്ന സങ്കല്പത്തെ പരിഷ്ക്കരിച്ചുകൊണ്ട് അവർ ഇങ്ങനെ പഠിപ്പിച്ചു: മരണശേഷം ഒരു വ്യക്തിയുടെ പ്രാണൻ (Rephaim) പാതാളത്തിലേക്ക് (Sheol) പോകുന്നു. പാതാളം അന്ധകാരം ചൂഴ്ന്ന് നിൽക്കുന്ന ഇടമാണ് (ജോബ് 10:21). പാതാളത്തിൽ പതിക്കുന്നവർക്ക് അവിടെനിന്ന് ഭൂമിയിലേക്ക് തിരിച്ചുവരാൻ സാധിക്കുന്നില്ല (ജോബ് 7:9). പാതാളത്തിലുള്ളവർ ദൈവത്തിൽനിന്നും, ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരിൽ നിന്നും ബന്ധം വിച്ഛേദിക്കപ്പെട്ട അവസ്ഥയിൽ കഴിയുന്നു; പാതാളത്തിലുള്ളവർ ദൈവത്താൽ പരിത്യജിക്കപ്പെട്ടവരാണ് (സങ്കീ: 88:56). അവർക്ക് ദൈവത്തെ സ്തുതിക്കാൻ കഴിയില്ല (സങ്കീ: 6:5). ചുരുക്കത്തിൽ, പാതാളം ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും അവസ്ഥയാണ്.



മറ്റ് സംസ്കാരങ്ങളിൽനിന്ന് ഇസ്രായേൽ കടമെടുത്ത പാതാളസങ്കൽപം; മരണത്തോടെ മനുഷ്യൻ പൂർണ്ണമായി ഇല്ലാതാകുന്നില്ല എന്നും അവന്റെ നിഴൽ പോലെയുള്ള അസ്തിത്വം പാതാളത്തിൽ തുടരുന്നു എന്നുമുള്ള ചിന്തയിലേക്ക് നയിച്ചു. പക്ഷെ പിന്നീട് ഈ ചിന്ത വലിയ വിശ്വാസപ്രതിസന്ധിക്ക് വഴിതെളിച്ചു: നീതിമാന്റെയും ദുഷ്ടന്റെയും നിശ്ചയമായ അന്ത്യയിടം പാതാളമാണെങ്കിൽ ദൈവികനീതിയെ എങ്ങനെ മനസ്സിലാക്കും? (സഭാ. 2:16). ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിൽ ദൈവത്തിൽ വിശ്വസിക്കുകയും അവിടത്തെ കൽപനകൾ പാലിച്ച് നീതിനിഷ്ഠരായി ജീവിക്കുകയും ചെയ്യുന്നവർക്ക് മരണാനന്തരം ഒരു പ്രതിഫലവും ഇല്ലേ? ഈ ഭൂമിയിൽ ദൈവത്തെ നിഷേധിക്കുകയും നീതിമാനെ ദ്രോഹിക്കുകയും ചെയ്ത ദുഷ്ടന് അവന്റെ പ്രവൃത്തിക്ക് തക്ക ശിക്ഷയില്ലെങ്കിൽ നീതിമാനായി ജീവിക്കുന്നതിന്റെ പ്രസക്തി എന്താണ്? വിശ്വാസത്തിന്റെ ഈ പ്രതിസന്ധി ഇസ്രായേല്യരെ ആഴമായ ധ്യാനത്തിലേക്ക് നയിച്ചു. നീതിയോടെയും വിശ്വസ്തതയോടെയും വർത്തിച്ചവരെ മരണത്തിനുപോലും ദൈവത്തിൽനിന്ന് അകറ്റാനാവില്ല എന്ന വിശ്വാസത്തിലേക്ക് അവർ വളർന്നു. ഈ ചിന്ത സങ്കീർത്തനങ്ങളിൽ പ്രകടമാണ് (16:10, 49:15, 73:24 – 26). സങ്കീർത്തനം 49:15 ൽ നാം ഇപ്രകാരം വായിക്കുന്നു: "ദൈവം എന്റെ പ്രാണനെ പാതാളത്തിന്റെ പിടിയിൽനിന്നും വീണ്ടെടുക്കും; അവിടുന്ന് എന്നെ സ്വീകരിക്കും." എന്നാൽ പാപികൾ നിരാശയുടെ പടുകുഴിയിൽ കൂപ്പുകുത്തും (സങ്കീ 9:17). ഇസ്രായേലിനെ പീഡിപ്പിച്ച എല്ലാവരേയും യഹോവ കഠിനമായി ശിക്ഷിക്കുമെന്നും പാതാളത്തിന്റെ അധോഭാഗങ്ങളിലേക്ക് അവർ എറിയപ്പെടുമെന്നും ബാബിലോണിയൻ വിപ്രവാസാനന്തരം ഇസ്രായേൽജനത വിശ്വസിച്ച് തുടങ്ങി (എസെ 32:23).

നീതിമാനും ദുഷ്ടനും മരണശേഷം പാതാളത്തിൽ നിപതിച്ചാലും അവിടെയുള്ള അനുഭവം ഇരുകൂട്ടർക്കും വ്യത്യസ്തമായിരിക്കും എന്ന അവബോധം ശക്തമായി. പാതാളത്തിൽ നിന്ന് നീതിമാന്റെ പ്രാണനെ ഒരുനാൾ ദൈവം വീണ്ടെടുത്ത് തന്റെ കരങ്ങളിൽ സ്വീകരിക്കും എന്ന പ്രത്യാശ ഇസ്രായേല്യരെ ഭരിച്ചുതുടങ്ങി. നീതിമാന്മാർ പാതാളത്തിന്റെ മുകൾത്തട്ടിൽ അബ്രാഹത്തിന്റെ മടിയിൽ വിശ്രമിക്കുന്നു എന്ന വിശ്വാസം ബി.സി രണ്ടാം നൂറ്റാണ്ടോടുകൂടി ഇസ്രയേൽക്കാർക്കിടയിൽ പ്രബലമായി. ഈ ലോകജീവിതത്തിലെ സുദൃഢമായ ദൈവസംസർഗം മരണത്തേക്കാൾ ശക്തമാണ് എന്നതായിരുന്നു പഴയനിയമ മരണാന്തര സങ്കല്പത്തിന്റെ കേന്ദ്ര ആശയം. നീതിമാനെ പാതാളത്തിൽ ഉപേക്ഷിക്കാൻ ദൈവത്തിനാവില്ല എന്ന ചിന്ത മരണത്തെ പ്രത്യാശയോടെ സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു.

### മരണം: പുതിയനിയമ വീക്ഷണത്തിൽ

പഴയനിയമ ദർശനങ്ങളുടെ തുടർച്ചയും പൂർണതയുമാണ് പുതിയനിയമത്തിൽ കാണുന്നത്.

ധനവാന്റെയും ലാസറിന്റെയും ഉപമയിൽ മരണശേഷം ലാസർ അബ്രാഹത്തിന്റെ മടിയിലും, ധനവാൻ തീനരകത്തിലും നിപതിക്കുന്നത് കാണാം (ലൂക്കാ 16:19 – 31). നീതിമാനും ദുഷ്ടനുംവേണ്ടി പാതാളത്തിൽ സജ്ജമാക്കിയിരിക്കുന്ന രണ്ട് വ്യത്യസ്ത അവസ്ഥകളിലേക്ക് ഇത് വിരൽചൂണ്ടുന്നു. പാതാളത്തെ ഭൂമിക്കിടയിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമായിട്ടല്ല മനസ്സിലാക്കേണ്ടത്. ആരുടെയും ശബ്ദം കടന്ന് ചെല്ലാത്തതും അന്ധകാരം നിറഞ്ഞതും ഭയാനകവുമായ ഏകാന്തതയാണ് മരണം. മനുഷ്യന് തനിച്ച് മാത്രം കടക്കാവുന്ന ഒരു വാതിലാണ് മരണത്തിന്റെ കവാടം. മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽതന്നെ മനുഷ്യനെ ഗ്രസിക്കുന്ന ഏറ്റവും വലിയ ഭയവും ഏകാന്തതയുടെ ഭയമാണ്. ഈ അവസ്ഥയെ സൂചിപ്പിക്കുന്ന ശക്തമായ പദം എന്ന് നിലയ്ക്ക് വേണം പാതാളത്തെ മനസ്സിലാക്കാൻ. രണ്ടാമതായി, ഈ ജീവിതത്തിൽ ദൈവനിഷേധത്തിലൂടെയും, അപരനെ അവഗണിക്കുകയും, വെറുക്കുകയും ചെയ്യുന്നതിലൂടെയും ഒരുവൻ ദൈവത്തിൽനിന്ന് അകന്ന അവസ്ഥയിൽ ആയിരിക്കും എന്ന് സൂചിപ്പിക്കുന്ന സങ്കൽപമാണ് പാതാളം. വിശ്വാസം, അനുസരണം, ദൈവസ്നേഹം, പരസ്നേഹം എന്നിവയിലൂടെ ദൈവസംസർഗത്തിൽ ജീവിച്ച് മരണമടയുന്ന വ്യക്തിയുടെ ആത്മാവ് മരണാനന്തരം ദൈവകരങ്ങളിലാണെന്ന യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന പ്രയോഗമാണ് അബ്രഹാമിന്റെ മടിത്തട്ട്.

## യേശുക്രിസ്തുവിന്റെ പാതാള പ്രവേശനം

യേശു പാതാളത്തിലേക്കിറങ്ങി എന്ന അപ്പസ്തോലിക വിശ്വാസപ്രമാണത്തിലെ പ്രബോധനത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ഒന്നാമതായി, എല്ലാ മനുഷ്യരെയുംപോലെ ക്രിസ്തു മരിച്ചു; അവന്റെ ശരീരവും ആത്മാവും സത്യമായും വേർപ്പെട്ടു എന്നാണിതിന്റെ അർത്ഥം. മനുഷ്യനായിതീർന്ന ദൈവപുത്രന്റെ ശൂന്യവത്കരണത്തിന്റെ ആഴത്തെയാണ് ഇത് വെളിപ്പെടുത്തുന്നത്.

രണ്ടാമതായി, മനുഷ്യൻ ഭയക്കുന്ന അവന്റെ ഏകാന്തതയിലൂടെ, ശൂന്യതയിലൂടെ സ്നേഹം മാംസമായവൻ നടന്നുപോയി; അന്ധകാരത്തിന്റെ ദേശത്ത് പ്രകാശമായവൻ പ്രവേശിച്ചു; ഒരു ശബ്ദവും കടന്നുചെല്ലാത്ത നിശബ്ദതയിലേക്ക് വചനമായ ദൈവം കടന്നുചെന്നു എന്നാണ് ഈ പ്രയോഗത്തിലൂടെ നാം മനസ്സിലാക്കേണ്ടത്. യേശുക്രിസ്തുവിന്റെ പാതാള പ്രവേശനത്തിലൂടെ മരണം/പാതാളം നശിപ്പിക്കപ്പെട്ടിരിക്കുന്നു. മരണത്തിന് മരണം സംഭവിച്ചിരിക്കുന്നു. മരണത്തിന്റെ മദ്ധ്യത്തിൽ ഇപ്പോൾ ജീവനുണ്ട്. അവൻ അന്ധകാരത്തെ പ്രകാശംകൊണ്ടും ഏകാന്തതയേയും ശൂന്യതയെയും, സ്നേഹംകൊണ്ടും നിശ്ശബ്ദതയെ ശബ്ദംകൊണ്ടും ഇല്ലാതാക്കിയിരിക്കുന്നു. 'മൃതിയെക്കൊന്നു തകർത്താപ്പാതാളത്തിൻ വാതിൽ...'എന്ന് കൃംതാ പ്രഭാതപ്രാർത്ഥനയിൽ നാം പാടുന്നു. ആദത്തിന്റെ പാപംമൂലം ക്രിസ്തുവിനുമുമ്പ് ജീവിച്ച് മരണമടഞ്ഞ സകല പരേതരും പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നു എന്ന യഹൂദവിശ്വാസത്തിന്റെ വെളിച്ചത്തിൽ വേണം ഈ പ്രയോഗത്തെ നാം മനസ്സിലാക്കാൻ. പാതാളത്തിന്റെ കവാടങ്ങൾ ഇനി തുറക്കപ്പെട്ടിരിക്കുന്നു. 'മരണത്തിനുള്ളിൽ ജീവനും സ്നേഹവും വസിക്കുന്നതിനാൽ മരണകവാടങ്ങൾ തുറക്കപ്പെട്ട് കിടക്കുന്നു' എന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പാ ക്രിസ്തുധർമ്മ പ്രവേശിക എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു (പുറം. 390 – 91).

മൂന്നാമതായി, മരണശേഷം യേശു പാതാളത്തിലേക്കിറങ്ങിയെന്നും പാതാളവാസികളോട് സുവിശേഷം പ്രസംഗിച്ചു എന്നും 1 പത്രോ 4:6 ൽ നാം വായിക്കുന്നു. മൃതരുടെ വാസസ്ഥലം എന്ന് വിശ്വസിച്ചിരുന്ന പാതാളത്തിൽ മൃതനായ യേശുക്രിസ്തു ഇറങ്ങി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ആദംമുതൽ തനിക്ക് മുമ്പേ മരിച്ച സകലർക്കും അവിടുന്ന് തന്നെ തന്നെ വെളിപ്പെടുത്തി കൊടുക്കുന്നു എന്നാണ്. ദൈവം ത്രിയേക ദൈവമാണെന്നും യേശു ഏക രക്ഷ



കനാണെന്നുമുള്ള സത്യം പാതാളവാസികൾക്ക് വെളിപ്പെടുത്തപ്പെടുന്നു. അങ്ങനെ സങ്കീ 49:15 – ൽ രക്ഷകനെക്കുറിച്ചുളള വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നു. ദു:ഖശനി ഒൻപതാംമണിയുടെ പ്രാർത്ഥനയിലെ പ്രുമിയോനിൽ നാം വായിക്കുന്നു:'സ്വമനസ്സാലെ ജഡത്തിൽ മരിച്ചവനായ മിശിഹാതമ്പുരാനെ, തിരുമനസ്സാലെ നീ പാതാളത്തിലേക്കിറങ്ങി. നീ മരിച്ചവരുടെ ഇടയിൽ സ്വതന്ത്രനാകുന്നു. സംസ്കരിക്കപ്പെട്ടവരോട് ജീവന്റെ ശരണം നീ അറിയിച്ചു. മരിച്ചവരോട് പുനരുത്ഥാനം പ്രസംഗിച്ച് മരണമുള്ളവർക്ക് ഉയിർപ്പ് വാഗ്ദാനം ചെയ്തു'. പുനരുത്ഥാനവും ജീവനും താനാണെന്നുള്ള യേശുക്രിസ്തുവിന്റെ വചനം, പാതാളത്തിൽ അബ്രാഹത്തിന്റെ മടിത്തട്ടിൽ ആയിരുന്നവർക്ക് അതായത് രക്ഷകനെ കാത്തുകഴിഞ്ഞ നീതിമാൻമാർക്ക് വലിയ സദ്വാർത്തയായിരുന്നു.

ഞായർ സന്ധ്യയിലെ കോലോ പ്രാർത്ഥനയിൽ യേശു എന്ന രണ്ടാം ആദം (1 കൊറി 15/45), മനുഷ്യവംശത്തിന്റെ പിതാവായ ആദത്തെ പാതാളത്തിൽവച്ച് കണ്ടുമുട്ടുന്ന മനോഹരമായ രംഗം അവതരിപ്പിക്കുന്നു. ആദാം തന്റെ സ്യഷ്ടാവും രക്ഷകനുമായ കർത്താവിനെ കാണുമ്പോൾ ആനന്ദഭരിതനായും വിസ്മയപൂർവ്വവും നിൽക്കുന്നു. തന്റെ പാപംമൂലം പീഡയേൽക്കുകയും സ്വയം ബലിയായിതീരുകയും ചെയ്തവന്റെ മുറിവുകൾ കണ്ട് സങ്കടപ്പെടുന്ന ആദത്തെ ആശ്വസിപ്പിച്ചുകൊണ്ട് നാഥൻ പറയുന്നു: 'നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ,' എന്നാൽ, 'ഖേദിക്കേണ്ട നിൻ പാപത്തെ ഓർത്തിനിയും നീ. 'ആദത്തെയും ദൈവകല്പനകൾ അനുസരിച്ച് ജീവിച്ച സകല നീതിമാൻമാരെയും പാതാളത്തിൽനിന്ന് മോചിപ്പിച്ച് പിതാവിന്റെ പക്കൽ കൊണ്ട് പോകുവാൻ വേണ്ടിയാണ് യേശു പാതാളത്തിലേക്കിറങ്ങിയത്. 'മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്നതിനും, ശ്രവിക്കുന്നവർ ജീവിക്കുന്നതിനും (യോഹ 5:25) വേണ്ടി ക്രിസ്തു മരണത്തിന്റെ അഗാധതയിലേക്ക് ഇറങ്ങിച്ചെന്നു. ജീവന്റെ കർത്താവായ യേശു മരണം വരിച്ചുകൊണ്ടു പിശാചിനെ നശിപ്പിക്കുകയും മരണഭീതിയിൽ ജീവിതകാലം മുഴുവനും ബന്ധനത്തിലായിരുന്നവരെ വിമോചിപ്പിക്കുകയും ചെയ്തു (ഹെബ്രാ 2:14 – 15). ഇനിമേൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ഉത്ഥിതനായ ക്രിസ്തുവിന്റെ കൈയിലാണ്. അതുകൊണ്ട് യേശുവിന്റെ നാമം കേൾക്കുമ്പോൾ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള എല്ലാ മുട്ടുകളും മടങ്ങണം (വെളി 01:18, ഫിലി 2:10) (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, 635).

യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ പരിസമാപ്തിവരെ പഴയനിയമവിശുദ്ധർക്ക് സ്വർഗ്ഗം തുറക്കപ്പെട്ടിരുന്നില്ല. എന്നാൽ, യേശുവിന്റെ പാതാളപ്രവേശനം അവർക്ക് രക്ഷയുടെ സുദിനമായി പരിണമിച്ചു. ദു:ഖശനി ഒൻപതാംമണിയിലെ സെദറാ പ്രാർത്ഥനയിൽ ഈ ആശയം വ്യക്തമായി കാണാം. 'കർത്താവ് തന്റെ ഭക്തന്മാർക്ക് ഇന്ന് രക്ഷ വെളിപ്പെടുത്തി. പുറജാതികളുടെ ഇടയിൽ തന്റെ നീതി കാണിച്ചു...ഇന്നാകുന്നു രക്ഷ. ഇന്നാകുന്നു സാക്ഷാൽ പെരുന്നാൾ. ഇന്നാകുന്നു സന്തോഷം'.

ദു:ഖശനി ആറാംമണിയുടെ സെദറാ, യേശുവിന്റെ പാതാളപ്രവേശനത്തെ 'സുവിശേഷത്തിന്റെ ശനിയാഴ്ച' എന്ന് വിശേഷിപ്പിക്കുന്നു. യഹൂദസങ്കല്പപ്രകാരം പാതാളത്തിലുള്ളവർക്ക് ദൈവത്തെ സ്തുതിക്കുവാൻ കഴിയുമായിരുന്നില്ല. അവർ നിശ്ശബ്ദരായിരുന്നു. എന്നാൽ ഇന്ന് ഭൂമി മുഴുവനും നിശ്ശബ്ദമായിരിക്കുമ്പോൾ, പാതാളത്തിൽ സ്തുതികൾ ഉയരുന്നു. സ്നേഹംതന്നെയായ ദൈവം പാതാളത്തിൽ ഇറങ്ങിവന്നപ്പോൾ പാതാളം ഇല്ലാതായിരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുകയും അവിടത്തെ കൽപനകൾ പാലിച്ച് നീതിനിഷ്ഠരായി ജീവിക്കുകയും ചെയ്യുന്നവർ മരണത്തെയോ, ഏകാന്തതയുടെയും ശൂന്യതയുടെയും അന്ധകാരത്തിന്റെയും പ്രതീകമായ പാതാളത്തെയോ ഭയക്കേണ്ടതില്ല. കാരണം, സ്നേഹം പാതാളത്തെക്കാൾ ശക്തമാണ്.





# നിയമം അനുസരിക്കാനുള്ളതാണ്

മോൺ. ചെറിയാൻ താഴമൺ
(വികാരി ജനറാൾ,
തിരുവല്ല അതിഭദ്രാസനം)

സുവിശേഷത്തിലൂടെ കണ്ടുമുട്ടുന്ന യേശുവിന്റെ ഒരു പ്രത്യേകതയായിരുന്നു, സമൂഹത്തിന്റെയും സമുദായത്തിന്റെയും രാജ്യത്തിന്റെയും നിയമങ്ങൾ അനുസരിക്കുകയും അനുസരിക്കാൻ തന്റെ അനുയായികളെ പഠിപ്പിക്കുകയും ചെയ്യുക എന്നത്. നിയമത്തെ അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത് (മത്താ. 5: 17) എന്നാണല്ലോ യേശുനാഥൻ തന്നെക്കുറിച്ചുതന്നെ പറയുന്നതും. ദൈവാലയനികുതി കൊടുക്കുന്നതിനെക്കുറിച്ച് ചോദ്യം ഉണ്ടായപ്പോഴും.....അവർക്ക് ഇടർച്ച യുണ്ടാകാതിരിക്കാൻ നീ കടലിൽപോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും, അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക'(മത്താ. 17: 27) എന്നാണ് യേശുനാഥൻ പറയുന്നത്. രാജ്യത്തിന്റെ നിയമാനുസൃതമായ നികുതി കൊടുക്കുന്നതിനെക്കുറിച്ച് ചോദ്യമുണ്ടായപ്പോഴും അദ്ദേഹത്തിന്റെ ഉത്തരം, സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക (മത്താ. 22: 21) എന്നായിരുന്നു. പൊതുനന്മയ്ക്കുവേണ്ടിയുള്ള നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുക ഉത്തരവാദിത്വമുള്ള ഓരോ പൗരന്റെയും കടമയും ചുമതലയുമാണ്. കാരണം, നിയമങ്ങളുടെ ലക്ഷ്യം സമൂഹത്തിലുള്ള എല്ലാവരുടെയും സുസ്ഥിതിയും നിലനില്പുമാണ്. സമൂഹത്തിൽ നിയമവും നിയമസംരക്ഷകരും ഉണ്ടായതുതന്നെ സമൂഹത്തിലുള്ള സകലരുടെയും അവകാശസംരക്ഷണത്തിനാണ്. നായാടികൾ നാഗരികതയിലേക്ക് വളർന്നപ്പോഴാണല്ലോ നിയമവും നിയമവ്യവസ്ഥിതയും നിയമപാലകരുമൊക്കെ ഉണ്ടായത്. സമൂഹത്തിന് ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുക എന്നതും അത് പാലിക്കുക എന്നതും സംസ്കാരമുള്ള സമൂഹത്തിന്റെയും സമൂഹത്തിലെ വ്യക്തികളുടെയും പ്രത്യേകതയാണ്. എന്നാൽ, നിയമത്തെ മറികടക്കാനുള്ള പ്രവണതയ്ക്ക് നിയമത്തോളംതന്നെ പഴക്കമുണ്ട്. സൃഷ്ടിയുടെ ആരംഭത്തിൽ ആദിമാതാപിതാക്കളായ ആദാമിലും ഹവ്വായിലും തുടങ്ങുന്നു ഈ പ്രവണത.

ആദിമാതാപിതാക്കളുടെ നിയമലംഘനം വരുത്തിവച്ച വിനയെക്കുറിച്ച് അറിവുള്ളവരാണല്ലോ നാം. ഇപ്പോൾ ഇതൊക്കെ, പറയാനെന്താണ് കാരണമെന്ന് വായനക്കാർ ചിന്തിച്ചേക്കാം. ഇറ്റലിയിൽനിന്ന് കേരളത്തിലെത്തിയ ഒരു കുടുംബത്തിലെ മൂന്നു പേരുടെ നിരുത്തരവാദപരമായ പെരുമാറ്റംമൂലം സംസ്ഥാനമാകെ കോവിഡ് 19 ഭീതിയിലായിരിക്കുന്നു. യുദ്ധസമാനമായ ഭീകര അന്തരീക്ഷം, സംസ്ഥാനം അക്ഷരാർത്ഥത്തിൽ സ്തംഭനാവസ്ഥയിൽ; വിജനമായ നിരത്തുകൾ, അടഞ്ഞുകിടക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആഘോഷങ്ങൾക്കും ജനം ഒന്നിച്ചുകൂടുന്ന ചടങ്ങുകൾക്കും വിലക്ക്, ആരാധനാലയങ്ങൾപോലും അടച്ചിട്ടിരിക്കുന്നു, ആയിരങ്ങൾ ആശുപത്രികളിലും ഏകാന്തസ്ഥലങ്ങളിലും ഭവനങ്ങളിലും ചികിത്സയിലും നിരീക്ഷണത്തിൽ, സംസ്ഥാനം മുഴുവൻ അതീവ ജാഗ്രതയിൽ. നാടുമുഴുവൻ ഇറ്റലിയിൽ നിന്നെത്തിയ മൂന്നംഗ കുടുംബത്തെ കുറ്റപ്പെടുത്തുന്നു. എന്താണ് അവരുടെ തെറ്റ്? കൊറോണാവൈറസ് ബാധയുള്ള രാജ്യത്തുനിന്ന് ഇന്ത്യയിലേക്ക് വരുന്നവർ വിമാനത്താവളത്തിൽ പ്രസ്തുത

വിവരം വെളിപ്പെടുത്തുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം ഏതാനും ദിവസങ്ങൾ മറ്റുള്ളവരുമായി സമ്പർക്കത്തിൽ ഏർപ്പെടാതെ ഒറ്റപ്പെട്ട് താമസിച്ച് രോഗബാധയില്ലെന്ന് ഉറപ്പുവരുത്തുകയും, രോഗബാധയുണ്ടങ്കിൽ വേണ്ടത്ര വിശ്രമത്തിലൂടെ രോഗവിമുക്തി നേടിയിട്ടേ മറ്റുള്ളവരുമായി ഇടപഴകാവു എന്നുള്ള സർക്കാർ നിർദ്ദേശം അവഗണിക്കുകയും, ഭവനത്തിലും, ബന്ധുജനങ്ങൾക്കിടയിലും സമൂഹത്തിലുമായി അനേകരുമായി ഇടപെടുകയും ചെയ്തു. അതുവഴി ഒരു നാടുമുഴുവൻ മുൾമുനയിലായി. മൂന്ന് പേരുടെ അശ്രദ്ധയോ, അഹങ്കാരമോ, അറിവില്ലായ്മയോ ? നിയമവും നിർദ്ദേശവും പാലിക്കുന്നതിൽ വരുത്തിയ വീഴ്ച. അനുസരണവും വിധേയപ്പെടലും എന്തോ കുറവും അഭിമാനക്ഷതവുമായി കരുതിയതുകൊണ്ടുണ്ടായ ദുർഗതി.

സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭരണവ്യവസ്ഥിതികളുടെയും നിയമ വ്യവസ്ഥിതികളുടെയുമൊക്കെ ചരിത്രം പഠിച്ചാൽ മനസ്സിലാകും വ്യക്തികളുടെയും സമൂഹത്തിന്റെയും സുരക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും അവകാശ സംരക്ഷണത്തിനുമാണ് നിയമങ്ങൾ ഉടലെടുത്തത് എന്ന്. പൊതുവായ നിയമങ്ങളും പൊതുസമൂഹത്തിന്റെ സുരക്ഷയെപ്രതി നല്കപ്പെടുന്ന നിർദ്ദേശങ്ങളും അനുസരിക്കുക ഏതൊരു ഉത്തരവാദിത്വബോധമുള്ള പൗരന്റെയും സംസ്കാരചിത്തന്റെയും കടമയാണ്. അനുസരിക്കാത്തവരെ അനുസരിപ്പിക്കുക ഭരണാധികാരികളുടെ ചുമതലയുമാണ്. മനുഷ്യനായി ഈ മണ്ണിൽ പിറന്ന ദൈവപുത്രൻപോലും നാടിന്റെയും സമൂഹത്തിന്റെയും നിയമങ്ങൾ അനുസരിക്കുന്നതും അനുസരിക്കാൻ പ്രബോധിപ്പിക്കുന്നതുമാണല്ലോ ലേഖനത്തിന്റെ തുടക്കത്തിൽ നാം കണ്ടത്.

ഒരു കുടുംബത്തിലെ മൂന്നുപേർ ഇറ്റലിയിൽനിന്ന് ഖത്തർവഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തി ബന്ധുവീട്ടിൽ കയറിയിട്ട് സ്വന്തം ഭവനത്തിൽ എത്തുന്നു. തുടർന്നുള്ള ദിവസങ്ങളിൽ നാട്ടിലാകെ സഞ്ചരിക്കുന്നു. ചൈന കഴിഞ്ഞാൽ ഏറ്റവും അധികം കൊറോണ വൈറസ് ബാധയുള്ള രാജ്യമാണ് ഇറ്റലി. അവിടെനിന്ന് കേരളത്തിലെത്തിയവർ വിദ്യാഭ്യാസമില്ലാത്തവരോ ആരോഗ്യപരിപാലനത്തെക്കുറിച്ച് അറിവില്ലാത്തവരോ അല്ല. കൊറോണവൈറസ് ബാധയുള്ള രാജ്യങ്ങളിൽനിന്ന് വരുന്നവർ ഏതാനും ദിവസം സമൂഹത്തിൽനിന്ന് മാറി താമസിക്കുകയും, വൈറസ്ബാധയില്ലെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം പൊതുസമൂഹത്തിലേക്കിറങ്ങുകയും ചെയ്യുക എന്ന നിബന്ധനയും നിർദ്ദേശവും അറിവില്ലാത്തവരല്ല അവർ. പിന്നെ എന്താണ് സംഭവിച്ചത് ? അവർ അവരുടെ കാര്യം മാത്രം നോക്കി. മറ്റുള്ളവരെക്കുറിച്ച് യാതൊരു പരിഗണനയും അവർക്കില്ലാതെ പോയി. അഹങ്കാരവും, അപരരെക്കുറിച്ച് അവജ്ഞയും. പരിമിതമായ അവധിദിവസങ്ങൾക്കുള്ളിൽ സന്ദർശിക്കേണ്ടവരെയൊക്കെ സന്ദർശിച്ച്, വാങ്ങേണ്ട സാധനങ്ങളൊക്കെ വാങ്ങി തങ്ങളുടെ കാര്യങ്ങളൊക്കെ സാധിച്ച് തിരികെ പോകുക. അപരനെക്കുറിച്ച് അശേഷം ചിന്തയില്ലാത്ത പെരുമാറ്റം. രോഗലക്ഷണം കണ്ടിട്ടുപോലും യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്താൻ വൈമനസ്യം കാണിച്ചു. പേബാധയുള്ള നായ്ക്കൾ ഓടിനടന്ന് കാണുന്നവരെയൊക്കെ കടിക്കുന്നതുപോലെയുള്ള ഭ്രാന്തൻ നടപടി. ഒരു രാജ്യത്തിന്റെ കഠിനാദ്ധ്വാനങ്ങളെ മുഴുവൻ പരാജയപ്പെടുത്താൻ മൂന്നുപേർ മതിയെന്ന് ഈ കുടുംബം തെളിയിച്ചു.

ഇറ്റലിയിൽനിന്നു വന്നവരെ പഴിച്ചിരുന്നിട്ട് ഇനി കാര്യമില്ല. പന്ത് ഇപ്പോൾ നമ്മുടെ ഓരോരുത്തരുടെയും കളത്തിലാണ്. ഉത്തരവാദിത്വമുള്ള പൗരന്മാരായി പെരുമാറുക. എല്ലാക്കാലത്തും മാതൃകാപരമായ പൗരബോധം പ്രകടമാക്കിയിട്ടുള്ള ജനതയാണ് നാം. സഹജീവികളോടുള്ള കരുതൽ ഈ പൗരബോധത്തിന്റെ ആണിക്കല്ലാണ്. കൂട്ടായ്മകൊണ്ടും കരുതൽകൊണ്ടും ഏകോപനംകൊണ്ടും രണ്ട് പ്രാവശ്യം നിപ്പയെ തോല്പിച്ചതുപോലെ കൊറോണയെയും നമുക്ക് തോല്പിക്കാം. ഇവിടെ നമുക്കാവശ്യം അധികാരികളുടെ നിയമങ്ങളും നിർദ്ദേശങ്ങളും പാലിക്കുക എന്നതാണ്. തെറ്റായ വിവരങ്ങളും കിംവദന്തികളും പ്രചരിപ്പിക്കാതിരിക്കുക എന്നതും ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. ഒത്തൊരുമയോടും ഉത്തരവാദിത്വത്തോടും പെരുമാറിയാൽ ഈ പരീക്ഷണവും നാം അതിജീവിക്കും. നിരീക്ഷണത്തിനായി മാറ്റിപാർപ്പിച്ചിടത്തുനിന്ന് ഒളിച്ചുപോകുന്നവരും, സർക്കാരും അധികാരികളും നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കാത്തവരും, മാലിന്യങ്ങൾ വലിച്ചെറിയുന്നവരും, മുഖാവരണംപോലുള്ള അവശ്യസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നവരും, ഉപയോഗിച്ച മുഖാവരണം അശ്രദ്ധമായി പൊതുസ്ഥലത്ത് ഉപേക്ഷിക്കുന്നവരുമെല്ലാം, ഇറ്റലിയിൽനിന്നു വന്ന മൂന്നംഗ കുടുംബത്തെപ്പോലെതന്നെ കുറ്റക്കാരല്ലേ? നിയമം അനുസരിക്കാനുള്ളതാണ്. ലംഘിക്കാനുള്ളതല്ല. ഇംഗ്ലീഷ് ചരിത്രകാരനായ തോമസ് മുള്ളറിന്റെ വാക്കുകൾ ഓർക്കുക : 'ഒരാൾ എത്രയും ഉയരത്തിലാകട്ടെ, നിയമം അയാൾക്കും മുകളിലാണ്. അടുത്തദിവസം ലഭിച്ച ഒരു വാട്സാപ്പ് സന്ദേശത്തോടെ ചുരുക്കട്ടെ. ഒരു ആമ അതിന്റെ തോടിൽനിന്ന് പുറത്തുകടന്ന് അതിന്റെ മുകളിൽ കയറി നില്ക്കുന്ന ഒരു ചിത്രം. അതിന്റ അടിക്കുറിപ്പ് ഇപ്രകാരം : ഇതാണ് സ്വാതന്ത്ര്യമെന്ന് അവൾ വിശ്വസിച്ചു, പക്ഷെ അവൾക്കറിയില്ല, നഷ്ടപ്പെട്ടുപോയത് അവളുടെ സുരക്ഷ ആയിരുന്നു എന്ന്.



(കഴിഞ്ഞ ലക്കം മുതൽ, വിവിധ മേഖലകളിൽ നിസ്വാർത്ഥമായ ശുശ്രൂഷ ചെയ്യുന്ന വ്യക്തികളെയും അവരുടെ സേവനമേഖലകളെയും പരിചയപ്പെടുത്തുന്ന പംക്തി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ അറിയാമെങ്കിൽ ഐക്യദീപം ഓഫീസിൽ അറിയിക്കുമല്ലോ).

# My Mission Experiences in Haiti



**Dr. Sindhu S Nadarajan**

(Jesus Youth USA)

(Graduated from kottayam Medical college. Married to Sunil Nadarajan, have 5 kids and live in Florida now, Both of us are fulltime missionaries for Jesus youth).

It was one of my deepest desires to go to Africa as a missionary, ever since my conversion to Catholicism. But never got a chance! After coming to US, we tried to reach out to our African American brethren in some ways, but deep with in me, I wasn't satisfied and always felt that there is room for something more.

Ever since Haiti was hit by a massive earthquake in January 13, 2010, Jesus Youth of America has undertaken many mission trips to that country and is running many projects there; like youth mission, medical mission every 3 months, retreats and formation for the evolving Jesus youth haitian community there, formation of school kids whom we sponsor and their teachers etc.. In Haiti we work closely with Scalabrini priests, Missio B'elem (a Brazilian congregation of sisters and brothers living the spirit of poverty and love of the Holy family of Bethlehem), Missionaries of the Poor Brothers who run an orphanage for the severely debilitated children, Missionaries of charity etc. Most of our activities were in the 'Tent City' known as Camp corrail with the Scalabrini priests, where the people who lost everything during the earthquake were living in thousands of tents by a mountain, and in the slums of Warf jeremie, the most dangerous area near port Au Prince, with the Missio B'elem community .

Even though I very much wanted to go, I couldn't do so with the first mission trip due to my fourth pregnancy and I just had the baby during the second trip. Even though I desired much , I had to wait for 2 years to finally get there. When Fr Isaiah, the leader of the mission in camp Corrail asked JYA to come to Haiti and do a retreat for the youth and help out there during Pentecost celebrations, since we had many programs planned in US, most of the senior leaders were preoccupied. So I said "I can go with some others who could be spared and some youth too"! Then the question came, what will you do with baby Gianna who was less than 10 months and is breast feeding??? I said I'll go with the baby. But baby's pediatrician won't allow, somehow I convinced them that I won't give her the

water and food from there, which means I had to carry everything from US...! Even though I had my own fears, being a mother and a doctor, I thought this way..” What is the difference between the soul of any other Haitian child there and my Gia? Even with the best care, anything could happen to anybody if the Lord doesn’t take care.” Thus our small team arrived in Haiti during April 2011 for a 10 day mission. The Airport itself was not in good shape, not to talk about the roads and houses around. The trip to the place where we stayed was so heart breaking for us, we could see kids stopping us on the road asking for food and the likes. In the next few days we visited the tent city, Mother Therasa sisters house, Missio bele’m (a relatively new congregation of sisters, brothers and priests from Brazil, who live in utmost poverty among the poorest of the poors in the slums



in the city) and other missionaries and their work in Haiti. Every day we used to come home with a heavy heart seeing the sufferings of this people but at the same time we were consoled and deeply challenged by the selfless commitment and love of this people for the Haitians. Some of them have moved to that country with their kids and have decided to live there whole of their life time. I went to Haiti thinking that I could serve the people there, but it ended up that this trip served to teach me many life lessons ..! It’s rightly said ‘true mission will change missionaries. There are many stories to share from the different mission trips JYA did to Haiti, I will share a few from my visit.

Our task there was to conduct a retreat for some youth who comes to the church in camp Corrail regularly and to help conduct a Pentecost vigil at the parish, which was a make shift Shed with few chairs and benches. The floor was bare and all rocks and pebbles. After visiting the camps and meeting with the people, we all had our own fears, because none of us knew their language creole, their culture, way of life everything is different and what can we tell them, who has suffered much at the hands of the foreigners, whom they hate so much, who ruined their lives, made them lose their patrimony, a people with no roots and dignity. One seminarian even questioned me, “..what do you rich Americans expect to do for us without even knowing our language and in such short visit...”. I told him, “...brother this has been puzzling me ever since I came here, but now I have an answer. See, even though we don’t speak same language or share same culture or life style, we share a “BLOOD “relation, which binds us. So when you suffer here, don’t think the Church of Christ in the nearby continent

can live peacefully, we are one body, so when you are hurt, we too are hurt. And the good Lord will slowly lead us to initiatives to build each other. Let us prayerfully anticipate the unfolding of the Lord's plan for all of us."

So after much prayer, we decided to do the retreat like this, since most of them haven't been properly catechised, we will make them read a part of Bible, then do a visual presentation of the theme and then give a teaching which will be translated by a high school kid who knows English. The kids seem to pick up...The toughest topic was forgiveness which we didn't know how to present. There came to our help, the story of St. Josephine Bakita, an African American slave girl who went on to become a saint ... When she was asked many years after her conversion and becoming a sister, what would she do if she could see any of the people who abducted her from Africa, or tortured her even to near death, she said "I would kneel in front of him, kiss his hand and tell him, thank you for doing all these, because had you not done these to me, I would have died a pagan. Just because all these happened, I came to know Christ." There was not Even a single person in there, including us, whose eyes were not tearing at this. Needless to say there were many healing at the Adoration that followed, especially one girl who was gang raped and could not forgive for a long time. So the message we got while planning for the retreat, the vision of Ezekiel regarding the valley of dry bones came to pass thus.

When the one day retreat (Friday eve to Saturday eve) was ending we were surprised to see the fruits... The kids were so joyful and just clung to us and did not want to leave. ....we all felt that bond of deep love. Even Gia was playing with them and won't return to me since she has been going with them at church all these days. When it was time to leave, one boy came to us and asked "Can I take a shower once again before I go, with the soap you gave us last evening when we came?". When we said why not, he ran to his friends to share the good news! Probably that Friday night was the first time they would have ever slept on a bed and that Saturday may be only day since a long time some of them had 3 meals and had a good shower in along time!!!

Few people we met in Haiti deserves mentioning here whose life has touched us so deeply. First is Fr Isaiah, a 74 year old Italian priest who was the superior general of that congregation, after serving many years abroad decided to go to Haiti after the earth quake when he could have easily retired and lead a peaceful life either in Europe or in US. When he reached the 20 year old mission base in Haiti, most of the neighborhood were in ruin. He used to walk those 20 Km or more distance daily to visit these poor who were swarming in thousands to that area where relief from all over the world was pouring in which was only for some time. He was persistent in his visits and started to ride on a bicycle there daily and found a place to pitch a tent where



he could celebrate Holy Mass and bring Communion to the home bound. Our first JY missionaries who used to visit tents with this holy priest narrates incidents when even after being bullied by unbelievers or newly converted Protestants who would say many bad things about the Catholic Church and its priests, he would simply smile and still would give them food etc and never stopped going to them. Within an year we could send one full timer, Simi Sahu, to help Fr Isaiah and Yamile, one industrial engineer from Columbia who was with Fr. Later they got an old pick up truck which was our sole mode of transport when we reached there.



The day we had Pentecost vigil, we didn't know how to do the service. We simply translated some Taize songs through google translator to creole and while the Adoration was going on ! I had to go out with baby Gia who was crying .. When I looked around it was all dark except for the tent where the adoration is going on, since we had rented a generator to work the sound system. Even though there were people in nearby tents, they sit in the dark because they can't even afford a candle to light. I asked Lord, what did this your people do to deserve this? My gaze fell on the hills far away lit with a thousand lights were the few rich Haitians live. That made me more miserable. Then I was consoled by what our Lord Jesus said, "see all those rich people far away, seems to have everything, but they have built such high walls around them that even I can't enter. But look at these poor people who seem to have nothing, but they have opened their hearts and shared this little space with me that I could come to them every Sunday so that I can give myself to them....."! With tears in my eyes I looked back to the tent and could see the profile of a poor man whose gaze is glued to the Blessed Sacrament as if there lies his only hope!! I thought how many times have I sang "...Lord you're my only hope.." Did I really mean it.. Or how little did I grasp it!!!

The efforts of this one man, Fr. isaiah, has brought meaning to many lives, he was their loving leader, their everything, who has taught them not only to pray but to work hard and live with dignity. Ever since he arrived, he was busy with li'l or no rest, visiting camps, registering people to the parish, starting catechisms for the young and the old, organizing women to learn small jobs through learning stitching etc. the small shed served as church, and 2 more sheds nearby as school, day care, social centre etc. He used to baptize at least 60 children every week and people were waiting in big que to get married because there were no priest to do so. In few years he was able to build a church there and added one grade each year where now 251 students study. No wonder one of our JY who went there one summer, is in seminary now and one young girl joined a religious order!! Sure Haiti has

become a breeding ground for JY vocations. Fr Vinod, our JY pastor who went with us on most of the mission trips, rightly puts it," Haiti served as a spiritual mirror to see myself. I got immersed in the meaning of the beatitudes in Haiti, I understood the exodus of the people of Israel, or Why Jesus identified himself with the office of a shepherd! Haiti is my Theologate, my on going formation as a Catholic priest and a Jesus youth."

Another person who has influenced me tremendously is Deacon Moynihan and his family from Chicago who moved to Haiti 17 years ago with their 4 kids when their youngest child was less than an year! They run a Catholic school near Port Au Prince with the help of many missionaries who visit there taking long term or short term commitments. All 4 of their own kids studied with other Haitian kids in that school. 3 of them are now back in US for higher studies. Ms Moynihan is not only a teacher, but a loving mother-figure to the kids there. It was a pleasure to see how the Moynihan kids also pitch in alongside their parents in the day to day activities of the school. When I met this family, I thought "didnt they also have many dreams about their family life and colourful future for their kids !!! why would they abandon such a peaceful and comfortable life in the United States and chose to live in a country with such harsh weather and poverty to serve a people who considers all foreigners as enemies who destroyed their patrimony by bringing them as slaves from Africa .!" But by seeing these Moynihan kids' leadership skills and virtuous life they are having, one can only marvel at the goodness of our Lord who provides 100 fold to all that his followers have abandoned for His kingdom.

One of the boys from that school came to translate us while we were doing the retreat for the youth in camp Corail. Scott was a brilliant boy who studied in that school. He lost his parents at a young age and his sisters could not support him for long, but somehow ended up in that school. While he was with us, he had many questions about life in America and all. So I asked him, are you interested in going to US for higher studies ! To which he answered "NO". I was surprised. Because any young man whom you acquaint there, may surprise you by offering to marry you! Because, for them to get out of that country, esp to US, is a dream to a bright future! So amazed, I asked Scott why? He said "Mr Moynihan has told us that "Haiti will be saved only by Haitians", so I would work hard to get the best education I could and I want to become an engineer and build my country. I would even run to become the president of this nation, if I could make this a better place for my people..." I could simply marvel at the selfless work of that family along with many others, whose vision is moulding many powerful minds like Scott, who would have otherwise lost without much hope. Whereever a grain of wheat would fall to the ground and decide to disappear, a rich harvest is promised. I thanked God for the lives of many such missionaries unknown to this world whose selfless lives are sure to win many more laborers for the harvest. Amen, amen, I say to you, unless a grain of wheat falls to the ground and dies, it remains just a grain of wheat; but if it dies, it produces much fruit.Whoever loves his life, loses it, and whoever hates his life in this world will preserve it for eternal life." (Jn 12:24,25).

When we went to Mother Theresa's house and Missio B'lem community, we saw so many little kids they were taking care of who were sick, emaciated and near to death etc. My heart broke as I picked up some of them .." Are they any different than my lil Gia baby? What did they do to deserve this....? one JY told me " chechi whenever I pick up this baby it stops crying and starts crying when I lay him down ...what should I do now?" The cry for human touch and tenderness and recognition was heard aloud among all these lil ones and the older kids and people we met there. Who will quench this thirst?.??? When we were sending missionaries in groups, some JY had this question, why waste so much money by sending this many people, why not send that money which may support them for some time??!! True, the people there needs money, but that's just one part, we may have to work even harder to create that dignity which they lost by years of slavery and to build that nation it takes men like Fr Isaiah and deacon Moynihans family, Mother Theresa sisters or Missio B'elem community and the likes.

God in his mercy has blessed me to go to Haiti many times in the past 8 years with a break only for an year soon after my 5th delivery when two times I was hospitalised with cardiac problems and also had to take treatment for TB which I contracted from there. People like me who went on these trips have come back with a grateful heart that we could go for this mission, which has touched us so deeply and challenged us in many ways. Some youth who went for many retreats in airconditioned halls in US with little effect has changed their lives and took a uturn after these tough trips. The two vocations we got to religious life from these few trips itself is another blessing the movement has received. Thus we received much than we gave. Again the true mission changes the missionary and is changing the 'missionary movement' here.

Whereever we went, we saw broken families where men has gone either abandoning families or are in jail by involving in crimes. Women are trying hard to support family and the youth are lost with no vision or hope. Needless to talk about the low morality in the community. This community can't be sustained only by provision of food and clothing alone. It's like trying to sustain them by giving fish daily..but we need to teach them to fish....they need to see strong men and women who lead virtous family life and many more religious who would work with them to bring about self sustaining communities. Thus we started Lumen Vitae, a nonprofit organisation under the umbrella of Jesus Youth that is supporting the education of 600 children in haiti now. Most of the works of this is done by Brian Mundackal a Jy who went on a mission few years ago. On his first visit he was deeply



touched by the sufferings of the people there. He was working for a corporate firm, in New York. The thought that he is working to make rich people more rich made him feel bad and he decided to do something to make these poor peoples life richer ! So he quit his job and took one year fulltimership there, living with them learning their language (creole) and culture and developed this child sponsorship program, that not only supports their education but also run many programs to develop them into responsible citizens by different mentorship opportunities. Amidst all these poverty and sufferings, I feel that these people could become a great nation, if only they were taught how to tap the rich resource this country right now have its people and train them to work hard.

Many times when we see suffering around us, we think why is this happening? Is anything gonna alleviate this?.... Some people become sceptical and leave the scene blaming God and governments or people responsible for this. Many will think nothing gonna change this and also leave. If we don't have a solution we are also part of the problem. But there are a few like Fr Isaiah, Moynihan family or Brian, who take strong decisions and dedicate their lives without counting the coast, which produce changes whereever they are, which keeps on inspiring more people to do likewise. We may not be able to change the whole world or eradicate poverty, but we can always do little things with great love. When we try to be faithful to all that the Lord entrusts to us, he will give fruits to our efforts much more than we can ever ask or imagine ! (Eph 3;20).

During one of our first mission trips, an incident happened which I will never forget. The kids who come for Mass at the camp, usually come fasting, and don't know whether they may get atleast one meal that day. Usually food is not distributed at the Church which was at that time nothing but a small shed with few chairs and old benches which is always full with only standing room. There were lot of mango trees in the campus where we lived and a lot of them fell in the rain the day before. We collected them all, and thought about distributing that at the church after Sunday Mass. The kids were so happy and were pushing each other to get atleast one. They were so hungry that all of them started to eat it as soon as they got one. One of our missionaries, Vimala chechi, saw that one boy kept his mango safe. That boy could speak little english, so she asked him why is he doing that to which he replied, " my mom hasn't eaten anything for the last 3 days and I want to share it with her when I get home. " Interested in this little generous one, she asked him, can you take me to your home to which he replied with much joy," sure". Even when they had nothing to give us when we get there, and they live in such shabby little tents with or without roof, these kids used to invite us to go visit them. They were so happy with simply our presence and friendship, so it happened this time too, they were walking towards this little boy's 'house' and on the way, they found a mom and little child crying incessantly. She smiled at them, so Vimala chechi asked the boy why is it that the mom is not attending to that child who's crying so badly. The boy went to that women and spoke with her for a while and to her surprise, chechi saw this boy giving his precious mango to that child before he left. So chechi asked him why he did that to which the boy replied, "..that baby was crying because he hasn't eaten anything since yesterday and his mom was standing

there doing nothing because she didn't know how to console the baby! So she asked the boy "then what will happen to your mom?" the boy replied "That baby is little and need to eat something badly, my mom is big and may be she can hold on for somemore time. So I gave the mango to that baby." I can't put into words my feelings When I heard this! I have seen many multi millionaires in America contributing millions of dollars for charity from their vast riches. That's Good, but this little boy stands tall in front of me as the most generous of them all....! He gave everything he had, didn't reserve anything for himself, like the widow in the Gospel. Calling his disciples to him, Jesus said, "Truly I tell you, this poor widow has put more into the treasury than all the others. They all gave out of their wealth; but she, out of her poverty, put in everything—all she had to live on."(Mk 12:43,44) .

God has given all of us talents like this mango in this real life story. There are some very brilliant people who know how to use every part of his mango extremely well. They will eat or make treats from this mango(oes), even make pickle from the peels and cultivate the seed to produce more mangoes and become rich. And the world will call them the most accomplished people. Some may save the mango for themselves but be generous enough to give away the peel, which they don't need anyway, asking the hungry to make a pickle out of it and be merry. They gave away something that they never needed. Still others may use the peel and mango like wise stewards and instead of throwing away the seed, may think of others and will be generous enough to give them the seed with advice to how to grow a mango tree out of it, and feel blessed in the future!!!! Many times such people will be considered genius and medias will celebrate them to be saviors of the world, who have found a solution to eradicate poverty in the future! .... I'm sure quite a few will feel like sharing some pieces of the mango itself, which is much better, and there may be still others who are willing to give away the whole mango itself without saving anything for themselves. In these examples we can see people who are indifferent and not concerned about others and also people with different levels of giving or producing fruits in the kingdom (Mt. 13:8). Some producing 30 % giving what is extra in their lives, people producing 60% giving some of their own bread, and people producing 100% giving all they have for God's kingdom.Which school do you belong? And now say, do you have something to give???????? Whatever we do in this life, our final destiny will be decided by how we gave and how much we gave to the needy.

"Then the King will say to those on his right, 'Come, you who are blessed by my Father; take your inheritance, the kingdom prepared for you since the creation of the world. For I was hungry and you gave me something to eat, I was thirsty and you gave me something to drink, I was a stranger and you invited me in, I needed clothes and you clothed me, I was sick and you looked after me, I was in prison and you came to visit me." Then the righteous will answer him, 'Lord, when did we see you hungry and feed you, or thirsty and give you something to drink? When did we see you a stranger and invite you in, or needing clothes and clothe you? When did we see you sick or in prison and go to visit you?' "The King will reply, 'Truly I tell you, whatever you did for one of the least of these brothers and sisters of mine, you did for me'( Mt 25:34-40).



# അവധിക്കാലം എങ്ങനെ ചിലവഴിക്കാം



ശ്രീ. ലൈജു കോശി കൊട്ടുവിരുത്തിൽ
(എം. സി. വൈ. എം. അതിഭദ്രാസന പ്രസിഡന്റ്)

## (SMART VACATION)

ഇന്നത്തെ കാലഘട്ടത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വാക്കാണ് സ്മാർട്ട് (SMART). ഇന്ന് സ്മാർട്ടല്ലാത്ത ഒരു കാര്യവും നമുക്ക് കാണാൻ സാധിക്കില്ല. സ്മാർട്ട് ലോകത്തിൽ, സ്മാർട്ട് ക്ലാസ്സ് മുറികളും, സ്മാർട്ട് വാച്ചും, സ്മാർട്ട് ഫോണും, സ്മാർട്ട് ആയിട്ട് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. കഠിനാധ്വാനത്തെക്കാളുപരി സ്മാർട്ട് വർക്കുകൾ ലോകത്തെ കീഴടക്കുന്ന കാലത്തിൽ നമ്മുടെ അവധിക്കാലവും നമുക്ക് SMART ആക്കിയാലോ?

എന്താണ് SMART എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് എന്ന ചോദ്യത്തിനുത്തരം ഒരു ഇംഗ്ലീഷ്–മലയാളം നിഘണ്ടു പറഞ്ഞ് തരണമെന്നില്ല. കാരണം, SMART എന്ന വാക്കിന്റെ കൃത്യമായ മലയാളപദം നമുക്ക് കണ്ടുപിടിക്കുക അൽപം പ്രയാസമാണ്. പക്ഷേ, ആ വാക്കിന്റെ ഉപയോഗത്തിലൂടെ ഈ വാക്കിന്റെ അർത്ഥം നമുക്ക് മനസ്സിലാക്കാം. ഇന്ന് നിത്യേന ഉപയോഗത്തിലുള്ള ഒരു വാക്കാണ് സ്മാർട്ട് ഫോൺ. സാധാരണ ഒരു ബേസ് മോഡൽ ഫോൺ അല്ലെങ്കിൽ ഒരു ടെലിഫോണും സ്മാർട്ട്ഫോണും തമ്മിലുള്ള വ്യത്യാസം SMART എന്ന വാക്കിന്റെ അർഥത്തെ മനസ്സിലാക്കിതരും. ടെലിഫോണിൽ നമുക്ക് വ്യക്തികളെ ബന്ധപ്പെടാനുള്ള ഫോൺവിളികൾ മാത്രമാണ് സാധ്യമാവുക. എന്നാൽ, ഒരു സ്മാർട്ട്ഫോണിലുള്ള സൗകര്യങ്ങൾ നമുക്ക് മറ്റൊരു ലോകംതന്നെ ലഭ്യമാക്കുന്നു. സ്മാർട്ട് എന്ന് വെച്ചാൽ provide the extra എന്നൊരു അർഥം നല്ലതാണ്.

സാധാരണ അവധിക്കാലങ്ങളിൽനിന്ന് വ്യത്യസ്തമായി SMART VACATION നമുക്ക് ചിലവഴിക്കാൻ സാധിച്ചാൽ അത് നല്ല ഒരു ഓർമ്മയായിരിക്കും. ക്രിയാത്മകമായും കൂടുതൽ മികവിലും ഫലദായകമായും ഈ അവധിയുടെ ദിനങ്ങളെ ചിലവഴിക്കാൻ അതിലൂടെ നമുക്ക് കഴിയും.

### SMART VACATION

### 1. S - Stay Healthy

അവധിക്കാലത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സുകളിലേക്ക് ഏറ്റവും ആദ്യം വരുന്ന വസ്തുതയാണ് കുട്ടികളുടെ ആരോഗ്യം. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വളരെ പ്രത്യേകമായി നമ്മൾ അനുഭവിക്കുന്ന ചൂടിന്റെ ആധിക്യം നമ്മുടെ ആരോഗ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആയതിനാൽ, സ്വന്തം ആരോഗ്യവും മറ്റുള്ളവരുടെ ആരോഗ്യവും പരിഗണിച്ചുവേണം നാം അവധിക്കാലം ചിലവഴിക്കാൻ.

അവധിക്കാലം പുറത്തിറങ്ങി ലോകം കാണാനുള്ള അവസരങ്ങളാണ്. പക്ഷേ, അൽപ്പം കരുതലും ജാഗ്രതയും ഈ ചൂടുകാലത്ത് നമ്മൾ എടുത്താൽ അവധിക്കാലം മുഴുവൻ നല്ല ദിനങ്ങളായി പരിണമിക്കും. ഭരണാധികാരികളുടെയും ആരോഗ്യവിദഗ്ധരുടെയും നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുക. ആവശ്യത്തിനു വെള്ളം കുടിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

## 2. M - Moment of Self Realisation & Evaluation

അവധിക്കാലം നാം നമ്മളെതന്നെ വിലയിരുത്തുന്ന, തിരിച്ചറിവിന്റെ സമയമാക്കി മാറ്റണം. അവധിക്കാലങ്ങളിൽ കുട്ടികളുടെ സ്വാധീനങ്ങൾ, ഇഷ്ടങ്ങൾ അവരുടെ ജീവിതത്തിന്റെ ഗതിതന്നെ നല്ല രീതിയിൽ മാറ്റിയെടുക്കുന്നു എന്നത് നിരവധി അധ്യാപകർക്ക് പറയാൻ പറ്റുന്ന കാര്യങ്ങളാണ്. നമുക്ക് നമ്മുടെ വില അറിയാൻ സാധിക്കണം. നമ്മുടെ മനോഭാവങ്ങളെയും, സർഗ്ഗാത്മകതയും ഒക്കെ മനസ്സിലാക്കി പ്രവർത്തിക്കാൻ ഈ അവധിക്കാലം ഉപയോഗിക്കണം.

നമ്മുടെ കഴിവുകളെ തിരിച്ചറിയുക. അതിനനുസരിച്ചുള്ള പരിശീലനം ലഭ്യമാക്കുക. കുട്ടികളുടെ അഭിരുചികളെ തിരിച്ചറിയുന്നതിൽ മാതാപിതാക്കൾക്ക് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കും. ഒരു SWOT Analysis നടത്തുന്നത് ഉചിതമാണ്. നമ്മുടെ Strength, Weakness, Opportunity and Threats എന്നിവയെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്താൻ സാധിച്ചാൽ വളരെ നല്ലതാണ്. നമ്മുടെ ശക്തികളെ, കഴിവുകളെ, അവസരങ്ങളെ അഭിവൃദ്ധിപ്പെടുത്താനും, നമ്മുടെ പരിമിതികളെയും ആശങ്കകളെയും മനസ്സിലാക്കി പരിഹരിക്കാനും ഈ അവധിക്കാലം ഉപയോഗിക്കാം.

## 3. A - Active Participation in all activities

വീടുകളിൽ ചുമ്മാതിരിക്കുക എന്നതിൽപരം രസം കൊല്ലിയായ മറ്റൊരു കാര്യവുമില്ല. ആയതിനാൽ, കഴിവതും എല്ലാ ദിവസവും നമ്മൾ ഏതെങ്കിലും activities ന്റെ പിറകെ പോകണം. കുട്ടികളെ സംബന്ധിച്ച അവരുടെ പ്രധാന ആക്ടിവിറ്റി തലം കളിസ്ഥലങ്ങൾ തന്നെയാണ്. കഠിനചൂടിന്റെ സമയമല്ലാതെ രാവിലെയും വൈകുന്നേരവും കുറച്ചേറെ നേരം Outdoor Games കളിക്കുന്നത് ഏറെ ഉചിതമാണ്. ഫുട്ബോളും, ബാസ്ക്കറ്റ്ബോളും, ക്രിക്കറ്റും, ഷട്ടിലും നാടൻകളികളുമെല്ലാം നമ്മുടെ കുട്ടികളെ ആക്ടീവായി നിർത്തും.

മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. Outdoor & Indoor Games പ്രോൽസാഹിപ്പിക്കുക. Mobile Online Games നിരുൽസാഹപ്പെടുത്തുക. ചൂടിന്റെ സമയങ്ങളിൽ വീടിനുള്ളിൽതന്നെ വിനോദങ്ങളിൽ ഏർപ്പെടാനുള്ള ഉപാധികൾ ഉണ്ടാവണം. കഴിവതും കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള കളികളും കുട്ടികൾക്ക് നല്ല ഓർമ്മയായിരിക്കും. കാരംസ്, ചെസ്സ് മുതലായവ പ്രോൽസാഹിപ്പിക്കപ്പെടണം. ഇന്നത്തെ കുട്ടികളുടെ ഏറ്റവും വലിയ addiction മൊബൈൽ ഓൺലൈൻ ഗെയിംസാണ്. കുട്ടികളെ മടിയന്മാരും നിരുത്സാഹരുമാക്കുന്ന ഈ വിനോദത്തിന്റെ ഉപയോഗം കഴിവതും കുറയ്ക്കുക. പുത്തൻ Outdoor Games പരിചയപ്പെടുന്നതും ഏറെ നല്ലതാണ്.

ആക്ടിവിറ്റീസ് എന്നാൽ കളികൾ മാത്രമല്ല, എല്ലാ തലത്തിലുമുള്ള വളർച്ചയ്ക്കുതകുന്ന ഏതൊരു പ്രവർത്തിയും ഇതിലുൾപ്പെടാം. ട്രെയിനിംഗ് ക്യാമ്പുകൾ, സഹവാസ ക്യാമ്പുകൾ, സന്നദ്ധസംഘടനാ പ്രവർത്തനങ്ങൾ ഒക്കെ ഈ അവധിക്കാലത്ത് പ്രോൽസാഹിപ്പിക്കണം. ഇവയിലുള്ള സജീവമായ പങ്കാളിത്തം കുട്ടികളുടെ ഭാവിയെയും മനോഭാവത്തെയും നേതൃത്വത്തെയും പ്രോൽസാഹിപ്പിക്കും.

## 4. R - Reconstruct our perceptions

അവധിക്കാലം നമ്മുടെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുന്നത് (reconstruct) ആയിരിക്കട്ടെ. മുൻപ് കണ്ടതിൽനിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടിൽ



ഒരു വസ്തുതയെ നമുക്ക് സമീപിക്കണമെങ്കിൽ വ്യക്തമായ അറിവ് ആവശ്യമാണ്.

കൂടുതൽ ആഴമാർന്ന അറിവ് നമുക്ക് നേടിയെടുക്കാൻ സാധിക്കണം. വായനയിലൂടെ ലഭിക്കുന്ന അനുഭവങ്ങൾ കൂടുതൽ ആഴമാർന്ന അറിവ് നൽകും. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും അരമണിക്കൂർ ഇഷ്ടമുള്ള വിഷയ സംബന്ധമായ നോവലും മറ്റും വായിക്കാൻ സാധിച്ചാൽ നമ്മുടെ ജീവിതത്തിന് ഏറെ ഗുണം ചെയ്യും. വായനകൾ, നാം കണ്ടിട്ടില്ലാത്ത ലോകത്തെ നമ്മുടെ മുമ്പിൽ തുറക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പുസ്തകങ്ങളുടെ വായനക്കുറവ് കുട്ടികളുടെ സർഗ്ഗശേഷിയെ ബാധിക്കുന്നുണ്ട് എന്ന് ഇംഗ്ലീഷ് ഭാഷാധ്യാപകനായ എനിക്ക് സാക്ഷ്യപ്പെടുത്താൻ സാധിക്കും. മാതാപിതാക്കന്മാർ പുസ്തകങ്ങൾ സമ്മാനങ്ങളായി നൽകണം. ഓരോ പ്രായത്തിനുമനുസരിച്ചുള്ള പുസ്തകങ്ങൾ നൽകാൻ ശ്രദ്ധിക്കുക.

ഓൺലൈൻവഴിയും, Kindle വഴിയുമുള്ള വായനകളും പ്രോൽസാഹിപ്പിക്കപ്പെടാം. എന്നാൽ, പുസ്തകങ്ങൾ കൈയിൽ പിടിച്ചുകൊണ്ടുള്ള വായനയുടെ സുഖം വ്യത്യസ്തമാണ് എന്ന് നമ്മുടെ വരുംതലമുറ ബോധ്യപ്പെട്ടാൽ മികവാർന്ന ഒരു SMART ജനറേഷനെ സൃഷ്ടിക്കാൻ സാധിക്കും. ദൈനംദിന പത്രവായന എങ്കിലും ഉണ്ടായിരിക്കണം. ചെറിയ യാത്രകളും ടൂറുകളും നമ്മുടെ കാഴ്ചപ്പാടുകളെ മാറ്റി മറിക്കും. അവയ്ക്കും സമയം കണ്ടെത്തുക

## 5. T - Time to prepare for future

അവധിക്കാലം കളികൾക്കും ആഘോഷത്തിനുംവേണ്ടി മാത്രമാകാതെ നമ്മുടെ ഭാവിക്കുവേണ്ടിയുംഉള്ളതാകാം. സ്വയം ആരോഗ്യവാന്മാരായി നമ്മളെതന്നെ തിരിച്ചറിഞ്ഞ് എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുത്ത് കൂടുതൽ വായനയിലൂടെയും യാത്രകളിലൂടെയും നമ്മുടെ കാഴ്ചപ്പാടുകളെ വീണ്ടും ദർശിക്കുമ്പോൾ നാം നമ്മുടെ ഭാവിയെ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. പഠനസംബന്ധമായി പിന്നോക്കം നിൽക്കുന്ന തലങ്ങളിൽ മുമ്പോട്ട് കയറിവരാൻ ഉചിതമായ സമയം കൂടിയാണ് അവധിക്കാലം. ഓൺലൈനായും ഓഫ്‌ലൈനായും നമ്മുടെ കഴിവുകളെയും അഭിരുചികളെയും പ്രോൽസാഹിപ്പിക്കാൻ ശ്രദ്ധിക്കുക.

മാതാപിതാക്കന്മാർ കുട്ടികളോടൊപ്പം കൂടുതൽ സമയം ചിലവഴിച്ച്, കൂടുതൽ നന്മകൾ ചെയ്യാൻ സാധിക്കണം. SMART ആയിട്ട് നമ്മുടെ അവധിക്കാലം ചിലവഴിച്ചാൽ നന്മകൾ നമ്മുടെ കൂടെയുണ്ടാകും. എല്ലാ ദിനവും ദൈവചിന്തയിലും വചനവായനയിലും നയിക്കാൻകൂടി നാം പരിശ്രമിക്കുക. കാരണം അതാണ് HD Quality Vacation (Highest Definition). ദൈവംതമ്പുരാന്റെ ആഗ്രഹത്തോടൊപ്പം നമ്മുടെ അവധിക്കാലം SMART ആക്കാം. ...ഫലദായകമാക്കാം. എല്ലാറ്റിനുമുപരി അവധിക്കാലത്ത് ദൈവികകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലുമുള്ള പരിശീലനത്തിനും വളർച്ചയ്ക്കുമായും സമയം കണ്ടെത്തുക.





### ഭാഗ്യസ്മരണാർഹനായ

# ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്താ



**റവ. ഫാ. കോശി മണ്ണിൽ**
(അസി. വികാരി, സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല)

പുണ്യസ്മരണാർഹനായ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലിത്തായുടെ ഓർമ്മ പെരുന്നാൾ ദിനമാണ് ഏപ്രിൽ 28. 33 വർഷം മുമ്പ്, 1987 ൽ അഭി. പിതാവ് കാലം ചെയ്തുവെങ്കിലും ആ ജീവിതവും, ജീവിതമാതൃകയും നമുക്കു മുമ്പിൽ ഇന്നും തിളങ്ങിനിൽക്കുന്നു. സഹനസമ്പൂർണമായ ജീവിതമായിരുന്നെങ്കിലും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് തന്റെ പ്രവർത്തനമേഖലകളിൽ അദ്ദേഹം കർമ്മോത്സുകനായിരുന്നു. പ്രാർത്ഥനയില ധിഷ്ഠിതമായ ആ ശ്രേഷ്ഠ ജീവിതം ആദ്ധ്യാത്മികത യുടെ ലാവണ്യമുള്ളതായിരുന്നു. അചഞ്ചലമായ ദൈവവിശ്വാസം കൈമുതലാക്കിയ അജപാലകൻ. 'ദൈവമേ നിന്റെ വഴികൾ എത്ര മനോഹരം' എന്ന വിശ്വാസബോധ്യം ജീവിതത്തിൽ കാത്തുസൂക്ഷിച്ചിരുന്നു. അതുല്യമായ ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കുകയും എളിയവരിൽ എളിയവനായി ജീവിക്കുകയും ചെയ്തു. വൈദികശുശ്രൂഷ ചെയ്ത 25 വർഷങ്ങളും, ശ്രേഷ്ഠാചാര്യത്വത്തിന്റെ 8 വർഷങ്ങളും സത്യവും, ധർമ്മവും, ജീവിതനിഷ്ഠയാക്കിയ കാലഘട്ടമായിരുന്നു. വ്യക്തിബന്ധങ്ങളെ മാനിച്ചുകൊണ്ട് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചു. തനിക്കു ബോധ്യമുള്ള കാര്യങ്ങളിൽ വിട്ടുവീഴ്ചക്കു തയ്യാറാകാതെ, പ്രാർത്ഥനയിൽ ആർജിച്ച ശക്തിയോടെ ഉറച്ചുനിന്ന വ്യക്തിത്വം. അദ്ദേഹത്തിന്റെ ലാളിത്യവും, നർമ്മബോധവും, സ്നേഹവും ഒരിക്കലെങ്കിലും അദ്ദേഹത്തെ കണ്ടിട്ടുള്ളവർക്കു മറക്കാനാവില്ല. മലങ്കരസഭയുടെ മുതൽക്കൂട്ടായിരുന്ന ജീവിതവും പ്രവർത്തനവും! കർമ്മമേഖലയിലെ വിശ്വസ്തത! അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന സ്വഭാവവൈശിഷ്ട്യങ്ങൾ അങ്ങനെ നീണ്ടുപോകുന്നു.

ഐസക് മാർ യൂഹാനോൻ തിരുമേനി തിരുവല്ല അതിരൂപതയുടെ നാലാമത്തെ മെത്രാനായിരുന്നു. എറണാകുളം ജില്ലയിലെ വെളിയനാട് എന്ന സ്ഥലത്താണ് അദ്ദേഹം ഭൂജാതനായത്. കുലീനമായ കൂട്ടപ്ലാക്കിൽ കുടുംബത്തിൽ വർക്കിയുടെയും മറിയാമ്മയുടെയും രണ്ടാമത്തെ മകനായി, 1930 ജൂലൈ 1–ാം തീയതി ജനിച്ചു. മാമോദീസാപ്പേരായ ഐസക് എന്ന നാമംതന്നെയാണ് സ്കൂളിലും സ്വീകരിച്ചത്. പ്രൈമറി വിദ്യാഭ്യാസം മങ്ങടപ്പള്ളി പ്രൈമറി സ്കൂളിലും, പിറവം അപ്പർ പ്രൈമറി സ്കൂളിലും പൂർത്തിയാക്കിയശേഷം പിറവം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽനിന്നും 1947 ൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തന്നെക്കുറിച്ചുള്ള ദൈവിക പദ്ധതിയിലേക്കും, വിളിയിലേക്കും കാതോർത്തു. പരിപാവനമായ ദൈവസേവനത്തിലേക്കുള്ള തന്റെ വിളി കർത്താവിന്റെ ആദ്യ ശിഷ്യന്മാരുടേതുപോലെ ലളിതമായിരുന്നു. തിരുവല്ലാ രൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലിത്ത ആയിരുന്ന മാർ സേവേറിയോസ് തിരുമേനി തന്റെ ഇടവകയിൽ ഇടയസന്ദർശനം നടത്തിയപ്പോൾ കൊച്ച് ഐസക്കിനെ കണ്ടുമുട്ടുകയും, കൂടെ കൊണ്ടുപോകുകയുമാണ് ചെയ്തത്. അക്കാലത്ത് അരമന സ്ഥിതി ചെയ്തിരുന്നത് തിരുവല്ലായിലെ ചെറുപുഷ്പഗിരി (പുഷ്പഗിരി മെഡിക്കൽ

കോളേജ് ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലം) യിലായിരുന്നു. അരമനയോടനുബന്ധിച്ചുള്ള പെറ്റി സെമിനാരിയിൽ ചേർന്ന് ഒരു വർഷത്തെ പഠനം പൂർത്തിയാക്കി.

1948 നവംബറിൽ റോമിലെ പ്രൊപ്പഗാന്താ കോളേജിൽ ഉപരിപഠനത്തിനായി ബ്രദർ ഐസക്കിനെ അയച്ചു. വിജയകരമായ പഠന പരിശീലനങ്ങൾക്കുശേഷം 1954 ഡിസംബർ 7–ാം തീയതി ബിഷപ്പ് സിജിസ് മോണ്ടിയിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. പിറ്റെ ദിവസം, 8–ാം തീയതി സെന്റ് പോൾസ് ബസിലിക്കായിൽവച്ച് പുത്തൻകുർബാനയും അർപ്പിച്ചു. 1955 മുതൽ 1957 വരെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ഉപരിപഠനം നടത്തുകയും, ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് എടുക്കുകയും ചെയ്തു. 1957 ഡിസംബർ 1–ാം തീയതി അദ്ദേഹം നാട്ടിലേക്ക് തിരിച്ചു. തുടർന്ന് രൂപതയുടെ വടക്കൻ പ്രദേശങ്ങളിലുള്ള ധാരാളം ഇടവകകളിൽ വികാരിയായി സ്തുത്യർഹമായ സേവനം ചെയ്തു.

## മലബാറിലെ ഐസക്കച്ചൻ

മലബാർപ്രദേശത്തെ മലങ്കര കത്തോലിക്കർക്ക് സുപരിചിതനായിരുന്നു അദ്ദേഹം. അന്യരുടെ വ്യഥ സ്വന്ത പ്രശ്നമെന്നു കരുതി അവർക്കുവേണ്ടി ഭാരങ്ങൾ വഹിക്കാൻ അച്ചൻ എപ്പോഴും തയ്യാറായിരുന്നു. ഞായറാഴ്ചകളിൽ മൂന്നു മിഷൻ കേന്ദ്രങ്ങളിൽ വി. കുർബാന അർപ്പിച്ചിരുന്നു. അതോടൊപ്പം യുവജനങ്ങൾക്കും, കുഞ്ഞുങ്ങൾക്കുംവേണ്ട മതബോധനം പതിവായി നടത്തുന്നതിൽ ശ്രദ്ധിച്ചിരുന്നു. കുടുംബസന്ദർശനംവഴി അദ്ദേഹം വിശ്വാസികളുമൊത്ത് വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും, കുടുംബ കലഹങ്ങൾ ശമിപ്പിക്കുന്ന സമാധാനപാലകനായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഇടവകജനത്തിന്റെ പരിപൂർണ്ണ സഹകരണം ഉറപ്പാക്കാൻ വേണ്ടി അവരുടെ ഇടയിൽ സ്നേഹവും സാമൂഹ്യബോധവും വളർത്തുന്നതിന് പ്രധാനമായി അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പുതിയ ഇടവകകൾ തുടങ്ങുന്നതിനുള്ള ആദ്യത്തെ 'മൺപണി' അച്ചന്റേതായിരുന്നു. പണിയാരംഭിച്ച് ഉത്തരവാദിത്വം കൈമാറുന്നതിലായിരുന്നു അച്ചന്റെ സന്തോഷം. വ്യക്തിബന്ധങ്ങൾക്ക് വലിയ വില കല്പിച്ചിരുന്ന അച്ചന്, രോഗവും ക്ഷീണവും മിഷൻ പ്രവർത്തനത്തിന് തടസ്സമല്ലായിരുന്നു. അങ്ങനെ, വിശ്രമരഹിതമായ ഒരു വൈദികജീവിതം നയിച്ചുകൊണ്ടിരിക്കവെയാണ്, 1978 നവംബർ 18–ാം തീയതി, ബഹു. ഐസക്കച്ചനെ മെത്രാൻ പദവിയിലേക്ക് ഉയർത്തികൊണ്ടുള്ള മാർപാപ്പയുടെ പ്രഖ്യാപനം ഉണ്ടായത്. ഡിസംബർ 21–ാം തീയതി വ്യാഴാഴ്ച തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽവെച്ച് റമ്പാൻ പട്ടവും, 28–ാം തീയതി വ്യാഴാഴ്ച തിരുമൂലപുരത്ത് മാർ തെയോഫിലോസ് നഗറിൽ പ്രത്യേകം സജ്ജീകരിച്ചിരുന്ന പന്തലിൽവെച്ച് മെത്രാഭിഷേകവും നടന്നു.

## സാധാരണക്കാരുടെ മെത്രാൻ

25 വർഷം നീണ്ട പൗരോഹിത്യജീവിതം ശ്രേഷ്ഠാചാര്യന്റെ സിംഹാസനത്തിലേക്കു സ്ഥാനാരോഹണത്തിനു വഴിയൊരുക്കി. നൂറ്റാണ്ടുകൾ പഴക്കമുള്ള ഓക്ക് മരത്തേക്കാൾ ഹൃദ്യത നൽകാൻ കഴിവുള്ളത് കേവലം ഒരു ദിവസത്തെ ആയുസ് മാത്രമുള്ള ലില്ലി പുഷ്പത്തിനാണെന്ന ചൊല്ല് അന്വർത്ഥമാക്കിക്കൊണ്ട് ജീവിതം നയിച്ച ഐസക് മാർ യൂഹാനോൻ മെത്രാപ്പോലിത്താ സ്നേഹധനനായ പിതാവും, തലക്കനം ഭാവിക്കാത്ത മിഷനറിയുമായിരുന്നു. തിരുവല്ല രൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ 1978 ഡിസംബർ 28 മുതൽ 1987 ഏപ്രിൽ 28 വരെയുള്ള വെറും 100 മാസക്കാലം (3000 ദിവസം) മാത്രം ആയുസുണ്ടായിരുന്ന തിരുമേനി ലില്ലി പുഷ്പത്തേപ്പോലെ ഹൃദയനൈർമല്യം പ്രകടമാക്കിയിരുന്നു. ദൈവവിശ്വാസവും, ദീനാനുകമ്പയും, ജീവിതലാളിത്യവും, പ്രേഷിത ചൈതന്യവും ചെറുപ്പം മുതൽ തിരുമേനിയിൽ പ്രകടമായിരുന്നു. ആരേയും വേദനിപ്പിക്കുകയോ, ശത്രുതാമനോഭാവം വച്ചു പുലർത്തുകയോ ചെയ്തിരുന്നില്ല. പലരുമായും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും ബോധ്യങ്ങൾ തുറന്നുപറയാനും അതിൽതന്നെ ഉറച്ചു നിൽക്കാനുമുള്ള പ്രവാചകധീരത അദ്ദേഹത്തിനുണ്ടായിരുന്നു. അഭിപ്രായഭിന്നതയുള്ളവരുമായി ഉള്ളുതുറന്നു സംസാരിക്കാനും, രമ്യതപ്പെടാനുമുള്ള ഹൃദയവിശാലതയും അദ്ദേഹം വച്ചു പുലർത്തിയിരുന്നു. ഇടവക സന്ദർശനത്തിൽ അതീവശ്രദ്ധാലുവായിരുന്ന അഭിവന്ദ്യ പിതാവ് സാധാരണക്കാരും പാവപ്പെട്ടവരുമായവരുടെ താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകിയിരുന്നു. അങ്ങനെ 'സാധാരണക്കാരുടെ മെത്രാൻ' എന്ന അപരനാമത്തിന് അദ്ദേഹം അർഹനായി.

## സഹനദാസൻ

ജീവിതകാലം മുഴുവൻ അഭിവന്ദ്യ പിതാവ് ശാരീരികമായും മാനസികമായും വേദന സഹിച്ചിരുന്നു. 1948 ൽ വൈദികവിദ്യാർത്ഥി ആയിരിക്കുമ്പോഴും, 1979 ൽ മെത്രാനായിരിക്കുമ്പോഴും രണ്ട് പ്രാവശ്യം മേജർ ഓപ്പറേഷന് അദ്ദേഹം വിധേയനായി. ശാരീരികമായ അസ്വസ്ഥതകൾ ഉള്ളപ്പോഴും മിഷൻ പ്രവർത്തനം, അജപാലന ശുശ്രൂഷ എന്നിവ വളരെ താല്പര്യ

ത്തോടെ അദ്ദേഹം നിർവ്വഹിച്ചിരുന്നു. ഇതുകൂടാതെ സ്വപിതാവിന്റെ മരണം, ജ്യേഷ്ഠന്റെ മരണം, ജ്യേഷ്ഠന്റെ മകളുടെ ഭർത്താവിന്റെ രോഗം....ഇവയൊക്കെ അദ്ദേഹം ധീരമായി നേരിട്ടു. പ്രതികൂല സാഹചര്യങ്ങളിലൂടെ നിരന്തരമായി മുന്നോട്ടുപോയപ്പോഴും തന്റെ കാര്യനിർവ്വഹണത്തിൽ അദ്ദേഹം ഒരിക്കലും ഉദാസീനത വരുത്തിയിട്ടില്ല. ചില വർഷങ്ങളിൽ വൈദികാഭിഷേകവേളയിൽ, സുദീർഘമായ ശുശ്രൂഷ നിർവ്വഹിച്ചത് കാലിൽ ബാൻഡേജുമായിട്ടാണ്. മാനസികവും ശാരീരികവുമായ ക്ലേശങ്ങളോടൊപ്പം രൂപതാഭരണത്തിന്റെ ക്ലേശങ്ങളും ദൈവത്തിൽ സമർപ്പിച്ച് അദ്ദേഹം ആശ്വാസം കണ്ടെത്തിയിരുന്നു.

## പ്രാർത്ഥനയുടെ മനുഷ്യൻ

പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു യൂഹാനോൻ പിതാവ്. രാത്രിസമയങ്ങളിൽപോലും പലപ്പോഴും അദ്ദേഹത്തെ ചാപ്പലിൽ കാണാമായിരുന്നു. ജീവിത പ്രശ്നങ്ങളിൽ ഇടറുന്നവരോട് 'കുത്തിയിരുന്നു പ്രാർത്ഥിക്കാൻ' പിതാവ് പലപ്പോഴും നിർദ്ദേശം നല്കിയിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ യോഹന്നാന്റെ സുവിശേഷമായിരുന്നു അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടത്. ആത്മീയ ഗ്രന്ഥങ്ങൾ വാങ്ങുന്നതിലും, വായിക്കുന്നതിലും, സൂക്ഷിക്കുന്നതിലും അദ്ദേഹത്തിന് വലിയ താല്പര്യമായിരുന്നു. മരണത്തിനുമുമ്പുള്ള അവസാന നാളുകളിൽ അദ്ദേഹം ആവശ്യപ്പെട്ടതും "എന്റെ ബൈബിളും, യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യാഖ്യാനവും കൊണ്ടുവരണം" എന്നായിരുന്നു. ആരാധനക്രമത്തെ ഏറെ സ്നേഹിച്ചിരുന്ന അഭി. പിതാവ് തന്നാലാവുന്നവിധം ഏറ്റം നന്നായി അത് പരികർമ്മം ചെയ്യാൻ ശ്രമിച്ചിരുന്നു. കോട്ടയത്തുള്ള സീരി, ആരാധനക്രമപഠനത്തിനും സുറിയാനി പഠനത്തിനുമായി ആരംഭിക്കുന്നത് ഈ ഉദ്ദേശത്തോടെയാണ്.

ലളിതവും, ആർഭാടരഹിതവും, അധികാര ഗർവില്ലാത്തതും, ഏവരോടും ഇഴുകിച്ചേരുന്നതുമായിരുന്നു പിതാവിന്റെ ജീവിതശൈലി. പള്ളികൾ സന്ദർശിക്കുമ്പോൾ കട്ടൻകാപ്പി കുടിച്ചും, കഞ്ഞിയും പയറും കഴിച്ചും, നിലത്ത് പായ് വിരിച്ച് കിടക്കുന്നതുമൊക്കെ അദ്ദേഹത്തിന്റെ ലളിതജീവിതത്തെ വരച്ചുകാട്ടുന്നു. വൃദ്ധരും രോഗികളുമായവരെ സന്ദർശിക്കുന്നതിനും, പ്രായമായ വൈദികരെയും, സന്യസ്തരെയും സന്ദർശിച്ച് കുശലാന്വേഷണം പറയുന്നതിനും അവരുമായി കുറെയേറെ സമയം ചെലവഴിക്കുന്നതിനും ഏത് തിരക്കുകൾക്കിടയിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഉദാത്തമായ മനസാക്ഷിയുടെ ഉടമ, അനുകരണീയമായ ജീവിതശൈലികൊണ്ട് വേറിട്ട വ്യക്തിത്വം, കുട്ടികളുടെ ഇഷ്ടതോഴൻ, വിശ്വസ്തനായ നല്ല ഇടയൻ, ഏവർക്കും സംലഭ്യനായ പിതാവ്, പാവങ്ങളുടെ തോഴൻ, യുവജനങ്ങളുടെ മാർഗ്ഗദർശി, തികഞ്ഞ മിഷനറി, കർമനിരതൻ, ആരാധനക്രമത്തിന്റെ പാലകനും, പരിപോഷകനും...... ഇതൊക്കെയായിരുന്നു യൂഹാനോൻ തിരുമേനി.

25 വർഷക്കാലത്തെ വൈദികശുശ്രൂഷയും, 8 വർഷക്കാലത്തെ രൂപതാദ്ധ്യക്ഷനായിരുന്നുകൊണ്ടുള്ള ശ്രേഷ്ഠാചാര്യശുശ്രൂഷയും ശരിയാംവണ്ണം നിർവഹിച്ചശേഷം 1987 ഏപ്രിൽ 28–ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.15 മണിയോടുകൂടെ ആ ധന്യാത്മാവിന്റെ ജീവൻ ദേഹിയെ വിട്ടു. 30–ാം തീയതി വ്യാഴാഴ്ച രാവിലെ 7.30 ന് കത്തീഡ്രൽ ദൈവാലയത്തിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിലും, സിറിൽ മാർ ബസേലിയോസ്, ലോറൻസ് മാർ അപ്രേം, പൗലോസ് മാർ പീലക്സിനോസ് എന്നീ പിതാക്കന്മാരുടെ സഹകാർമികത്വത്തിലും സമൂഹബലി നടത്തി. തുടർന്ന് കബറടക്കശുശ്രൂഷകൾ നടന്നു. അഭി. പിതാവിനെ അനുസ്മരിച്ച് മലങ്കരയുടെ സംഗീതജ്ഞനായ മാത്യു ചെമ്പോത്തിനാലച്ചൻ അനുസ്മരണഗാനത്തിൽ ഇപ്രകാരം കുറിച്ചു:

"പാരം മേരിഗിരിക്കു തിലകച്ചാർത്തായ്
ലസിച്ചുള്ളൊരാ


ധീരൻ മാർ യൂഹാനോൻ താതന്റെ വേർപാടതിൽ

ഘോരം താപമഴുന്നൊരജഗണമഖിലം സമൂലം മുദാ

നേരുന്നർത്ഥന, വന്ദ്യതാതാ പരിചിതിൽ വിരാജിക്ക
സ്വർഗ്ഗേ സദാ" .....

"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം" ..... നമുക്കു മാതൃക കാട്ടി ജീവിച്ച് സഭയെ നയിച്ച പുണ്യചരിതനായ വന്ദ്യതാതനെ നമ്മൾ ഓർക്കുകയും അനുകരിക്കുകയും വേണം. ആ മാതൃക നമ്മൾ അനുകരിക്കുമ്പോൾ ആ അജപാലകനെ നാം അനുസ്മരിക്കുകയാണ് ചെയ്യുന്നത്. അതിലൂടെ ദൈവമക്കളായിത്തീരുവാൻ നമുക്കു സാധിക്കും. ആ പാവനാത്മാവിനെ ഓർത്തുകൊണ്ട് ഓരോ ദിവ്യബലിയിലും നമുക്കു പ്രാർത്ഥിക്കാം, നന്ദി പറയാം. അദ്ദേഹം കടന്നുപോയ വഴികളിൽ വിതറിയ പുണ്യപുഷ്പങ്ങൾ ഇന്നും സൗരഭ്യം പരത്തുന്നു. നാളെയും തലമുറകളിലൂടെ അവ വാടാതെ സുരഭിലമായി തുടരട്ടെ.

പുണ്യതാതാ സ്വർഗ്ഗത്തിരുന്നു ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ......



# വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ള വിശുദ്ധ പദവിയിലേക്ക്

യേശുവിലുള്ള വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ച വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ള വിശുദ്ധ പദവിയിലേക്ക്. അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ നടന്ന അത്ഭുതം ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിച്ചതോടെയാണ് നാമകരണ നടപടി ത്വരിതഗതിയിലായത്. ദൈവസഹായംപിള്ള ഉൾപ്പെടെ എട്ടോളം പേരുടെ നാമകരണം സംബന്ധിച്ച പ്രഖ്യാപനമാണ് തിരുസംഘം നടത്തിയിരിക്കുന്നത്.

പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂർ രാജ്യത്ത് ഉദ്യോഗസ്ഥനായിരിക്കെ, ഹൈന്ദവ വിശ്വാസം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വ്യക്തിയാണ് വിശുദ്ധ ദൈവസഹായംപിള്ള. 1712 ഏപ്രിൽ 23 ന് കന്യാകുമാരി ജില്ലയിലെ നട്ടാലത്ത് ജനിച്ചു. വിശ്വാസ പരിവർത്തനത്തിനു മുൻപ് നീലകണ്ഠപിള്ള എന്ന് പേരുണ്ടായിരുന്ന അദ്ദേഹം മാർത്താണ്ഡവർമ്മയുടെ കൊട്ടാരത്തിൽ കാര്യദർശിയായിരുന്നു. കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഡച്ച് സൈന്യത്തെ പരാജയപ്പെടുത്തി. തുടർന്ന്, തിരുവിതാംകൂർ സൈന്യത്തിന്റെ നവീകരണച്ചുമതല മാർത്താണ്ഡവർമ്മ മഹാരാജാവ് ഡച്ച് സൈന്യാധിപൻ ഡിലനോയിയെ ഏൽപ്പിച്ചു. ഡിലനോയിയുടെ സഹായിയായി മഹാരാജാവ് പിള്ളയെ നിയമിച്ചു. അദ്ദേഹത്തിൽനിന്നാണ് പിള്ള യേശുക്രിസ്തുവിനെക്കുറിച്ച് കേട്ടറിഞ്ഞത്. തുടർന്ന്, തെക്കൻ തിരുവിതാംകൂറിലെ നേമം എന്ന സ്ഥലത്ത് മിഷനറിയായിരുന്ന ബുട്ടാരി എന്ന ഈശോസഭാവൈദികനിൽനിന്ന് 1745 മെയ് 17 ന് ലാസർ എന്നർത്ഥമുള്ള ദൈവസഹായംപിള്ള എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. അറിഞ്ഞ ക്രിസ്തുവിനെ പ്രഘോഷിക്കാതിരിക്കാൻ പിള്ളയ്ക്കു സാധിച്ചില്ല. രാമപുരം, വടക്കേക്കുളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പോയി പിള്ള ക്രിസ്തുവിനെ പ്രസംഗിച്ചു. ഇത് രാജസേവകരുടെയും പിള്ളയുടെ സഹപ്രവർത്തകരുടെയും കോപം ജ്വലിപ്പിച്ചു. നമ്പൂതിരിമാരെ വെറുത്തിരുന്ന രാമയ്യൻ ദളവയുടെ കൂടി സഹായത്തോടെ പിള്ളയ്ക്കെതിരായി അവർ ഉപജാപം നടത്തി രാജദ്രോഹക്കുറ്റം ചാർത്തി രാജസമക്ഷം അവതരിപ്പിച്ചു.



‘ജീവൻ വേണമെങ്കിൽ ക്രിസ്തുവിനെ ഉപേക്ഷിക്കുക’. രാജാവ് ഉത്തരവിട്ടു. പ്രാണനേക്കാൾ ക്രിസ്തുവിനെ സ്നേഹിച്ച പിള്ള പക്ഷേ, ക്രിസ്തുവിനൊപ്പം നിന്നു. പിള്ളയുടെ കൈകാലുകൾ ബന്ധിച്ച് ദിവസവും 30 അടി വീതം കാൽവെള്ളയിൽ അടിക്കാൻ രാജാവ് ഉത്തരവിട്ടു. വഴിപോക്കർപോലും പിള്ളയെ മർദിച്ചു രസിച്ചു. മുളകുപൊടി ചുറ്റിനും ഇട്ടു പുകയ്ക്കുക, എരുക്കിൻ പൂമാലയണിയിച്ച് പൊള്ളുന്ന വെയിലത്ത് എരുമപ്പുറത്ത് കയറ്റി നാടുചുറ്റിക്കുക, മുറിവിൽ മുളകു പുരട്ടുക തുടങ്ങിയ മർദനമുറകൾ. നാലുകൊല്ലത്തോളം ജയിൽവാസം. 1752 ജനുവരി 14 ന് വെടിവച്ചു കൊല്ലാനുള്ള ഉത്തരവുമായി രാജഭടൻമാർ പിള്ളയെ കാറ്റാടിമലയിലെ ഒരു പാറയിൽ കൊണ്ടു ചെന്നു നിർത്തി. തനിക്ക് പോകാൻ സമയമായി എന്നറിഞ്ഞ പിള്ള അവസാനമായി പ്രാർത്ഥിക്കുന്ന ചിത്രം പിന്നീട് വിശ്വാസചരിത്രത്തിനു വിളക്കായി. അങ്ങനെ ധീരരക്തസാക്ഷിത്വം വരിച്ചു. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട നിലയിൽ മുട്ടിൽനിന്ന് പ്രാർത്ഥിക്കുന്ന ദൈവസഹായംപിള്ളയുടെ പെയിന്റിംഗ് ഇന്നും അദ്ദേഹത്തിന്റെ വീരോചിത സാക്ഷ്യത്തെ എടുത്തു കാട്ടുന്നു.

ഭാരത മെത്രാന്മാരുടെ സമിതിയുടെ തമിഴ്നാട് ശാഖ, ദൈവസഹായംപിള്ളയെ വിശുദ്ധപദവിയിലേക്ക് ഉയർത്താൻ ആരംഭിച്ച നടപടികൾക്ക് ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരം നൽകി. 2012 ഡിസംബർ 2 ന് കത്തോലിക്കാസഭ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. അന്നത്തെ വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ആഞ്ചെലോ അമാത്തോ, ഇന്ത്യൻ മനഃസാക്ഷിയുടെയും തമിഴിന്റെയും പ്രതീകമായാണ് ദൈവസഹായംപിള്ളയെ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ ജീവിതവും രക്തസാക്ഷിത്വവുമായി ബന്ധമുള്ള സ്ഥലങ്ങൾ കന്യാകുമാരി ജില്ലയിലെ കോട്ടാർ രൂപതയിലാണ്. നാഗർകോവിലിലെ സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്രലിലെ അദ്ദേഹത്തിന്റെ ശവകുടീരത്തിൽ ആയിരക്കണക്കിന് വിശ്വാസികളാണ് പ്രാർത്ഥനാപൂർവ്വം കടന്നുവരുന്നത്. ജനുവരി 14നാണ് വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ളയുടെ തിരുനാളായി സഭ ആചരിക്കുന്നത്.





# ശ്വാസകോശരോഗങ്ങളും ഹോമിയോ ചികിൽസയും



സി. ഡോ. ഐറിൻ എസ്.ഐ.സി.

സാധാരണ ജലദോഷം മുതൽ കടുത്ത ആസ്മപോലുള്ള രോഗങ്ങൾ വരെ ഹോമിയോ ചികിൽസയിൽ നിയന്ത്രണ വിധേയമാക്കാൻ സാധിക്കും. രോഗലക്ഷണങ്ങളും വ്യത്യസ്ത സാഹചര്യങ്ങളോടുള്ള രോഗിയുടെ പ്രതികരണങ്ങളും സൂക്ഷ്മമായി വിശകലനം ചെയ്താണ് ഓരോ വ്യക്തിക്കും ആവശ്യമായ മരുന്നും അളവും നിർണ്ണയിക്കുന്നത്. പാരമ്പര്യ ജനിതക ഘടകങ്ങളും ഇക്കാര്യത്തിൽ കണക്കിലെടുക്കും.

എങ്ങനെ അലർജി നിയന്ത്രിക്കാം.......

പൊടി അടിക്കുമ്പോഴും രാവിലെ ഉണർന്നെണീക്കുമ്പോഴും ഉള്ള തുമ്മൽ, മൂക്കൊലിപ്പ്, തലവേദന എന്നിവയ്ക്ക് സൾഫർ, നേട്രംമൂർ പൾസാറ്റില, നക്സ്വോമിക്ക, അമോണിയംകാർബ തുടങ്ങിയ മരുന്നുകൾ രോഗലക്ഷണങ്ങളെ അടിസ്ഥാനമാക്കി നൽകാം.

ടോൺസലറ്റിസ്, സൈനസെറ്റിസ് എന്നിവയും ശ്വാസനാള രോഗങ്ങളും (URTI) തന്നെ മൂക്കിൽനിന്നും മഞ്ഞയോ പച്ചയോ നിറത്തിൽ കഫം പോവുക. തലവേദന, മൂക്കടപ്പ് എന്നി ലക്ഷണങ്ങളോടും കുടിയ സൈനസൈറ്റിസിന് പൾസാറ്റില, കാലി ബൈക്ക്, മെർക്സോൾ തുടങ്ങിയ മരുന്നുകൾഫലപ്രദമണ്.

ശ്വാസംമുട്ടൽ എങ്ങനെ കുറയ്ക്കാം......... അതിനുള്ള മരുന്ന്......................

ഹോമിയോപതിയിൽ ചുമയ്ക്ക് പൊതുവായി മരുന്ന് നിർദ്ദേശിക്കാറില്ല. രാവിലെ ഉണ്ടാകുന്ന ചുമയ്ക്കും രാത്രി ഉണ്ടാകുന്ന ചുമയ്ക്കും കിടക്കുമ്പോൾ കുറയുന്ന ചുമയ്ക്കും അതുപോലെ കഫത്തിന്റെ നിറമനുസരിച്ചും രീതി അനുസരിച്ചും കഫം ഉണ്ടാകുന്ന സമയം അനുസരിച്ചും മരുന്നു മാറും

പൾസാറ്റില, സാൻഗ്വിനേറിയ, ബ്രയോണിയ, ഡ്രോസിറ, ബെല്ലഡോണ, കോക്കസ്, കൂപ്രംമെറ്റ്, സെനേഗ തുടങ്ങിയമരുന്നുകൾ ലക്ഷണമനുസരിച്ച് നൽകുന്നതാണ്.

ആസ്മയ്ക്ക് ഹോമിയോപ്പതിയിൽ ഫലപ്രദമായ മരുന്നുണ്ട്. മരുന്നുകൾ കഴിച്ച്തുടങ്ങുമ്പോൾ തന്നെ ശ്വാസം മുട്ടലിന് കുറവ് അനുഭവപ്പെടുകയും ചികിൽസാ പുരോഗതിയനുസരിച്ച് രോഗം ആവർത്തിക്കുന്നതിന്റെതോത് കുറയുകയും ചെയ്യും. ആന്റിമോണിയംറ്റാർട്ട്, എപ്പിക്കാറ്റ്, നേട്രംസർഫ്, ആഴ്സ് ആൽബ്, ഹെപ്പർസർഫ്, കാലികർബ്, സ്പോൻജിയ എന്നീ മരുന്നുകൾ ഇതിന് നല്ലതാണ്.

ശ്വാസകോശരോഗങ്ങൾ വരാൻ സാധ്യതയുള്ള രോഗികളിൽ വർഷങ്ങൾക്കു മുമ്പുതന്നെ, ചുമ തുമ്മൽ എന്നിവയ്ക്കൊപ്പം പലവിധത്തിലുള്ള അമിത സംവേദന പ്രതികരണങ്ങൾ കാണപ്പെടാറുണ്ട്. ഈ ഘട്ടത്തിൽ തന്നെ പ്രതിരോധചികിൽസ ആരംഭിച്ചാൽ രോഗത്തെ മുൻകൂട്ടി ഉന്മൂലനം ചെയ്യാൻ ഹോമിയോപതിയിലൂടെ സാധിക്കുന്നു.



## ഐക്യദീപം ബാലപംക്തി

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

### അടങ്ങാത്ത അരിശം

പുതിയ ഒരു കാർ വാങ്ങിച്ച അലക്സാണ്ടർ മുതലാളി അഭിമാനത്തോടെ അത് വീട്ടിൽ എത്തിച്ചു. അതിന്റെ പുറത്ത് പറ്റിയ പൊടിയും ചെളിയും അയാൾ വലിയ ശ്രദ്ധയോടെ കഴുകിക്കളഞ്ഞു. അയാളുടെ ഭാര്യയും മക്കളും സന്തോഷത്തോടെ പുതിയ കാറിന്റെ ഭംഗി ആസ്വദിച്ചുകൊണ്ടിരുന്നു. അയാളുടെ ഇളയ മകനായ കുഞ്ഞുമോൻ സന്തോഷത്തോടെ കാറിന്റെ ചുറ്റും നടന്നു. അല്പനേരം കഴിഞ്ഞ് കാറിൽ കയറാനായി മുതലാളി കാറിന്റെ അടുത്തെത്തിയപ്പോൾ കണ്ടകാഴ്ച അയാളെ ഞെട്ടിച്ചു. കുഞ്ഞുമോൻ, തറയിലിരുന്ന്, മുനയുള്ള ഒരു കരിങ്കൽ കഷണംകൊണ്ട് കാറിന്റെ പുറത്ത് പോറിക്കൊണ്ടിരിക്കുന്നു! അരിശംകൊണ്ട് കലി തുള്ളിയ അയാൾ അലറിക്കൊണ്ട് ആ കല്ല് കുട്ടിയുടെ കൈയിൽനിന്നും പിടിച്ചു വാങ്ങി. അയാൾ ആ കല്ലുകൊണ്ട് അവന്റെ കൈയിലെ വിരലുകളിൽ വീണ്ടും വീണ്ടും ഇടിച്ചു. ചതഞ്ഞ വിരലുകളിൽനിന്നും രക്തം ചീറ്റി വന്നു. സമനില വീണ്ടെടുത്തപ്പോളാണ് പൊന്നുമോന്റെ കുഞ്ഞുവിരലുകൾ ചതഞ്ഞരഞ്ഞുപോയ കാര്യം അയാൾ മനസ്സിലാക്കിയത്. ഉടനെതന്നെ പൊട്ടിക്കരയുന്ന മോനെയുംകൊണ്ട് അതേ കാറിൽ അയാൾ ആശുപത്രിയിലേക്ക് പാഞ്ഞു. വിദഗ്ധനായ ഡോക്ടർ സുദീർഘമായ ശസ്ത്രക്രിയ നടത്തി. പക്ഷേ ആ പിഞ്ചു വിരലുകൾ പിന്നീട് ഒരിക്കലും ചലിച്ചില്ല. തളർന്ന ശരീരവും തകർന്ന മനസ്സുമായി അയാൾ ആശുപത്രിയിൽനിന്നും പുറത്തിറങ്ങി, കാറിന്റെ അടുത്തെത്തി. കുഞ്ഞുമോൻ കല്ലുകൊണ്ട് പോറിയ കാറിന്റെ പുറം അയാൾ സൂക്ഷിച്ചു നോക്കി. കുഞ്ഞുമോൻ അവിടെ തന്റെ കുഞ്ഞു കൈകളിൽ പിടിച്ച കല്ലുകൊണ്ട് എഴുതിയിരുന്നത് അയാൾ തേങ്ങലോടെ വായിച്ചു, "DADDY, I LOVE YOU'. നിയന്ത്രണം ഇല്ലാത്ത കോപം അപകടവും പാപവും ആണെന്ന് വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നു: "അനീതിയായ കോപത്തിനു ന്യായീകരണമില്ല; കോപം മനുഷ്യനെ നാശത്തിലേക്കു തള്ളുന്നു" (പ്രഭാ. 1:22). 'ആത്മനിയന്ത്രണം ഇല്ലാത്ത മനുഷ്യൻ കോട്ടകൾ ഇല്ലാത്ത നഗരം പോലെ ആണ്' (സുഭാ. 25:28).

### നമ്മൾ വിവാഹിതരായാൽ

വിശ്വവിഖ്യാതനായ ഇംഗ്ലീഷ് സാഹിത്യകാരനായിരുന്ന GEORGE BERNARD SHAW യുടെ അടുത്ത് വന്ന അതിസുന്ദരിയായ ഒരു നർത്തകി, പ്രേമപരവശയായി അദ്ദേഹത്തോട് ചോദിച്ചു, "നമ്മൾ വിവാഹിതരായാൽ, എന്റെ സൗന്ദര്യവും അങ്ങയുടെ ബുദ്ധിശക്തിയും ഉള്ള മിടുക്കനായ ഒരു കുട്ടിയെ നമുക്ക് കിട്ടും. എന്താണ് അങ്ങയുടെ അഭിപ്രായം?" അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു, "ഭവതിയുടെ ആശയം നല്ലതാണ്. പക്ഷേ, കഷ്ടകാലത്തിന് നമ്മുടെ കുട്ടിക്ക് എന്റെ സൗന്ദര്യവും ഭവതിയുടെ ബുദ്ധിയും ആണ് കിട്ടുന്നതെങ്കിൽ ആകെ കുഴപ്പം ആകുകയില്ലേ?"

സൽസ്വഭാവികളായ സന്താനങ്ങൾ ദൈവത്തിന്റെ സമ്മാനങ്ങൾ ആണ്. ഉത്തമരായ കുഞ്ഞുങ്ങളെ ലഭിക്കാനായി പ്രാർഥനയോടെ കാത്തിരുന്ന അനേകം മാതാപിതാക്കൾക്ക് ദൈവകൃപയാൽ അത്തരം കുഞ്ഞുങ്ങൾ ജനിച്ച സംഭവങ്ങൾ ഉണ്ട്. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ ആ കുഞ്ഞ് അമ്മയുടെയും അച്ഛന്റെയും മനസ്സിൽ സ്വീകരിക്കപ്പെടണം എന്നാണ് വി. മദർ തെരേസ പഠിപ്പിച്ചത്. ജീവൻ ദൈവത്തിന്റെ അമൂല്യമായ ദാനമാണ്. ജീവനെ നശിപ്പിക്കാൻ മനുഷ്യന് അവകാശമില്ല. ഗർഭഛിദ്രവും ദയാവധവും ക്രൂരമായ കൊലപാതകമാണ്. വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നു: "കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും" (സങ്കീർത്തനങ്ങൾ 127: 3).

'നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾതന്നെ" (1 കോറിന്തോസ് 3: 16 – 17).

# ‘സഹനം സ്നേഹമാണ്’



**റോസ് മേരി ജോർജ് ഐനിക്കൽ**
**ഇരവിപേരൂർ**

സഹനത്തിൻ മൂർത്തിമത് ഭാവമാം മറിയമേ
നിൽക്കുന്നു നിൻമുൻപിൽ തൊഴുകയ്യോടെ
നീയെന്റെയമ്മ, നാഥന്റെയമ്മ
ഇജ്ജഗത്തിൻ രക്ഷകൻ തന്റെയമ്മ

‘ഇതാ നിന്റെ ദാസി’ എന്നരുൾചെയ്ത നേരം
സർവ്വശക്തൻ നിന്നിലാവസിച്ചു
ഈലോക പാപം തീർക്കാൻ വരുന്നോൻ
നിന്നുടെ ഉദരത്തിൽ ഉരുവായല്ലോ.

ദാവീദിൻ ഗോത്രത്തിൽ ജന്മമെടുത്തവൻ
കാലിത്തൊഴുത്തിൽ പിറന്ന നേരം
രാവിന്റെ മധ്യേ പ്രകാശം പരന്നു
നിന്നുടെ ഉൾഹൃത്തിൽ വേദനയും.

പട്ടുകിടക്കയിൽ വിശ്രമിക്കേണ്ടവൻ
വൈക്കോലു തന്മേൽ ഉറങ്ങുന്നിതാ.
എല്ലാം മനതാരിൽ സംഗ്രഹിച്ചന്നു നീ
ആരോമൽ പൈതലെ പുൽകിയല്ലോ.

ഇഹത്തിന്റെ രാജാവ് ശിശുവിനെ കൊല്ലുവാൻ
തീരുമാനിച്ചൊരാ രാത്രി തന്നെ
മനസ്സും ശരീരവും വേദനാനിർഭരം
എങ്കിലും വേഗമാ നാടുവിട്ടു.

നാല്പതാം നാളിലോ ദേവാലയത്തിങ്കൽ
‘നിൻ ഹൃത്തിലൂടൊരു വാൾ കടക്കും’
എന്ന ശിമയോന്റെ പ്രവചനം കേട്ടിട്ടും
ഹൃദയത്തിൽ നീയതു സംഗ്രഹിച്ചു

പിന്നൊരു നാളിൽ തൻ പന്ത്രണ്ടുകാരനാം
പൊൻപുത്രനെ തേടി ഉഴറിയപ്പോൾ
ദേവാലയത്തിങ്കൽ, ജ്ഞാനികൾ മധ്യത്തിൽ
മറുചോദ്യം തന്നിലേക്കെയ്തപ്പോഴും
ഇടനെഞ്ചു പൊട്ടിയ ദുഃഖസമുദ്രത്തെ
ഹൃദയത്തിൽതന്നെ നീ സംഗ്രഹിച്ചു
പലപല ദേശത്തെ വൻ ജനക്കൂട്ടങ്ങൾ
തൻപുത്രനെ തേടി വന്നപ്പോഴും

ഗുരുവും വൈദ്യനും അത്താണിയുമായി,
വിശ്വസിച്ചില്ലൊട്ടും തൻ ജനങ്ങൾ
ഒടുവിലാ ജനംതന്നെ ‘ക്രൂശിക്കവനെ’യെ-ന്നാർത്തു
വിളിപ്പതു കേൾക്കും നേരം

ഓമനപുത്രന്റെ ദാരുണ ദർശനം
ഉമിത്തീപോൽ നീറ്റിപ്പിടിച്ചു നിന്നെ.
മുൾക്കിരീടം ചൂടി നഗ്നശരീരനായ്
മൂന്നാണിയിൽ തൂങ്ങി ക്രൂശിതനായ്

ലോകത്തിൻ പിഴകൾക്കായ് സഹനത്തിൻ രൂപമായ്
ബലിമൃഗമായ് തീർന്ന മകനോടൊപ്പം
ദൈവകുമാരന്റെ ആ മഹാത്യാഗത്തിൽ
ഒപ്പം അലിഞ്ഞു നീ ക്രൂശിൻ ചോട്ടിൽ.

മൃതനായ തന്നുടെ പുത്രന്റെ ഹൃത്തടം
കുന്തത്താൽ കുത്തിപ്പിളർന്നപ്പോഴും
അമ്മേ, നീ പഠിപ്പിച്ചു: ‘സഹനം സ്നേഹമാണ്,
ക്ഷമയും ത്യാഗവും, വിശ്വാസവുമാണ്.

പുൽക്കൂട് തൊട്ടങ്ങു കാൽവരി മലയോളം
പിൻ ബലമായ്നിന്ന സഹരക്ഷകേ,
നിൻ പാദപത്മങ്ങൾ കണ്ണീരാൽ കഴുകീട്ട്
യാചിപ്പൂ ഏഴകൾ വിനയമോടെ.

ഇക്ഷിതിയിൽ വരും സഹനങ്ങളേൽക്കുവാൻ
ഇപ്പാപികൾക്കു നീ ശക്തി നൽകൂ.
ധർമമാർഗം വിട്ട് തമസ്സിൽ താഴുന്ന
മാലോകരെ കാക്കൂ നശിച്ചീടാതെ.



# അമ്മമാർ അറിയുവാൻ



**ലീലാമ്മ ബാബു**
കച്ചിറയ്ക്കൽ, പായിപ്പാട്
മാതൃസമാജം അതിഭദ്രാസന പ്രസിഡന്റ്

ഒരു സ്ത്രീക്ക് ലഭിക്കാവുന്നതിൽവച്ച് ഏറ്റവും ഉന്നതമായ വിളിയും ഭാഗ്യവുമാണ് അമ്മയാവുക എന്നുള്ളത്. മാതൃത്വം എന്നത് എല്ലാക്കാലത്തും നിരവധി വെല്ലുവിളികൾ നിറഞ്ഞതാണ്. ഒരു കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ട് കഷ്ടപ്പാടുകളും വേദനകളും പ്രാർത്ഥനയോടെ സഹിക്കുന്ന അമ്മ, ഒരു കുടുംബത്തിന്റെ മാത്രമല്ല ഒരു ദേശത്തിന്റെതന്നെ അമ്മയായി, ഐശ്വര്യമായി മാറും എന്നതിൽ സംശയമില്ല. ലോകം അറിയപ്പെടുന്ന വൻകാര്യങ്ങൾ ചെയ്യുന്നതിലൂടെയല്ല പിന്നെയോ തന്റെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ തങ്ങളുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭംഗിയായി നിർവ്വഹിച്ച നിരവധി അമ്മമാരെ കത്തോലിക്കാസഭ വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്.

മക്കളെ നന്നായി വളർത്തുന്നത് അത്ര നിസാരമായ കാര്യമല്ല. കുട്ടികളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ അപ്പന്റേയും അമ്മയുടെയും സ്വാധീനത്തിന് ഏറെ പങ്കുണ്ട്. വളർന്നു വരുന്ന ജീവിത സാഹചര്യങ്ങളും, കണ്ടുമുട്ടുന്ന ആളുകളും, ജീവിതാനുഭവങ്ങളും എല്ലാം ചേർന്നതാണ് ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്. വീട്ടിലെ ജോലികൾ അപ്പന്റെയോ അമ്മയുടെയോ മാത്രം ഉത്തരവാദിത്വം അല്ലായെന്ന് കുട്ടികളിൽ തിരിച്ചറിവ് ഉണ്ടാകണം. കുടുംബം എന്നത് കൂട്ടായ ഉത്തരവാദിത്വം ഉള്ളതാണ്, അതിനാൽ ചെറിയ ജോലികൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കാൻ അമ്മമാർ ശ്രദ്ധിക്കണം. ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ട് മക്കളെ വളർത്തണം. ദൈവീക അറിവും വിദ്യാഭ്യാസവുമാണ് മക്കൾക്ക് നൽകേണ്ടത്. അച്ചനമ്മമാരുടെ സമ്പാദ്യം കണ്ട് ആകരുത് കുട്ടികൾ വളരേണ്ടത്. അത് അവരെ പ്രയത്നിക്കുവാൻ അലസത ഉള്ളവരാക്കിത്തീർക്കും, സ്വന്തമായി സമ്പാദിച്ച് അതിലൂടെ ജീവിക്കുവാൻ അവരെ പഠിപ്പിക്കുക. ഇതിനായി അവർക്ക് നല്ല വിദ്യാഭ്യാസം നൽകുക.

അമ്മ എന്നാൽ ആരാണ് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാൻ പണ്ടത്തേക്കാൾ വളരെ പ്രയാസമാണിന്ന്. അമ്മ കുടുംബത്തിന് മുഴുവൻ പ്രകാശം പരത്തുന്ന വ്യക്തിയാണ്. കുട്ടികൾ അമ്മയുടെ തണലിൽനിന്നും മാറി സ്വന്തം കാലിൽ നില്ക്കാനാവുന്നതുവരെ എല്ലാ കാര്യങ്ങളിലും അമ്മ അവർക്ക് ആശ്രയമായിരിക്കണം. കുട്ടികൾ വലുതാകുംതോറും അമ്മയുടെ ശ്രദ്ധയും പരിലാളനവും കൂടുതൽ നൽകേണ്ടതുണ്ട്. അമ്മമാർ കുഞ്ഞുങ്ങളുമായി കൂടുതൽസമയം ചെലവഴിക്കുകയും അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി താനാണെന്ന് കുട്ടികൾ മനസ്സിലാക്കുകയും ചെയ്യണം. മക്കളുടെ ജീവിതഗതി തീരുമാനിക്കുന്നതിൽ അമ്മമാർക്ക് നല്ല പങ്കുണ്ടായിരിക്കണം. ശാസിക്കേണ്ട

പ്രായത്തിൽ ശാസിച്ചും, കൂട്ടുകാരായി വേണ്ടപ്പോൾ അങ്ങനെ പെരുമാറിയും, വഴി കാട്ടേണ്ടപ്പോൾ വഴികാട്ടിയായും അമ്മമാർ മാറണം. ശാരീരികവും മാനസികവുമായുള്ള സാമിപ്യം അമ്മമാർ കുഞ്ഞുങ്ങൾക്ക് നൽകണം. പ്രത്യേകിച്ചും വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ. പതിനെട്ടുമാസം വരെ ഏറെ പരിപാലന വേണ്ട സമയം. ഓരോ കുഞ്ഞിനും അവരുടെ ആവശ്യങ്ങൾ പരിചരിക്കുന്നതിലൂടെ അമ്മയും കുഞ്ഞും തമ്മിൽ ഒരു ഹൃദയബന്ധം ഉണ്ടാക്കുന്നു. സ്നേഹത്തിന്റെയും ആശ്രയത്തിന്റെയും ഒരു ആശയം, അത് കുഞ്ഞുങ്ങളിലേക്ക് എത്തിക്കുന്നു. പതിനെട്ടു മാസം മുതൽ അഞ്ച് വയസ്സ് വരെ കുഞ്ഞിന്റെ നീക്കങ്ങൾ, ചലനങ്ങൾ, സ്വഭാവം എന്തായിരിക്കണമെന്ന് അമ്മമാർ തീരുമാനിക്കുകയും, എന്തൊക്കെ എപ്പോഴൊക്കെ വേണം, വേണ്ട എന്നതിനെപ്പറ്റി അമ്മയും കുഞ്ഞും ചേർന്ന് തീരുമാനിക്കേണ്ട സമയവുമാണ്.

അഞ്ച് വയസ്സ് മുതൽ കൗമാര ആരംഭം വരെ ഒരമ്മയ്ക്ക് ഏറ്റവുമധികം വെല്ലുവിളികൾ നേരിടേണ്ടിവരുന്ന സാഹചര്യമുണ്ടാകാം. താല്പര്യങ്ങളെച്ചൊല്ലി അമ്മയുമായി മക്കൾ കലഹിക്കുന്ന സമയം, അമ്മ തങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ട എന്ന് മക്കൾക്ക് തോന്നുന്ന പ്രായം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അമ്മമാർ അവരെ കൂടുതൽ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യണം. അമ്മയാവുക എന്നത് അത്ര പ്രയാസമുള്ള കാര്യമല്ല, എന്നാൽ മാതൃത്വം എന്നത് എളുപ്പമുള്ള ഒന്നല്ല. അറിവും മാതൃകാപരമായി കാര്യങ്ങൾ ചെയ്യുന്നവളുമായ അമ്മയാവുക എന്നത് ശ്രമകരമായ കാര്യമാണ്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽകൂടി കടന്നുപോകുന്നവരാണ് നാമൊക്കെ. അതിൽ ശിശുപരിപാലനകാലം തന്നെയാണ് പ്രാധാന്യം അർഹിക്കുന്നത്. അമ്മമാർ മക്കളെ മൂല്യബോധത്തോടെ വളർത്തി ഭാവിയിലെ പ്രശ്നങ്ങളെ നേരിടാനുള്ള കരുത്തും, വിദ്യാഭ്യാസവും അവർക്ക് നൽകണം. ആദ്യം ആശ്രയം, പിന്നീട് സ്വാതന്ത്ര്യം. അങ്ങനെ പരസ്പരാശ്രയം വരെയുള്ള വിവിധ ഘട്ടങ്ങളിലൂടെ അമ്മമാർ കടന്നുപോകണം. ഇതിനുള്ള ഉൾക്കരുത്ത് സർവ്വേശ്വരനിൽനിന്ന് ചോദിച്ച് വാങ്ങണം. അമ്മയുടെ പ്രാർത്ഥനാജീവിതം മക്കൾക്ക് മാതൃകയാകണം.





## പ്രബോധനം – ഏപ്രിൽ

**ഏപ്രിൽ 5 – ഓശാന ഞായർ**

**യോഹന്നാൻ 12: 12 – 19**

### ജറുസലേം നഗരത്തിലേക്കുള്ള രാജകീയ പ്രവേശനം

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

കൂറ്റൻ പ്രകടനങ്ങൾക്കും റാലികൾക്കും പഞ്ഞമില്ലാത്ത നാടാണ് നമ്മുടേത്. ഒരുവശത്ത് രാഷ്ട്രീയ പാർട്ടികളുടെ ശക്തിപ്രകടനം; മറുവശത്ത് മതസംഘടനകളുടെ ഭക്തിപ്രകടനം! കലാസാംസ്കാരിക ജാഥകൾ, കായിക മാമാങ്കങ്ങളുടെ വിളംബരഘോഷയാത്രകൾ, .....പട്ടിക നീളുന്നു. ജനങ്ങളുടെ ഏകോപനമാണ് ലക്ഷ്യം; പക്ഷേ വിഭാഗീയതയുടെ പരസ്യസാക്ഷ്യമായാണ് അവയിൽ പലതും അവസാനിക്കുന്നത്. പണവും മറ്റ് ആകർഷണങ്ങളും നല്കി ആളെ കൂട്ടുന്നതിനാൽ ഇവയെ "വെറും പ്രകടനങ്ങൾ" എന്നു വിളിക്കുന്നതിൽ തെറ്റില്ല. കൊച്ചുകുട്ടികൾ അലമുറയിട്ടു കരഞ്ഞും നിലത്തു കിടന്നുരുണ്ടും കാര്യം സാധിക്കുന്ന പ്രാകൃത മനഃശാസ്ത്രത്തിന്റെ സാമൂഹ്യവല്ക്കരണമാണ് ഇന്നു നാം കാണുന്ന റാലികളും പ്രകടനങ്ങളും എല്ലാംതന്നെ.

1. നോക്കൂ, ലോകം അവന്റെ പിന്നാലെ പോയി (12:19)

കാലവർഷമേഘം പോലെ വളരെ സ്വാഭാവികമായി ഒത്തുകൂടിയ ജനാവലിയുടെ അകമ്പടിയോടെയാണ്, തന്റെ പിതാവിന്റെ ഭവനമായ ജറുസലേം ദേവാലയത്തിലേയ്ക്കും അവിടെനിന്ന് സ്വർഗ്ഗീയ ജറുസലേമിലേയ്ക്കും യേശു കടന്നുപോയത്. ഏതു ചേറ്റുകുഴിയിൽ കിടന്നാലും രത്നത്തിന്റെ ശോഭയും മൂല്യവും നഷ്ടമാകാത്തതുപോലെ, പുല്ക്കൂട്ടിലാണ് പിറവിയെങ്കിലും താൻ പ്രവർത്തിച്ച കാരുണ്യ പ്രവൃത്തികളാൽ ആകൃഷ്ടരായി ഓശാന വിളികളുമായി (നാഥാ, ഞങ്ങളെ രക്ഷിക്കണമേ) തന്റെ പിന്നാലെ ഓടിക്കൂടിയ വലിയ ജനാവലിയെ കണ്ട് സ്തബ്ധരായിപ്പോയ യഹൂദപ്രമാണികൾ സ്വയം പറഞ്ഞു പോയി: നോക്കൂ, ലോകം അവന്റെ പിന്നാലെ പോയി.

2. ദ്വന്ദ്വഭാവമുണ്ട്, പക്ഷേ ആരുടെയും പ്രതിദ്വന്ദിയല്ല

ഈശോയുടെ വാക്കുകളിലും പ്രവൃത്തികളിലുമെല്ലാം വൈരുദ്ധ്യാത്മകമായ ദ്വന്ദ്വഭാവങ്ങൾ കാണാം. കുരിശിലെ പീഡാനുഭവങ്ങളിൽനിന്ന് മഹത്തായ ഉത്ഥാനത്തെ തിരിച്ചറിയുവാൻ ആർക്കാണ് കഴിയുക? തന്റെ മഹദ്വചനങ്ങളിലെല്ലാം ഈ ദ്വന്ദ്വഭാവം പ്രകടമാണ്. "സ്വയം താഴ്ത്തുന്നവനാണുയർത്തപ്പെടുക"; "പിമ്പന്മാർ മുമ്പന്മാരും, മുമ്പന്മാർ പിമ്പന്മാരുമാകും"; "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനാണ്"; "എന്റെ അനുഗാമി സ്വയം പരിത്യജിച്ച്, തന്റെ കുരിശു വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ"; "എന്നെപ്രതി തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവനത്രേ അത് നേടുന്നത്" – ഇങ്ങനെ എത്രയെത്ര ദ്വന്ദ്വഭാവമുള്ള വചനങ്ങൾ.

ഇവയിലൊക്കെ നാം കാണുന്ന വിചിത്രമായ വൈരുദ്ധ്യമെന്താണെന്നു ചോദിച്ചാൽ നാം തേടുന്നതിന്റെ നേർവിപരീത ഫലമാണ് നേടുന്നതെന്നുള്ളതാണ്. മഹത്വവും ആദരവും തേടി നടക്കുന്നവരോടു ലോകത്തിനു പുച്ഛമാണ്. എന്നാൽ, സ്വാർത്ഥമോഹങ്ങളുപേക്ഷിച്ച് ഈശോയുടെ ശിഷ്യത്വം സ്വീകരിക്കുന്നവർക്ക് ഈശോയുടെ മഹത്വത്തിൽ പങ്കുകാരാകാൻ കഴിയും. നാം പീഡകളന്വേഷിച്ച് നടക്കേണ്ടതില്ല. ആവശ്യക്കാരെ സഹായിക്കാനും, നൊമ്പരപ്പെടുന്നവർക്ക് സാന്ത്വനവും സമാധാനവും നൽകാൻ ശ്രമിക്കുമ്പോഴും അവ സ്വാഭാവികമായി വന്നുചേരും. സന്തോഷപൂർവ്വം സ്വീകരിച്ചാൽ

മതി. സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഷ്ടനഷ്ടങ്ങൾ സഹിക്കാതെ മാർഗ്ഗമില്ല. ഈ സഹനം സന്തോഷദായകമാകുന്നത് ക്രിസ്തുവിന്റെ മനോഭാവത്തോടെ അവയെ ഏറ്റെടുക്കുമ്പോഴാണ്. രക്ഷാകര രഹസ്യത്തിന്റെ വൈരുദ്ധ്യാത്മകത അനുഭവമാകുന്നതപ്പോഴാണ്. മാലോകരെല്ലാം മരിക്കുവാൻവേണ്ടി ജീവിക്കുമ്പോൾ, ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവൻ, നിത്യജീവനുവേണ്ടി നിരന്തരം മരിക്കുന്നു! ഇതൊരു വൈരുദ്ധ്യമല്ലേ? എങ്ങനെയാണിതിനെ മനസ്സിലാക്കുവാൻ കഴിയുക? ജീവിക്കുന്ന ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവർക്കല്ലാതെ ആർക്കാണ് ഇതിനെ തൃപ്തിയാംവണ്ണം വ്യാഖ്യാനിക്കാൻ കഴിയുക?

3. ഓശാനപ്പെരുന്നാളിൽ പ്രകടമാകുന്ന വൈരുദ്ധ്യാത്മകത

ഈശോയുടെ വാക്കുകളിലും പ്രവൃത്തികളിലും രക്ഷാകരപദ്ധതികളിലുമെല്ലാംതന്നെ പ്രകടമായിരുന്ന വൈരുദ്ധ്യാത്മകത ഏറ്റവും പ്രകടമായി കാണുന്നത് ജറുസലേം നഗരത്തിലേയ്ക്കുള്ള രാജകീയ പ്രവേശനത്തിലാണ്. ഓശാന, സന്തോഷത്തിന്റെ പെരുന്നാളാണ്, എന്നാൽ

1) ഏറ്റവും ആഹ്ലാദപൂർവ്വം ആചരിച്ചിരുന്ന കൂടാരപ്പെരുന്നാളിനെ അനുസ്മരിപ്പിക്കുന്ന ഈന്തപ്പനയുടെ "കുരുന്ന് ഓലകൾ" (കുരുത്തോല) – ഇളം കൈകൾ – വാസ്തവത്തിൽ പീഡാനുഭവ ആഴ്ചയിലേക്കുള്ള പ്രവേശനമാണ്. പീഡാനുഭവത്തിൽ ആർക്കാണാഹ്ലാദിക്കാനാകുക?

2) എണ്ണമറ്റ അനുയായികളുടെ അകമ്പടിയോടെയാണ് ആ സ്വീകരണ ഘോഷയാത്ര ജറുസലേം തെരുവീഥിയെ പ്രകമ്പനം കൊള്ളിക്കുന്നതെങ്കിലും, ഇനിയങ്ങോട്ട് തികച്ചും ഏകാകിയായി സഹനബലിവേദിയിലേയ്ക്ക് 'ജൈത്രയാത്ര' നടത്തുന്ന യേശുവിനെയാണ് കാണുക.

3) തന്റെ പൂർവ്വപിതാവായ മഹാനായ ദാവീദുരാജാവ് ദിഗ്വിജയം നേടി, വിജയശ്രീലാളിതനായി, കുതിരയെപൂട്ടിയ രഥത്തിൽ എത്രയോവട്ടം കടന്നുവന്ന തെരുവാണിത്. ഇതും ഒരു 'രാജകീയ നഗരപ്രവേശനം' ആണെങ്കിൽതന്നെ ഭാരം വഹിക്കുവാൻ നിയോഗം ലഭിച്ച കഴുതക്കുട്ടിയുടെമേൽ ഏറ്റവും വിനീതനായി ഇരുന്നാണ് ഈശോ വരുന്നത്. ഇതിൽ ഒരു വൈരുദ്ധ്യമില്ലേ?

4) ഒരു ഭൗതിക ഭരണാധികാരിയെപ്പോലെ ഈശോയെ ജനക്കൂട്ടം മുമ്പും എതിരേറ്റെങ്കിലും ഈശോ അതിൽനിന്നും വഴുതി മാറുകയാണ് ചെയ്തത്. ഈ സന്ദർഭത്തിലും ഈശോയെ നയിച്ചത് ഐഹികഭരണമോഹമല്ല, പീഡാനുഭവത്തിലുള്ള ആനന്ദമായിരുന്നു.

5) നാഥാ! ഇപ്പോൾതന്നെ ഞങ്ങളെ രക്ഷിക്ക (ഓശാന) എന്ന പ്രാർത്ഥനാപൂർവ്വമായ മുദ്രാവാക്യം ആർത്തുവിളിച്ച ജനക്കൂട്ടം, റോമാഭരണത്തിന്റെ നുകം എടുത്തുമാറ്റാനാണ് ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും. പക്ഷേ, ഭൗതികദുർഭരണത്തിൽനിന്നല്ല ഏതു മനുഷ്യനെയും നിരന്തരം അലട്ടുന്ന പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽനിന്നു മനുഷ്യകുലത്തെ ഒന്നാകെ രക്ഷിക്കാനാണ് ഈശോ വഴിയൊരുക്കിയത്.

6) പൊതുജനാഭിപ്രായത്തെ പ്രതിരോധിച്ചുകൊണ്ട് ജീവിക്കുക എന്നത് പ്രായേണ ദുഷ്ക്കരമെന്നുതന്നെ പറയാം. എന്നാൽ ഈശോ ചെയ്തത് അതുതന്നെയാണ്. തന്റെ ദിവ്യശക്തിയെ ഭൗതിക നേട്ടങ്ങൾക്കായി വഴിതിരിച്ചു വിടാൻ അനേകം പ്രലോഭനങ്ങളുണ്ടായിരുന്നു. ഈ ഘോഷയാത്രയും അതിലൊന്നായി മാത്രമേ ഈശോ പരിഗണിച്ചുള്ളൂ. എന്നാൽ സഖറിയായുടെ പ്രവചനം നിറവേറ്റുവാൻ താൻ താല്പര്യപൂർവ്വം തയ്യാറാകുകയും ചെയ്തു! ദൈവനീതി നിലനിർത്താൻവേണ്ടി ത്യാഗം ചെയ്യാനാണ് ഈശോ തയ്യാറായത്.

നാം അവനുവേണ്ടി എന്താണ് ചെയ്യേണ്ടത്? മൂന്നു പ്രാവശ്യം ഓശാന എന്നു ഉറക്കെ വിളിച്ച് സംതൃപ്തരായാൽ മാത്രം പോര. അവൻ നമുക്ക് പകർന്നു നല്കിയ സനാതനമൂല്യങ്ങൾ മുറുകെ പിടിക്കാൻ എന്തു ത്യാഗം ചെയ്യാനും തയ്യാറാകണം. ഈ നോമ്പിലും, വിശേഷിച്ച് ഈ പീഡാനുഭവവാരത്തിലും നാം ഏറ്റെടുത്ത ത്യാഗങ്ങൾ, ഉയർപ്പുകാലത്തും തുടർന്നങ്ങോട്ടും അവന്റെ മൂല്യങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കാൻ നമുക്ക് ഉത്തേജനം നല്കട്ടെ. അവന്റെ പീഡകളാൽ നാം സൗഖ്യം പ്രാപിച്ചവരായി തീരട്ടെ. ഊശാന ബമ്റൗമ്മേ!

**ഏപ്രിൽ 12 – ഈസ്റ്റർ**

## ഉയിർപ്പ് നമ്മുടെ വിശ്വാസത്തിന്റെ അടിത്തറ
## വി. യോഹന്നാൻ 20: 1–10

**റവ. ഫാ. മാത്യു പൊട്ടുകുളത്തിൽ**

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പറയുന്നതുപോലെ "യേശു ഉയിർത്തെഴുന്നേറ്റില്ലായിരുന്നു എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാകുന്നു. ഞങ്ങളുടെ പ്രസംഗവും" (1 കോറി. 15:14). നമ്മുടെ നാഥനും കർത്താവുമായവൻ പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം വരിച്ച പൊൻസുദിനമാണ് ഉയിർപ്പുപെരുന്നാൾ. യേശുവിന്റെ ഉത്ഥാനം എങ്ങനെയാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി മാറുന്നത്? അവൻ ഈ ലോകത്തിൽ ആയിരുന്നപ്പോൾ നമ്മോട് സംസാരിച്ചു. "നിങ്ങൾ ഈ ആലയം നശിപ്പിക്കുവിൻ, ഞാൻ ഇത് മൂന്ന് ദിവസത്തിനകം പുന



രുദ്ധരിക്കും, മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏൽപിക്കപ്പെടുകയും അവർ അവനെ പീഡനങ്ങൾക്ക് വിധേയനാക്കുകയും വധിക്കുകയും മൂന്നാം ദിവസം അവൻ ഉയിർക്കുകയും ചെയ്യും....." ഈ പ്രവചനം യേശുനാഥന്റെ ഉയിർപ്പിലൂടെ പൂർത്തീകരിക്കുകയായിരുന്നു.

അതോടൊപ്പംതന്നെ യേശുനാഥന്റെ ഉയിർപ്പ് നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രതീക്ഷ തരുന്ന ഒന്നാണ്. നമ്മുടെ ഉത്ഥാനത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുമാണ്. യേശുവിന്റെ ഉത്ഥാനം. മരണം എല്ലാറ്റിന്റെയും അന്ത്യമല്ലെന്നും, നിത്യമായ ഒരു ജീവിതം മനുഷ്യനുണ്ടെന്നും കർത്താവിന്റെ ഉയിർപ്പ് നമ്മെ ഓർമ്മിപ്പിക്കുന്നു. വി. പൗലോസ് ശ്ലീഹാ റോമാ ലേഖനത്തിൽ ഇത് വ്യക്തമാക്കുന്നു (റോമ. 6:10). യേശു മരിച്ചു, പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചു. അവൻ ജീവിക്കുന്നു, ദൈവത്തിനുവേണ്ടി ജീവിക്കുന്നു. അതുപോലെ നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാകണം. ക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞു കൊള്ളുവിൻ. തൻമൂലം പ്രതീക്ഷയുടെ തിരുന്നാളാണ് ഉയിർപ്പ്. ക്രിസ്തീയ ജീവിതത്തിലെ നൊമ്പരങ്ങൾ, സഹനങ്ങൾ, ത്യാഗങ്ങൾ, കുറവുകൾ, കഷ്ടതകൾ ഇവയ്ക്കെല്ലാം അർത്ഥം നൽകുന്നത് നമുക്ക് ഉയിർപ്പുണ്ടെന്നുള്ള ബോധ്യമാണ്.

"നിദ്ര പ്രാപിച്ചവരുടെയെല്ലാം ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു (1 കോറി. 15:20). ക്രിസ്തുവിനോടൊപ്പം മരിച്ചവർക്കേ, ക്രിസ്തുവിനോടൊപ്പം ഉയിർക്കാൻ അവകാശം ഉള്ളൂ. ദുഃഖവെള്ളി പിന്നിട്ടാണല്ലോ ഉയിർപ്പു ഞായർ കടന്ന് വരുന്നത്. അതിനാൽ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടവർ പീഡാനുഭവത്തിന്റെ പാതയിൽക്കൂടി കടന്ന് പോയേ തീരൂ. ക്രിസ്തുവിന്റെ അമൂല്യരക്തത്താൽ വിലയ്ക്ക് വാങ്ങി അവന്റെ ഉത്ഥാന മഹത്വത്തിലേക്ക് വിളിച്ച് ചേർക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. അവന്റെ ഉത്ഥാനത്തിന്റെ മഹത്വം ദർശിക്കണമെങ്കിൽ മരിച്ചവരായി കഴിയാതെ ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഗുരുവും നാഥനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കുവാൻ കഴിയണം.

ഈലോകജീവിതം മാത്രം മുന്നിൽ കണ്ട് തിന്നും കുടിച്ചും ഈ ലോകജീവിതത്തിന്റെ സുഖത്തിൽ പങ്കുപറ്റി മുന്നോട്ട് പോകുന്നവർ മനസ്സിലാക്കേണ്ട ഒരു സത്യമാണ്, നിനക്ക് ഒരു ഉയിർപ്പ് ഉണ്ട് എന്ന ബോധ്യം. ഈ ലോകസുഖത്തിന്റെ പുറകേ പോയി നശിപ്പിക്കാനുള്ളതല്ല നിന്റെ ജീവിതം. ഉത്ഥാനം ചെയ്ത കർത്താവിലേക്കുള്ള വളർച്ചയാണ് ഈസ്റ്റർ. അവന്റെ മുറിവിലേക്ക് നമ്മുടെ മുറിവുകളെ ചേർത്ത് വയ്ക്കുന്നതാണ് ഈസ്റ്റർ. അങ്ങനെ ഈസ്റ്ററിന്റെ സാക്ഷ്യം ഉൾക്കൊണ്ട് ഉത്ഥിതനിലേക്ക് നടന്ന് അടുക്കുമ്പോൾ ക്രിസ്തീയതയ്ക്ക്, ക്രിസ്തുവിന് ഒരു സാക്ഷിയായി മാറാൻ നമുക്ക് കഴിയും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ....

**ഏപ്രിൽ 19 – പുതുഞായർ**

## വി. യോഹന്നാൻ 20: 19 – 29

**റവ. ഫാ. തോമസ് പുതിയവീട്ടിൽ**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മൃതദേഹം കബറടക്കപ്പെട്ടതിന്റെ മൂന്നാം ദിവസം അതിരാവിലെ അവിടുത്തെ മൃതദേഹത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശാനായി മഗ്ദലനമറിയവും സുഹൃത്തുക്കളും കബറിടത്തിലേക്ക് ഓടിചെല്ലുമ്പോൾ അവർ കണ്ട കാഴ്ച, കല്ലറ തുറന്ന് കിടക്കുന്നതും യേശുവിന്റെ മൃതദേഹം അപ്രത്യക്ഷമായതുമാണ്. അപ്പസ്തോലന്മാരെ അക്കാര്യം അറിയിച്ചിട്ട് തിരിച്ച് കല്ലറയ്ക്കലേക്കു വരുമ്പോൾ ഉത്ഥാനം ചെയ്ത മിശിഹാ മഗ്ദലനമറിയത്തിനു പ്രത്യക്ഷനായി (യോഹ. 20:14). അവൾ യേശുവുമായി സംസാരിച്ചു കഴിഞ്ഞപ്പോൾ ശ്ലീഹന്മാരോട് തന്റെ ദൗത്യം, താൻ ഉയിർത്തതും, പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്യുകയാണെന്നും പറയാൻ ചുമതലപ്പെടുത്തുന്നു (യോഹ. 20:18). അവൾ അതിൻപ്രകാരം ശ്ലീഹന്മാരോട് ഇക്കാര്യമെല്ലാം പറഞ്ഞു. അന്നു വൈകിട്ടുതന്നെ അപ്പസ്തോലന്മാർക്ക് മറിയാം പറഞ്ഞതൊന്നും വിശ്വസിക്കാനാകാതെ യഹൂദരെ ഭയന്ന് കതകടച്ചു താമസിച്ച സ്ഥലത്ത്, ഉത്ഥാനം ചെയ്ത മിശിഹാ ചെന്ന് അവരോട്

സമാധാനം ആശംസിക്കുകയും, സഹനങ്ങൾക്കുശേഷം താൻ പുനരുത്ഥാനം ചെയ്തവനാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. അവർക്കു സമാധാനം കൊടുത്ത ശേഷം, അവരോട് അവരുടെ മഹത്തായ ദൗത്യം ഏല്പിക്കുന്നതാണ് നമ്മൾ യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നത് (20:21–23). അവിടുന്നു അവരുടെമേൽ പരിശുദ്ധാത്മാവിന്റെ ആവാസം തന്റെ നിശ്വാസത്തിലൂടെ നടത്തുന്നു. ലോകമെങ്ങുമുള്ളവരുടെ പാപം ക്ഷമിക്കുവാനും സുവിശേഷം പ്രസംഗിക്കുവാനും അവരെ അയയ്ക്കുന്നു. ഇന്നത്തെ സുവിശേഷവായനയുടെ ഒന്നാം ഭാഗത്ത് ഉയിർപ്പുദിവസം നടന്ന സംഭവങ്ങളുടെ ചുരുക്കമാണ് നമ്മൾ കേട്ടത്.

രണ്ടാം ഭാഗത്ത് ഉയിർപ്പിന്റെ എട്ടാംനാൾ നടന്ന, യേശുവിന്റെ മറ്റൊരു പ്രത്യക്ഷീകരണത്തെപ്പറ്റിയാണ് വിവരിക്കുന്നത്. പന്ത്രണ്ടുപേരിൽ ഒരുവനായ തോമസ് ഉത്ഥാനദിവസം യേശു പ്രത്യക്ഷപ്പെട്ടപ്പോൾ മറ്റു ശ്ലീഹന്മാരോടൊപ്പം ഇല്ലാതിരുന്നതുകൊണ്ട് അവർ തങ്ങളുടെ അനുഭവം അദ്ദേഹത്തോടു പറയുന്നു. പക്ഷേ തോമസ് അതു സ്വീകരിക്കുന്നതിനു പകരം, യേശുതന്നെ അവഗണിച്ചു കളഞ്ഞു എന്ന ചിന്തയിൽ വലിയൊരു വ്യവസ്ഥയാണ് വയ്ക്കുന്നത്, അവർ പറഞ്ഞതു സ്വീകരിക്കാൻ. യേശുവിന്റെ കൈകളിൽ ആണിപ്പഴുതുകൾ കാണണം, തന്റെ വിരലുകൾ അവയിലിടണം, അവന്റെ പാർശ്വത്തിൽ തന്റെ കൈകൾ വയ്ക്കണം. ഇത്രയും നടന്നാലെ വിശ്വസിക്കുകയുള്ളൂ എന്നാണ് കഠിനമായ വ്യവസ്ഥ. ഈ പറയുന്ന തോമ്മാ കർത്താവിന്റെ കുരിശിന്റെ അടുക്കൽനിന്ന് കർത്താവിന്റെ കയ്യിലെ ആണിപ്പഴുതോ, പാർശ്വത്തിലെ മുറിവോ കണ്ടവനല്ല. അതൊക്കെ മറ്റുള്ളവർ പറഞ്ഞ് അറിഞ്ഞതാണ്. പക്ഷേ നമ്മുടെ കർത്താവ് തോമസിന്റെ വ്യവസ്ഥ അതേപടി സ്വീകരിക്കുകയാണ് ചെയ്തത്. 12 പേരിൽ ഒരുവൻ, തന്നെ ഉപേക്ഷിച്ച് മരണം തേടി. രണ്ടാമതൊരാൾ കൂടി ഉള്ളപ്പോൾ യേശു അവർക്കു പ്രത്യക്ഷപ്പെടുകയാണ്. എല്ലാവർക്കുമായി സമാധാനം ആശംസിച്ചശേഷം തോമസിനെ അടുത്തേക്കു വിളിച്ചു പറഞ്ഞു, നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, എന്റെ കൈകൾ കാണുക. നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്കുക.

യേശുവിനെ കാണുന്നതിനുമുമ്പ് തോമ്മായുടെ ഒരാഴ്ചയെപ്പറ്റി നമുക്കല്പം ചിന്തിക്കാം. സമാധാനമോ സന്തോഷമോ സ്വസ്ഥതയോ എന്തെങ്കിലും ആ ഒരാഴ്ച അനുഭവിക്കാനായോ? മറ്റു പത്തുപേരും ആനന്ദിച്ചാഹ്ലാദിച്ചപ്പോൾ തന്റെ അവിശ്വാസത്തിന്റെ ഭീകരത അതിന്റെ പൂർണ്ണതയിൽ തോമാശ്ലീഹാ അനുഭവിച്ചു കാണും. കർത്താവിനോടുകൂടെ പോയി മരിക്കാം എന്ന് ഏതാനും ദിവസം മുമ്പു പറഞ്ഞ് മറ്റുള്ളവരെ ധൈര്യപ്പെടുത്തിയ യേശുവിന്റെ ഉത്തമസുഹൃത്തെന്നു പറയാവുന്ന തോമ്മാശ്ലീഹാ.

ഒരാഴ്ചയായപ്പോൾ യേശുവിന്റെ പ്രത്യക്ഷീകരണം സകല വേദനയും നീക്കി സന്തോഷത്തിന്റേയും, വിശ്വാസതീഷ്ണതയുടെയും സമ്മാനം കൈപ്പറ്റുന്നു. കർത്താവിന്റെ വിലാവിൽ കൈവിരൽ കടത്താൻ നമ്മുടെ കർത്താവു പറഞ്ഞെങ്കിലും കൈവിരൽ ഇട്ടതായി സുവിശേഷകൻ പറയുന്നില്ല. പകരം യഹൂദവിശ്വാസത്തിൽ ദൈവത്തെ വിളിക്കുന്ന രണ്ടു പേരുകൾ 'യാഹ്‌വേ' എന്നതും 'ആലോഹോ' എന്നതും ഒരുമിച്ചു ചേർത്ത് 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന് എക്കാലത്തുമുള്ള വിശ്വാസികൾക്ക് ദൈവത്തെ ഭക്തിയോടെ വിളിക്കാനും പ്രാർത്ഥിക്കാനും തോമ്മായുടെ പ്രതികരണം സഹായകമായി.

ഇന്നത്തെ ചിന്തകൾ അവസാനിക്കുംമുമ്പ് നമ്മുടെ കർത്താവു വിളിച്ചു ചേർത്ത ശ്ലീഹന്മാരോരോരുത്തരും പ്രത്യേകം സാഹചര്യങ്ങളിൽ ജീവിച്ചവരും പ്രത്യേകതരം സ്വഭാവങ്ങൾ ഉള്ളവരും ആയിരുന്നുവെന്ന് ചിന്തിക്കുന്നതും നല്ലതാണ്. എല്ലാറ്റിനും പ്രതികരിക്കുന്ന പത്രോസ്, അവനോടുകൂടെ പോയി മരിക്കാം എന്നു പറയുന്ന തോമ്മാ, നസ്രത്തിൽ നിന്നെന്തെങ്കിലും നന്മവരുമോ എന്നു ചോദിക്കുന്ന നഥാനിയേൽ (ബർതലോമിയോ), വലതുവശത്തും ഇടത്തുവശത്തും ഇരിക്കാൻ വരം ചോദിച്ച യാക്കോബും യോഹന്നാനും, ചുങ്കസ്ഥലത്തിരുന്ന മത്തായി, അങ്ങെവിടെ താമസിക്കുന്നെന്ന് അന്വേഷിച്ചു പിറകേ പോയ അന്ത്രയോസും യോഹന്നാനും, കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്തായും ഒക്കെ ചേർന്ന കർത്താവിന്റെ ശിഷ്യസമൂഹം. ദൈവമാണ് തന്റെ ശുശ്രൂഷകരെ എക്കാലവും തെരഞ്ഞെടുക്കുന്നതെന്ന വലിയ പാഠവും ഇന്നത്തെ സുവിശേഷ ഭാഗത്തുനിന്ന് നമുക്ക് പഠിക്കാം.

**ഏപ്രിൽ 26 – ഞായർ**

## യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു
## വി. യോഹന്നാൻ 21: 1–14

**റവ. ഫാ. മാത്യു ചിറയിൽ**

ഉത്ഥിതനായ യേശു തന്റെ ശിഷ്യർക്ക് സ്വയം വെളിപ്പെടുത്തിയ ഒരു രംഗമാണ് സുവിശേഷഭാഗം. മൂന്നാം പ്രാവശ്യം വെളിപ്പെടുത്തി എന്ന് എടുത്തു പറയുന്നു. ഇവിടെ നഷ്ടപ്പെട്ട ശിഷ്യത്വത്തിൽ പുനരുദ്ധരിക്കപ്പെടുന്ന ഒരനുഭവമായി ഇത് അവതരിപ്പിക്കപ്പെടുന്നു എന്നതാണ്. മിശിഹാനുഭവവും ശിഷ്യത്വവും തമ്മിലുള്ള

ബന്ധം മനസിലാക്കുവാൻ ഈ സംഭവം സഹായിക്കും.

### പ്രതിസന്ധിയിലായ ശിഷ്യത്വം

പത്രോസിന്റെ നേതൃത്വത്തിൽ 7 ശിഷ്യന്മാരെപ്പറ്റിയാണ് ഇന്നത്തെ സുവിശേഷത്തിൽ പരാമർശിച്ചിരിക്കുന്നത്. 7 എന്ന സംഖ്യ പൂർണതയുടെ പ്രതീകമാണ്. ഇത് ശ്ലൈഹിക കൂട്ടായ്മയിലുള്ളവരുടെ ശിഷ്യത്വത്തെ പ്രതിനിധീകരിക്കുന്നു. തോമാശ്ലീഹാ 3 ഇടങ്ങളിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയായി കാണപ്പെടുന്നു. നഥാനിയേൽ പ്രത്യേകമായ അനുഭവംവഴി വിളിക്കപ്പെട്ടു. സെബദിപുത്രന്മാരിൽ യോഹന്നാൻ യേശു സ്നേഹിച്ച ശിഷ്യനായിരുന്നു. വേറെ രണ്ട് ശിഷ്യന്മാർ എന്നു പറയുന്നത് അന്ത്രയോസും, പീലിപ്പോസുമാണ്. 7 ശിഷ്യരിൽ 3 പേർ സാർവ്വത്രിക സഭയുടെ ത്രിമാന പാരമ്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു. പത്രോസ് ലത്തീൻ സഭാപാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നു. അന്ത്രയോസ് ഗ്രീക്കും, തോമസ് സുറിയാനി സഭാപാരമ്പര്യത്തെയും പ്രതിനിധീകരിക്കുന്നു. ഇവർ ഉത്ഥിതനായ യേശുവിനെ കണ്ടു എന്നതിലാണ് ശ്ലൈഹികമായ ആധികാരികത നിലകൊള്ളുന്നത്. എന്നാൽ ഇവർ ശിഷ്യത്വത്തിൽനിന്ന് മാറി മീൻ പിടിക്കുവാൻ പോയി. എന്നാൽ അവരുടെ അദ്ധ്വാനം ഫലം നൽകിയില്ല. ശിഷ്യത്വം എന്നത് യേശുവിന്റെ കൂടെ ആയിരിക്കുന്ന അവസ്ഥയാണ്. താൻ മുന്തിരിച്ചെടിയാണെന്നും, ശിഷ്യർ ശാഖകളാണെന്നും യേശു പഠിപ്പിച്ചു. ശിഷ്യത്വം ഉപേക്ഷിച്ച് തനിയെ നടത്തിയ അദ്ധ്വാനം തികച്ചും ഫലശൂന്യമായിരുന്നു.

### ശിഷ്യരെ തേടിവരുന്ന യേശു

യേശു അവരോട് ചോദിച്ചു, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? രണ്ട് വള്ളങ്ങൾ ഉണ്ടായിരുന്നതിൽ പത്രോസിന്റെ വള്ളത്തിലാണ് യേശു കയറിയത്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്ന് മനസിലാക്കിത്തന്നെയാണ് യേശു വള്ളത്തിൽ കയറിയത്. തന്റെ ഇല്ലായ്മ മനസിലാക്കി അവിടെ വന്ന് ഇല്ലായ്മയെ ഉള്ളായ്മയാക്കി മാറ്റിയ യേശുവിന്റെ സ്നേഹത്തിന്റെ മുൻപിലെ പത്രോസിന്റെ പ്രതികരണമായിരുന്നു 'കർത്താവേ എന്നിൽനിന്ന് അകന്നു പോകണമെ, ഞാൻ പാപിയാണ് എന്നത്. കുഞ്ഞുങ്ങളെ എന്ന യേശുവിന്റെ സംബോധന വാത്സല്യവും, കരുതലും സൂചിപ്പിക്കുന്നു.

ശിഷ്യർ യേശുവിനെ വിട്ടുപോയാലും അവിടുന്ന് ശിഷ്യരെ ഉപേക്ഷിക്കുകയില്ല. ശിഷ്യർ തള്ളിപ്പറഞ്ഞാലും അവിടുന്ന് തള്ളിപ്പറയുകയില്ല. യേശുവിന്റെ 2 സവിശേഷതകളാണ് സ്നേഹവും, വിശ്വസ്തതയും.

### വചനത്തിന്റെ ശക്തി

യേശു പറഞ്ഞു, "വള്ളത്തിന്റെ വലത് വശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും". അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല'. യേശുവിന്റെ വചനങ്ങൾ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. കാനായിലെ കല്യാണവിരുന്നിൽ യേശു പറഞ്ഞത് ചെയ്തപ്പോൾ വെള്ളം വീഞ്ഞായി മാറി. അത്ഭുതങ്ങൾ പ്രവർത്തിച്ചതു കണ്ട് യേശുവിൽ വിശ്വസിച്ചവരെ യേശു വിശ്വസിച്ചില്ല. അത്ഭുതങ്ങൾ യേശുവിന്റെ ദൈവത്വത്തിന്റെ അടയാളങ്ങൾ മാത്രമാണ്.

### വി. കുർബാനാനുഭവം

"യേശു പറഞ്ഞു, വന്ന് പ്രാതൽ കഴിക്കുവിൻ". യേശു വന്ന് അവർക്ക്, അപ്പവും മത്സ്യവും കൊടുത്തു. ഈ രംഗം വി. കുർബാനാനുഭവമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യത്തിലേക്ക് വിശ്വാസികളുടെ കണ്ണുകൾ തുറക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥലം വി. കുർബാനയുടെ ആഘോഷമാണ്. ഇത് കർത്താവാണെന്ന തിരിച്ചറിവ് ലഭിക്കുമ്പോൾ, അത് വി. കുർബാനാനുഭവമാകും.






എം.ജി യൂണിവേഴ്സിറ്റിയുടെ എം .സി.എ പരീക്ഷയിൽ ആദ്യ പത്തു റാങ്കുകളിൽ എട്ടും നേടിയ മാക്ഫാസ്റ്റിലെ വിദ്യാർത്ഥികൾ. **ആൻ ആനി റെജിക്ക് ഒന്നാം റാങ്കും, കൃപ തങ്കച്ചന് രണ്ടാം റാങ്കും, അർച്ചന അരവിന്ദന് നാലാം റാങ്കും, വീണ ഉപേന്ദ്രൻ, ബെൻസി ബേബി, മെറിൻ എം. തോമസ്, സേബ പി ജോർജ്, രമ്യ ആർ** എന്നിവർക്ക് അഞ്ചുമുതൽ ഒൻപത്വരെ റാങ്കുകളും യഥാക്രമം ലഭിച്ചു.

## അഭിനന്ദനങ്ങൾ..., ആശംസകൾ...





സി.ബി.സി.ഐ.യുടെ പ്രഥമ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്** പിതാവിനും, പുതുതായി റമ്പാൻസ്ഥാനം ലഭിച്ച **റൈറ്റ് റവ. കരിമ്പനാമണ്ണിൽ ഏബ്രഹാം റമ്പാനും** തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപത്തിന്റെയും ആശംസകൾ.



തിരുവല്ല അതിഭദ്രാസനത്തിലെ **റൈറ്റ് റവ. കരിമ്പനാമണ്ണിൽ ഏബ്രഹാം റമ്പാൻ** സ്ഥാനാഭിഷേകത്തിനുശേഷം ബാവാതിരുമേനിയോടും മറ്റ് പിതാക്കന്മാരോടുമൊപ്പം. അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ആശംസകൾ.



എം.സി.സി.എൽ.ന്റെ അതിരൂപതാ ഭാരവാഹികളായ **സ്റ്റീന മരിയ ജയൻ, മാലം** (പ്രസിഡന്റ്), **ആഞ്ചലോ ജോൺസ് മാത്യു**, ചുങ്കപ്പാറ (വൈസ് പ്രസിഡന്റ്), **അന്ന സി. ബിജു**, കത്തീഡ്രൽ (സെക്രട്ടറി), **അരുൺ വറുഗീസ്**, ചെങ്ങരൂർ (ജോ. സെക്രട്ടറി), **നമിത ബിനു**, പാമ്പാടി (ട്രഷറർ), എക്സിക്യൂട്ടീവ് അംഗങ്ങളായ **ജിബിൻ വറുഗീസ്** (എരുമേലി), **ബേസിൽ സന്തോഷ്** (കോട്ടയം), **ഐറിൻ സൂസൻ ജോസഫ്** (മല്ലപ്പള്ളി), **എഞ്ചൽ മരിയ അരുൺ** (നിരണം), **ഷീബ വിൽസൺ** (റാന്നി), **റോജോമോൾ എ.ജെ.** (തിരുവല്ല), **ജെബിൻ ജോസഫ് സണ്ണി** (കട്ടപ്പന) എന്നിവർ അഭി. പിതാവിനോടും, ഡയറക്ടർ **ഡോ. തോമസ്കുട്ടി** പതിനെട്ടിലച്ചനോടുമൊപ്പം.



**അഭി. ഏബ്രഹാം മാർ യൂലിയോസ്**
**മെത്രാപ്പോലീത്താ രചിച്ച**
**ബൈബിൾ പ്രതീകങ്ങൾ എന്ന പുസ്തകം**
**മോറാൻ മോർ ബസേലിയോസ്**
**കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ**
**പ്രകാശനം ചെയ്യുന്നു.**
**കെ.സി.ബി.സി. ബൈബിൾ കമ്മീഷനാണ്**
**പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.**

## വിവാഹ ഒരുക്ക സെമിനാർ 2020

### സ്ഥലം : ശാന്തിനിലയം, തിരുവല്ല

ഫോൺ : 0469 2603968, 9497462813, 9446270259

| | | | | |
|---|---|---|---|---|
| 2020 ഏപ്രിൽ | : | 14, 15, 16 | – | 28, 29, 30 |
| 2020 മെയ് | : | 12, 13, 14 | – | 26, 27, 28 |
| 2020 ജൂൺ | : | 9, 10, 11 | – | 23, 24, 25 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

# REMEMBRANCE - APRIL

Fr L. John
Date of Demise: 04 April 1973



Fr Samuel Nilackal
Date of Demise: 08 April 2002

ഏപ്രിൽ 08
**ലോറൻസ് മാർ അപ്രേം**
തിരുമേനിയുടെ ഓർമ്മ (1997)



ഏപ്രിൽ 28
**ഐസക് മാർ യൂഹാനോൻ**
തിരുമേനിയുടെ ഓർമ്മ (1987)






Fr Thomas Elavunkal
Date of Demise: 09 April 1998




Fr. Behanan Cherupalathil
Date of Demise: 10 April 2016



Fr Mathew Chempothinal
Date of Demise: 15 April 2002

## ആദരാഞ്ജലികൾ



ഫെബ്രുവരി 29-ാം തീയതി ദിവംഗതനായ
**വന്ദ്യ മണ്ണിക്കരോട്ട് ഗീവർഗീസ് കോർ എപ്പിസ്കോപ്പായ്ക്ക്**
ഐക്യദീപത്തിന്റെ ആദരാഞ്ജലികൾ.

## പ്രധാനപ്പെട്ട ദിവസങ്ങൾ – 2020 ഏപ്രിൽ

| | |
|---|---|
| ഏപ്രിൽ 03 | – നാല്പതാം വെള്ളി |
| ഏപ്രിൽ 05 | – ഓശാന ഞായർ, സാമൂഹ്യക്ഷേമ ദിനം |
| ഏപ്രിൽ 08 | – ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ (1997) |
| ഏപ്രിൽ 09 | – പെസഹാവ്യാഴം |
| ഏപ്രിൽ 10 | – ദുഃഖവെള്ളി |
| ഏപ്രിൽ 12 | – ക്യംതാ (ഉയിർപ്പു പെരുന്നാൾ) |
| | – അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ |
| ഏപ്രിൽ 19 | – പുതുഞായറാഴ്ച, സെമിനാരി ദിനം |
| ഏപ്രിൽ 28 | – അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ (1987) |

# പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 24-ാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് 2020 മാർച്ച് 2 മുതൽ 5 വരെ സഭാ ആസ്ഥാനമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. 3-ാം തീയതി സഭയിലെ സുന്നഹദോസ് കമ്മീഷൻ സെക്രട്ടറിമാരുമായും, 4-ാം തീയതി വിവിധ സന്യാസ സമർപ്പിത സമൂഹങ്ങളുടെ സുപ്പീരിയർമാരുമായും സുന്നഹദോസ് കൂടിക്കാഴ്ച നടത്തി. സുന്നഹദോസിനോടനുബന്ധിച്ച് മെത്രാൻമാർ സഭയുടെ വൈദിക പരിശീലനകേന്ദ്രമായ നാലാഞ്ചിറയിലെ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി സന്ദർശിച്ചു. സഭയുടെ അജപാലനപരമായ വിഷയങ്ങളും മറ്റു പൊതു വിഷയങ്ങളും സുന്നഹദോസ് ചർച്ച ചെയ്തു. വൈദിക പരിശീലനത്തിന്റെ പാഠ്യപദ്ധതിയും പരിശീലന പദ്ധതിയും പരിഷ്കരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ 2020 ഏപ്രിൽ 1, 2 തീയതികളിൽ സുന്നഹദോസ് വീണ്ടും സമ്മേളിക്കുന്നതാണ്. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ അധ്യക്ഷത വഹിച്ച സുന്നഹദോസിൽ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), ബിഷപ്പുമാരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. ജേക്കബ് മാർ ബർണബാസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, ഡോ. തോമസ് മാർ അന്തോണിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ഡോ ഏബ്രഹാം മാർ യൂലിയോസ് എന്നിവർ സംബന്ധിച്ചു.



**മാർച്ച് 16-ാം തീയതി വൈദികവസ്ത്രം സ്വീകരിച്ച തിരുവല്ല അതിഭദ്രാസനത്തിലെ 10 ശെമ്മാശന്മാർ അഭി. പിതാവിനോടൊപ്പം**

# Matrimonial

### Matrimony - M 310

തിരുവല്ല അതിഭദ്രാസനത്തിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 24 വയസ്സ്, 170 cm, M.Sc Mathematics. ജോലിയും സത്സ്വഭാവിയുമായ മലങ്കര കത്തോലിക്ക യുവാക്കളുടെ മാതാപിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Contact : 9947063358, 9207601038

### Matrimony - M 311

മലങ്കര കത്തോലിക്കാ യുവതി, തിരുവല്ല അതിരൂപത (24/158 cm) M.Tech. (Computer Science). ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9497665809, 9495706001

# ഉപകാരസ്മരണ



## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചുതരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

AST

# ഉപകാരസ്മരണ



## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന


മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചുതരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മഞ്ജു, റാന്നി**

ഏപ്രിൽ 12

**മോസ്റ്റ് റവ. ഡോ. ഏബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ**

**നാമഹേതുക തിരുനാൾ**





2020 മാർച്ച് 2 മുതൽ 5 വരെ സഭാ ആസ്ഥാനമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്ന
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 24-ാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസിൽ
സംബന്ധിച്ച അഭി. പിതാക്കന്മാർ, സഭയുടെ തലവനും പിതാവുമായ
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായോടൊപ്പം.

**AIKYADEEPAM MONTHLY**

Date of Publication : 22.03.2020
Price : ₹ 10/-

Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I. 35982/80
April 2020




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Issac Parapallil